
# TRICHUR ARCHDIOCESAN BULLETIN

SEPTEMBER 2015



81 YEARS OF PUBLICATION 1934-2015



സെപ്‌തംബർ 29ന്

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

**മാർ റാഫേൽ തട്ടിൽ പിതാവിന്**

**പ്രാർത്ഥനാശംസകൾ**

**TRICHUR ARCHDIOCESAN**

# Bulletin

പുസ്തകം : 82
സെപ്തംബർ 2015
ലക്കം : 9

## ഈ ലക്കത്തിൽ


- സർക്കുലർ 4
- കച്ചേരികാര്യം 13
- അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - സെപ്തംബർ 19
- സഹായമെത്രാന്റെ പരിപാടികൾ - സെപ്തംബർ 20
- നാളാഗമം 21
- നാമകരണനടപടികൾ 24
- സാമ്പത്തിക കാര്യാലയം 25
- വൈദികർ 34
- സന്യസ്തർ 36
- സ്ഥാപനങ്ങൾ 40
- സാന്ത്വനം 65
- സംഘടനകൾ 70


*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***
**Fr. Francis Aloor**

***Executive Editor***
**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

1520/2015 C - 8
30/07/2015

**സർക്കുലർ**

# അഭയം പാലിയേറ്റീവ് കെയർ

മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

പരി. പിതാവ് ഫ്രാൻസീസ് മാർപാപ്പ 2015 ഡിസംബർ 8 മുതൽ 2016 നവംബർ 20 വരെ കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യമാണല്ലോ ഇത്. കരുണയുടെ അസാധാരണ ജൂബിലി പ്രഖ്യാപിച്ച പരി. പിതാവ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ കരുണയുടെ മുഖമാണ് യേശുക്രിസ്തുവെന്ന് നമ്മെ ഉദ്ബോധിപ്പിക്കുന്നു (യോഹ.14/9). യേശു തന്റെ വാക്കുകളും പ്രവർത്തികളും തന്റെ മുഴുവൻ വ്യക്തിത്വവും കൊണ്ട് ദൈവത്തിന്റെ കാരുണ്യം വെളിപ്പെടുത്തുന്നു (കാരുണ്യത്തിന്റെ മുഖം).

മാമ്മോദീസായിലൂടെ ക്രിസ്തു ശരീരത്തിന്റെ ഭാഗമായി തീർന്നിരിക്കുന്ന നാം കരുണയുടെ പ്രവർത്തികളിലൂടെ ഈ കാലഘട്ടത്തിൽ ദൈവപിതാവിന്റെ കാരുണ്യത്തെ യേശുവിനെപോലെ മനുഷ്യരുടെ മുമ്പിൽ പ്രകാശിപ്പിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ജീവിതത്തിന്റെ വഴിത്താരയിൽ സ്വന്തം സഹോദരീസഹോദരന്മാരുടെ കണ്ണുകളിലേക്ക് ആത്മാർത്ഥതയോടെ നോക്കുന്ന ഏതൊരു വ്യക്തിയുടെയും ഹൃദയത്തിൽ വസിക്കുന്ന മൗലീക നിയമമാണ് കാരുണ്യമെന്ന് പരി. പിതാവ് നമ്മെ പഠിപ്പിക്കുന്നു. താൻ കണ്ടുമുട്ടിയവരുടെ ഹൃദയങ്ങളെ അവിടുന്ന് കാരുണ്യം കൊണ്ട് വായിക്കുകയും അവരുടെ ഏറ്റവും ആഴത്തിലുള്ള ആവശ്യങ്ങളോട് ആ കാരുണ്യം കൊണ്ട് അവിടുന്ന് പ്രത്യുത്തരിക്കുകയും ചെയ്തു (കാരുണ്യത്തിന്റെ മുഖം). യേശുക്രിസ്തുവിന്റെ മനുഷ്യഹൃദയങ്ങളിലേക്കുള്ള കാരുണ്യത്തിന്റെ ഈ നോട്ടം കരുണയുടെ ഈ ജൂബിലി വർഷത്തിൽ നാം ഓരോരുത്തരിൽ നിന്നും തിരുസഭ പ്രതീക്ഷിക്കുന്നുണ്ട്. കാരുണ്യത്തിനുള്ള സാക്ഷ്യമില്ലെങ്കിൽ ജീവിതം മരുഭൂമിയിൽ അടയ്ക്കപ്പെട്ടതുപ്പോലെ ഫലരഹിതവും തരിശുമാകുമെന്നും, കാരുണ്യത്തിനുവേണ്ടിയുള്ള ആനന്ദകരമായ വിളി ഒരിക്കൽ

ക്കൂടി ഏറ്റെടുക്കുവാനും അടിസ്ഥാനങ്ങളിലേക്ക് മടങ്ങുവാനും നമ്മുടെ സഹോദരി സഹോദരന്മാരുടെ ദൗർബല്യങ്ങളും പോരായ്മകളും വഹിക്കുവാനും സഭയ്ക്ക് സമയമായെന്ന് പരി. പിതാവ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

കുടുംബങ്ങളിൽ കുട്ടികൾ കുറയുന്നതുകൊണ്ട് ഓർഫനേജുകളുടെ എണ്ണത്തിൽ കുറവ് സംഭവിക്കുന്നുണ്ട്. ആധുനിക കാലഘട്ടത്തിൽ, കാരുണ്യപ്രവർത്തനങ്ങൾക്ക് പരമ്പരാഗതരീതികൾക്ക് പുറമെ കാലോചിതമായ സമീപനങ്ങൾ നാം സ്വീകരിക്കേണ്ടിയിരിക്കുന്നു. കരുണയുടെ പ്രവർത്തികൾ ഓരോ മനുഷ്യന്റെയും പ്രത്യേകമായ സാഹചര്യങ്ങളിലാണ് വ്യാഖ്യാനിക്കപ്പെടുന്നതും നിർണ്ണയിക്കപ്പെടുന്നതും. ആവശ്യത്തിൽ ഞെരുങ്ങുന്ന ഏതൊരു വ്യക്തിയുടെയും ഹൃദയത്തിലേക്ക് നോക്കി കാരുണ്യത്തിന്റെ സമകാലീന പ്രവർത്തകരാകാൻ നമുക്ക് തയ്യാറാകാം.

തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ നമ്മുടെ വൈദികരിലൂടെയും സമർപ്പിതരിലൂടെയും അത്മായ ശുശ്രൂഷകരിലൂടെയും നിരവധി കാരുണ്യപ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഓരോ ഇടവകയും സാമൂഹ്യക്ഷേമ സമിതികൾ രൂപപ്പെടുത്തി ഓരോ പ്രദേശത്തുമുള്ള സഹോദരങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരെ സഹായിക്കാൻ അതിരൂപത ഇടവകകളുടെ നേതൃത്വത്തിൽ നടപടികൾ ചെയ്ത് വരുന്നുണ്ട്. അതേസമയം കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷത്തിന്റെ സ്മാരകമായി അവശരായ വൃദ്ധരും, രോഗികളുമായ എല്ലാ സഹോദരങ്ങളെയും ഭവനങ്ങളിൽ ചെന്ന് ജാതിമത വ്യത്യാസങ്ങൾ കൂടാതെ പരിചരിക്കുവാൻ സാന്ത്വനപരിചരണ സംവിധാനം (Palliative Care) അതിരൂപതയിലെ എല്ലാ ഇടവക പരിധികളിലും രൂപപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിനുവേണ്ടി 'അഭയം പാലിയേറ്റീവ് കെയർ' എന്ന പേരിൽ സൊസൈറ്റി രജിസ്ററർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയാണ്. സാന്ത്വന പരിചരണപ്രവർത്തനങ്ങളുടെ സാധ്യതകളും പ്രശ്നങ്ങളും മനസ്സിലാക്കുന്നതിനു വേണ്ടി അഭയം പാലിയേറ്റീവ് കെയറിന്റെ പൈലറ്റ് പ്രോജക്ട് മാസങ്ങൾക്ക് മുമ്പ് ചെവ്വൂർ ഇടവകയിൽ ആരംഭിച്ചിരുന്നു. പല്ലിശ്ശേരിയിലുള്ള ഫ്രാൻസിസ്ക്കൻ സിസ്റ്റേഴ്സ് ഓഫ് സെന്റ് ക്ലെയർ കോൺഗ്രിഗേഷന്റെ ശാന്തിഭവൻ പാലിയേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കെയർ റിസർച്ച് ആന്റ് ട്രെയിനിംഗ്

എന്ന സ്ഥാപനമാണ് അഭയം പാലിയേറ്റീവ് കെയറിന് വേണ്ടി ചെവ്വൂർ ഇടവകയിലും മറ്റും സാന്ത്വനപരിചരണ പ്രവർത്തനങ്ങൾ നിർവ്വഹിച്ചു വരുന്നത്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ വഴി ഈ പ്രദേശങ്ങളിൽ ഇതിനോടകം ധാരാളം മനുഷ്യർക്ക് സാന്ത്വനമേകാൻ ഇടയായിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു.

ധനിക കുടുംബങ്ങളിൽ ഉൾപ്പെടെ രോഗികളായി കഴിയുന്ന നമ്മുടെ പ്രിയപ്പെട്ടവർ പലവിധ കാരണങ്ങളാൽ ആവശ്യമായ പരിചരണം ലഭിക്കാതെ വേദനിക്കുന്നുണ്ട് എന്ന് ഏതാനും ഇടവകകളിൽ നടത്തിയ സർവ്വേയിൽ നിന്നും വ്യക്തമായിട്ടുണ്ട്. അതേസമയം ഈ പ്രശ്നം പരിഹരിക്കുന്നതിനായി രോഗികളായവർക്ക് ഭവനകേന്ദ്രീകൃതമായി സാന്ത്വനപരിചരണം നൽകുന്നതിന് സന്നദ്ധരായ ധാരാളം കമ്മ്യൂണിറ്റി വളണ്ടിയർമാർ മുന്നോട്ട് വരുന്നുണ്ട് എന്നത് നമുക്ക് ആശ്വാസം നൽകുന്നതാണ്.

കാൻസർപോലുള്ള മാരകരോഗങ്ങളാൽ വേദനിക്കുന്ന നമ്മുടെ സഹോദരങ്ങളെ സാന്ത്വനം നൽകി ആശ്വസിപ്പിക്കാൻ അഭയം പാലീയേറ്റീവ് കെയറിന്റെ പ്രവർത്തങ്ങളിലൂടെ സാധിക്കുമെന്ന് ഞാൻ കരുതുന്നു. ആഗോള കത്തോലിക്കാ തിരുസഭ കരുണയുടെ ജൂബിലി വർഷം 2015 ഡിസംബർ 8 ന് ആരംഭിക്കുമ്പോൾ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകപരിധികളിലും അഭയം പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ പാലിയേറ്റീവ് സെന്ററുകൾ ആരംഭിക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. തൃശ്ശൂർ ആർച്ച്ബിഷപ്പ് ചെയർമാനായുള്ള ഈ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് അതിരൂപതാതലത്തിൽ ഒരു കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. അതിരൂപതാകാര്യാലയത്തിനടുത്ത് അഭയം പാലീയേറ്റീവ് കെയറിന്റെ സെൻട്രൽ ഓഫീസ് ആഗസ്റ്റ് 10 ന് ഉച്ചതിരിഞ്ഞ് 3:30 ന് തുറന്ന് പ്രവർത്തനം ആരംഭിക്കുകയാണ്.

ഓരോ ഇടവകയിൽ നിന്നും സാന്ത്വനപരിചരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഒരു പ്രതിനിധിയെ പ്രസ്തുത പരിപാടിയിലേക്ക് പറഞ്ഞുവിടുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. അതിരൂപതയിലെ എല്ലാ വൈദികരെയും, സന്യാസസമൂഹങ്ങളുടെ പ്രതിനിധികളെയും, പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും, ഇടവക സാമൂഹ്യക്ഷേമ ഏകോപനസമിതി അംഗങ്ങളെയും, വൈദ്യശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാരെയും, നഴ്സുമാരെയും,

സന്നദ്ധപ്രവർത്തകരേയും പ്രസ്തുത പരിപാടിയിലേക്ക് ഞാൻ ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

സാന്ത്വനപരിചരണപ്രവർത്തനങ്ങൾ ഇടവകകളിൽ ആരംഭിക്കുന്നതിന് അഭയം പാലിയേറ്റീവ് കെയറിന്റെ സെൻട്രൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഈ മേഖലയിൽ സന്നദ്ധ പ്രവർത്തനത്തിന് തയ്യാറുള്ള ഡോക്ടേഴ്സ്, നഴ്സുമാർ, വളണ്ടിയർമാർ എന്നിവർ അഭയത്തിന്റെ ഈ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. അതിരൂപതയുടെ ഓരോ മേഖലയിലും സാന്ത്വനപരിചരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ അഭയം പാലീയേറ്റീവ് കെയറിനെ സഹായിക്കുന്നതിനുവേണ്ടി സന്യാസസമൂഹങ്ങളും, പരിശീലനത്തിലായിരിക്കുന്ന വൈദീക-സന്യാസാർത്ഥികളും പ്രത്യേകം മുന്നോട്ട് വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വീടുകളിൽ രോഗികളായി കഴിയുന്നവർക്കും, അവശരായ വൃദ്ധമാതാപിതാക്കൾക്കും ഗൃഹപരിചരണം നൽകുന്നതിനുള്ള അഭയം പാലീയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണ ഏവരും നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

**തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത**

---

NB: ഈ സർക്കുലർ 2015 ആഗസ്റ്റ് 9 ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

1670/2015 C - 9
14/08/2015

## സർക്കുലർ

# മദ്യവിരുദ്ധസമിതി

മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കാറുള്ള നമ്മുടെ കൊച്ചുകേരളക്കര മദ്യപ്രദേശായി മാറിയിരിക്കുകയാണല്ലോ. ഒട്ടേറെ കുടുംബ കലഹങ്ങളുടെയും വാഹനാപകടങ്ങളുടെയും മുഖ്യകാരണം മദ്യപാനമാണെന്ന് അറിയാത്തവരില്ല. മദ്യപിശാചിനെ ആട്ടിയോടിക്കാനുള്ള ശ്രമങ്ങൾ ഇന്നോ ഇന്നലെയോ അല്ല സഭ സമാരംഭിച്ചത്. 1599ലെ ഉദയംപേരൂർ സൂനഹദോസിൽ പിതാക്കന്മാർ പ്രഖ്യാപിച്ചു: 'മദ്യം വാങ്ങരുത്, വില്ക്കരുത്, ഉണ്ടാക്കരുത്' (ഡിക്രി 16). 1960കളിൽ രൂപീകരിക്കപ്പെട്ട ക്രൈസ്തവ മദ്യവർജ്ജനസമിതി ഈ രംഗത്ത് വലിയ സേവനം അനുഷ്ഠിച്ചു. നമ്മുടെ അതിരൂപതയിൽ 1997 ഒക്ടോബർ 2ന് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വച്ച് മാർ ജേക്കബ് തൂങ്കുഴി ഉദ്ഘാടനം നിർവഹിച്ച മദ്യവിരുദ്ധസമിതി ഊർജ്ജസ്വലമായി പ്രവർത്തിച്ചുവരുന്നുണ്ട്.

ഫൈവ് സ്റ്റാർ പദവിയില്ലാത്ത ബാറുകൾ പൂട്ടിയ ഇന്നത്തെ സാഹചര്യത്തിൽ കുടുംബങ്ങളിലും പൊതുസമൂഹത്തിലും അതിന്റെ സത്ഫലങ്ങൾ ഏറെ പ്രകടമാണ്. മദ്യപാനത്തിന്റെ തോതു കുറഞ്ഞുവെന്ന് വകുപ്പ് മന്ത്രിതന്നെ പ്രസ്താവിക്കുകയുണ്ടായി. ഈ മദ്യവിരുദ്ധതരംഗം, അനുകൂല സാഹചര്യം കൂടുതൽ മുതലാക്കുവാൻ നാം സന്നദ്ധരാകണം. മദ്യം നിയമം മൂലം നിരോധിക്കാൻ സർക്കാരിനേ കഴിയൂ. അതിന് ജനകീയസമ്മർദ്ദം ആവശ്യമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പിന് ഒരുങ്ങുന്ന അവസരമാണല്ലോ. മദ്യവിരുദ്ധ നിലപാട് പരസ്യമായി പ്രകടിപ്പിക്കുന്ന സ്ഥാനാർത്ഥികളെ മാത്രമേ നാം പിന്തുണയ്ക്കാവൂ. അതോടൊപ്പം വ്യക്തികളെ മദ്യവർജ്ജനത്തിന് നിരന്തരമായും നിർബന്ധമായും പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയും വേണം. കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ ഉപഭോഗം അപകടകരമായ വിധത്തിൽ വർദ്ധിക്കുകയാണ്. ഇത്തരം ദുശ്ശീ

ലങ്ങൾക്ക് അടിമപ്പെട്ടവരെ പിന്തിരിപ്പിച്ച് പുനരധിവസിപ്പിക്കേണ്ടത് നമ്മുടെ കടമയാണ് മറക്കാതിരിക്കുക. അടുത്ത തലമുറയെങ്കിലും ഈ രാക്ഷസീയ രോഗാവസ്ഥയിൽ വീണു നശിക്കുന്നത് തടയാൻ നാം ജാഗ്രതയോടെ വർത്തിക്കണം, നടപടികൾ കൈക്കൊള്ളണം. പുതിയ മദ്യപാനികൾ ഉണ്ടാകാതിരിക്കട്ടെ. ഇനിയും ഒരു കുടുംബം മദ്യപാനം കൊണ്ട് തകരാൻ പാടില്ല. അനാഥപൈതങ്ങളെയും വിധവകളെയും സൃഷ്ടിക്കുന്ന മദ്യ-മയക്കുമരുന്നു മരണ സംസ്കാരത്തിന് അറുതി വരുത്താൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. മദ്യവിമുക്തമായ സഭയും സമൂഹവുമാണ് നമ്മുടെ ലക്ഷ്യം.

മദ്യവിരുദ്ധസമിതിയുടെ വാർഷികാഘോഷം ഇത്തവണ അരങ്ങേറുന്നത് പുത്തൻപള്ളി ബസിലിക്കയുടെ ബേസ്മെന്റ് ഹാളിലാണ്. മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യുന്ന പ്രസ്തുത പരിപാടിയിൽ സാധിക്കുന്നവരൊക്കെ സംബന്ധിക്കണം. ഇതിനൊരുക്കമായി സെപ്തംബർ മാസം മദ്യവിരുദ്ധമാസമായി മദ്യവിരുദ്ധസമിതി ആചരിക്കുകയാണ്. സെപ്തംബർ 6ന് എല്ലാ യൂണിറ്റിലും പ്രത്യേക സമ്മേളനങ്ങൾ, 13, 20 തീയതികളിലായി 4 മേഖലാസമ്മേളനങ്ങൾ, ഒക്ടോബർ 2ന് വാർഷികം തുടങ്ങിയ പരിപാടികൾ ഇതുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്നുണ്ട്. മദ്യവിരുദ്ധസമിതിയുടെ പ്രവർത്തനങ്ങൾക്ക് ബഹു. വികാരിയച്ചന്മാരുടെയും സ്ഥാപനാധികൃതരുടെയും സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് ഞാൻ താത്പര്യപ്പെടുന്നു. ഈ വാർഷികവേളയിൽ മദ്യവിരുദ്ധസമിതിക്ക് എന്റെ ഹൃദയംഗമമായ ആശംസകൾ!

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

**തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത**

---

NB: ഈ സർക്കുലറിലെ ആശയങ്ങൾ 2015 സെപ്തംബർ 6ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

1675/2015
17.08.2015 C- 10

## സർക്കുലർ

# വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

ആഗോള കത്തോലിക്കാസഭയ്ക്ക് ദൈവം ദാനമായി നൽകിയ രണ്ടു വിശുദ്ധരുടെ സാന്നിധ്യംകൊണ്ട് കേരളസഭ ധന്യമായപ്പോൾ വി. എവുപ്രാസ്യാമ്മയെ നമുക്കു നൽകി നല്ലവനായ ദൈവം തൃശ്ശൂർ അതിരൂപതയെ ആദരിച്ചിരിക്കുന്നു എന്ന് എളിമയോടെ ഏറ്റുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. 2013 ഒക്ടോബറിൽ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ പൊതുദർശനവേളയിൽ പരി. പിതാവ് ഫ്രാൻസിസ് പാപ്പ പറഞ്ഞു: “അസാധാരണകാര്യങ്ങൾ ചെയ്യുന്നതിലല്ല വിശുദ്ധി അടങ്ങിയിരിക്കുന്നത്. പ്രവർത്തിക്കാൻ ദൈവത്തെ അനുവദിക്കുന്നതിനാലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നത്. വിശുദ്ധരാകാൻ നമുക്ക് ആഗ്രഹമുണ്ടോ? നമ്മെ സ്വീകരിക്കാൻ തുറന്ന കൈകളോടെ കർത്താവ് കാത്തിരിക്കുന്നു.”

വീരോചിതമായി സാധാരണജീവിതം നയിച്ച വി. എവുപ്രാസ്യാമ്മ സഹനങ്ങളെ ധീരതയോടെ അഭിമുഖീകരിച്ച് അതിൽ നിന്നെല്ലാം ഫലമെടുത്ത വിവേകമതിയായ ഒരു കന്യകയായിരുന്നു. വിദ്യാലയത്തിലെ കുഞ്ഞുമക്കൾക്ക് പ്രാർത്ഥിക്കാനൊരമ്മയായും, രോഗത്താൽ പീഢയനുഭവിക്കുന്നവർക്ക് ആശ്വാസമായും, മാനസികമായി തകർന്നവർക്ക് അത്താണിയായും, മാർഗ്ഗഭ്രംശം സംഭവിച്ചവർക്ക് വഴികാട്ടിയായും രൂപാന്തരപ്പെടാൻ തന്റെ ജീവിതത്തെ അവൾ കുരിശിനോട് ചേർത്ത് നിത്യപിതാവിന് സമർപ്പിച്ചു. ഓരോ വ്യക്തിയുടെയും സഹനങ്ങൾ സ്വന്തം ഹൃദയത്തിൽ ഏറ്റെടുത്ത എവുപ്രാസ്യാമ്മ പരി. അമ്മയെ കൂട്ടുപിടിച്ച് ദിവ്യകാരുണ്യസന്നിധിയിൽ തപസ്സിരുന്ന് തിരുസഭയ്ക്കുവേണ്ടി, തിരുസഭാതനയർക്കുവേണ്ടി ദൈവതിരുമുമ്പിൽ കണ്ണീരൊഴുക്കി പ്രാർത്ഥിച്ചു. നിരന്തരം നിർമ്മലമായ മനസാക്ഷിയുടെ ഉടമ

യായി ജീവിച്ച ഈ പുണ്യകന്യക പരിശുദ്ധാത്മാവിനാൽ നിരന്തരം നയിക്കപ്പെടാൻ സ്വയം വിട്ടുകൊടുത്തു എന്നതാണ് ആ ജീവിതത്തിന്റെ വിജയരഹസ്യം - ആ ജീവിതത്തിന്റെ ധന്യത.

യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ അതിരൂപതയിലെ പ്രഥമ വിശുദ്ധയായ എവുപ്രാസ്യാമ്മയുടെ ആദ്യതിരുന്നാൾ 2015 ആഗസ്റ്റ് 29ന് ഒല്ലൂർ വി. എവുപ്രാസ്യാ അതിരൂപതാതീർത്ഥകേന്ദ്രത്തിൽവച്ച് സാഘോഷം കൊണ്ടാടുന്ന വിവരം അറിയിക്കുന്നു. അതിനൊരുക്കമായി ആഗസ്റ്റ് 20 മുതൽ ആരംഭിക്കുന്ന നൊവേന ദിവസങ്ങളും തിരുനാളും, നമുക്ക് വി. എവുപ്രാസ്യാമ്മയുടെ ജീവിതവിശുദ്ധിയിൽ പങ്കുപറ്റാൻ ദൈവം ഒരുക്കിതരുന്ന വിശുദ്ധദിനങ്ങളായി മാറട്ടെ. ഈ ദിവസങ്ങളിൽ ഒല്ലൂർ വി. എവുപ്രാസ്യാമ്മയുടെ കബറിടത്തിൽ വന്ന് തിരുകർമ്മങ്ങളിൽ പങ്കുചേരാൻ നിങ്ങളെ ഓരോരുത്തരേയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. തൃശ്ശൂർ അതിരൂപതയിലെ ദൈവജനം മുഴുവനെയും എല്ലാ കുടുംബങ്ങളേയും വി. എവുപ്രാസ്യാമ്മയുടെ മധ്യസ്ഥം വഴി പിതാവായ ദൈവത്തിന് സമർപ്പിക്കുന്നു.

NB: വി. എവുപ്രാസ്യാമ്മയുടെ ത്യാഗോജ്ജ്വലമായ ജീവിതകഥ 'തപസ്വിനി, വിശുദ്ധ എവുപ്രാസ്യാ' എന്ന പേരിൽ 2015 ആഗസ്റ്റ് 31 മുതൽ രാത്രി 8:30ന് ശാലോം ടി. വി. യിൽ സീരിയലായി സംപ്രേഷണം ചെയ്യുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2015 ആഗസ്റ്റ് 23ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

+AT

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | | |
|---|---|---|---|
| സെപ്തംബർ | 1 | : | എട്ടുനോമ്പാരംഭം |
| | 4 | : | ആദ്യവെള്ളി |
| | 5 | : | വാഴ്ത്തപ്പെട്ട മദർ തെരേസ |
| | 6 | : | **ഏലിയാ സ്ലീവ മൂശ രണ്ടാം ഞായർ** |
| | 8 | : | പ. ക. മറിയത്തിന്റെ പിറവിത്തിരുനാൾ |
| | 12 | : | വി. ജോൺ ക്രിസോസ്തോം |
| | 13 | : | **ഏലിയാ സ്ലീവ മൂശ മൂന്നാം ഞായർ** |
| | 14 | : | വി. കുരിശിന്റെ പുകഴ്ച |
| | 20 | : | **ഏലിയാ സ്ലീവ മൂശ നാലാം ഞായർ** |
| | 21 | : | വി. മത്തായി ശ്ലീഹാ |
| | 26 | : | വി. വിൻസെന്റ് ഡി പോൾ |
| | 27 | : | **ഏലിയാ സ്ലീവ മൂശ അഞ്ചാം ഞായർ** |
| | 29 | : | മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ |
| | 30 | : | വി. ജെറോം |

**2. സെപ്തംബർ മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 02 | 07.30 pm | സാമ്പത്തികസമിതിയോഗം |
| 03 | 10:00 am - 04:00 pm | ആലോചനസമിതിയോഗം |
| 12 | 10:00 am - 02:00 pm | പാസ്റ്ററൽ കൗൺസിൽ യോഗം |
| 14 | 02:30 pm - 05:00 pm | വൈദിക സമിതിയോഗം |
| 20–25 | | വൈദികരുടെ വാർഷികധ്യാനം ഒന്നാം ബാച്ച് |
| 25 | 02:30 pm - 05:00 pm | ആലോചനസമിതിയോഗം |
| 27–02 | | വൈദികരുടെ വാർഷികധ്യാനം രണ്ടാം ബാച്ച് |
| 29 | | മാർ റാഫേൽ തട്ടിൽ പിതാവിന്റെ നാമഹേതുകതിരുനാൾ |

**3. ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ:**

ഏലിയ–സ്ലീവാ–മൂശക്കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും സൂചിപ്പിക്കുന്നു. സെപ്തംബർ 14–ാം തിയ്യതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. മിശിഹായുടെ രണ്ടാമത്തെ വരവിനു മുമ്പായി ഏലിയാ വരുമെന്നും (മലാക്കി

4:5) വിനാശത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തെറ്റിനെ ലോകത്തിനു ബോധ്യപ്പെടുത്തുമെന്നും ആദിമസഭ വിശ്വസിച്ചുപോന്നു. കർത്താവിന്റെ രൂപാന്തരീകരണവേളയിൽ അവിടത്തോടൊപ്പം ഏലിയായും ഉണ്ടായിരുന്നു വെന്ന വസ്തുത ഈ വിശ്വാസത്തിന് ആക്കം വർദ്ധിപ്പിച്ചു. കർത്താവിന്റെ രൂപാന്തരീകരണം അവിടത്തെ രണ്ടാമത്തെ വരവിന്റെ പ്രതീകവുമാണല്ലോ. രൂപാന്തരപ്പെട്ട സമയത്ത് മൂശയും അവിടത്തോടൊപ്പം ഉണ്ടായിരുന്ന തായിരിക്കാം സ്ലീവ നടുവിൽ വരത്തക്കവിധം ഏലിയാ- സ്ലീവാ- മൂശക്കാലങ്ങൾ രൂപപ്പെട്ടതിനു കാരണം. ലോകവസാനം, മരണം, അവസാനവിധി എന്നിവയാണ് ഈ കാലങ്ങളിലെ പ്രധാന വിഷയങ്ങൾ. അതോടൊപ്പം, പിശാചിന്റെ പ്രലോഭനങ്ങൾക്കെതിരെ ജാഗ്രത പുലർത്തി, പാപത്തെ തുടച്ചുമാറ്റാനുള്ള ആഹ്വാനവും നമുക്കു നൽകുന്നു.

മിശിഹായുടെ ദ്വിതീയാഗമനത്തിനുമുമ്പ് ആകാശമധ്യത്തിൽ മഹത്ത്വപൂർണ്ണമായി പ്രത്യക്ഷപ്പെടുമെന്ന് അവിടുന്ന് പറഞ്ഞിട്ടുള്ള അടയാളം (മത്താ:24:30) കുരിശാണെന്ന വിശ്വാസം ആദിമസഭയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് കുരിശിന്റെ ശക്തിയും വിജയവും ഈ കാലത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നുണ്ട്. കൂടാതെ നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ രാജാവിനുണ്ടായ കുരിശിന്റെ ദർശനവും തുടർന്നുള്ള അദ്ദേഹത്തിന്റെ വിജയവവും, അദ്ദേഹത്തിന്റെ അമ്മയായ ഹെലേനാ രാജ്ഞി കുരിശു കണ്ടെത്തിയ കാര്യവും ഈ കാലത്തെ പ്രാർത്ഥനകളിലും ഗീതങ്ങളിലും കാണുന്നു. ചെങ്കടലിനുമീതെ തന്റെ വടി നീട്ടികൊണ്ട് മൂശ ഇസ്രായേൽ ജനത്തിന് കടലിന്റെ നടുവിലൂടെ നല്ലൊരു വഴി കാട്ടിയതുപോലെ, സ്ലീവാവഴി മിശിഹാ പറുദീസയിലേക്ക് വഴികാട്ടി ത്തന്നുകൊണ്ട് മർത്ത്യകുലത്തെ രക്ഷിച്ചിരിക്കുന്നു. പറുദീസായിലെ ജീവന്റെ വൃക്ഷത്തോടും മോശ മരുഭൂമിയിൽ ഉയർത്തിയ പിച്ചള സർപ്പത്തോടും കുരിശിനെ ഉപമിച്ചുകൊണ്ട്, സ്ലീവാവഴി കൈവന്നിരിക്കുന്ന വിജയത്തിന്റെ മാഹാത്മ്യം ഈ കാലങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. വരാനിരിക്കുന്ന സ്വർഗ്ഗീയ സഭയുടെ ഒരു മുന്നാസ്വാദനംകൂടി ഇവിടെ നാം ദർശിക്കുന്നു.

**4. പ്രാർത്ഥനാശംസകൾ :**

സെപ്തംബർ 29ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപന ങ്ങളിലും വി.കുർബാനമധ്യേ പിതാവിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമപ്പെടുത്തുന്നു.

**5. ബഹു. വൈദികരുടെ മരണപത്രം തയ്യാറാക്കുമ്പോൾ:**

ബഹു. വൈദികർ തങ്ങളുടെ മരണപത്രം എഴുതി ആർച്ച്ബിഷപ്സ് ഹൗസിൽ അതിന്റെ ഒറിജിനൽ കോപ്പി സൂക്ഷിക്കേണ്ടതിന് നിർബന്ധമായും നൽകേണ്ടതാണ്. മരണപത്രം എഴുതുമ്പോൾ പരിചയമുള്ള രണ്ട് സാക്ഷികളുടെ പേരും വിശദാംശങ്ങളും ഒപ്പും ഉണ്ടായിരിക്കണം. മരണപത്രത്തിലെ കാര്യങ്ങൾ നടപ്പിലാക്കാൻ ഒരു എക്സിക്യൂട്ടറെ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. മരണപത്രം എഴുതുന്ന ആളുടെ ബന്ധുക്കളെയോ വൈദികരെയോ അതിരൂപതയിലെ അധികാരികളെയോ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. വളരെ വർഷങ്ങൾക്കു മുമ്പ് മരണപത്രം എഴുതിവച്ചിട്ടുണ്ടെങ്കിൽ ആർച്ച്ബിഷപ്സ് ഹൗസിൽ നിന്നും അത് വാങ്ങി പുതുക്കി നൽകേണ്ടതാണ്.

**6. വൈദികരുടെ വാർഷികധ്യാനം :**

അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനം സെപ്തംബർ 20 മുതൽ ഒക്ടോബർ 2 വരെ രണ്ടു ബാച്ചുകളിലായി നടക്കുന്നു. പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

**7. അതിരൂപത ബുള്ളറ്റിൻ (അതിരൂപത അവാർഡ് ദിനം, ആഗസ്റ്റ് ബുള്ള റ്റിൻ പേജ് 14) തിരുത്ത് :**

അതിരൂപതയിലെ ഇടവകകളിൽ അതിരൂപതാനിയമാവലി പ്രകാരം (അതി രൂപത നിയമാവലി, പേജ് 84) പള്ളിജീവനക്കാരായി സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ 2015 നവംബർ 14ന് നടത്തപ്പെടുന്ന അവാർഡ് ദിനത്തിൽ ആദരിക്കുന്നു. ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും അതിരൂപതാകാര്യാലയത്തിൽ നല്കേണ്ടതാണ്.

**8. കത്തോലിക്കാകോൺഗ്രസ്സ് :**

കത്തോലിക്കാകോൺഗ്രസ്സിന്റെ നയപ്രഖ്യാപനസമ്മേളനം സെപ്തംബർ 20ന് നടത്തപ്പെടുന്നു. പ്രസ്തുത സമ്മേളനം വിജയിപ്പി ക്കുന്നതിന് ബഹു. വൈദികരും സമർപ്പിതരും അത്മായരും സഹായ സഹകരണങ്ങൾ നൽകുമല്ലോ.

**9. അതിരൂപതാ അവാർഡ് ദിനം :**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2015 നവംബർ 14-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഡി.ബി.സി.എൽ. സി.യിൽ ആയിരിക്കും. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2014 നവംബർ 10 മുതലുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. **(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ്**

**ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).**

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും ം മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ **15-09-2015 നു** മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ - 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.

* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്.

* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.

* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ ഒക്ടോബർ 15നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org; www.sauhrudam.com).

**1. വിദ്യാഭ്യാസരംഗം**

2014-15 അധ്യയനവർഷത്തിൽ

**1.1** പ്ലസ് ടുവിനും വി. എച്ച്. എസ്. സി.ക്കും ആദ്യ ചാൻസിൽ മുഴുവൻ വിഷയങ്ങളിലും A+നേടിയിട്ടുള്ളവർക്ക് (Kerala State-A+, C.B.S.E - CGPA 10.0, I.C.S.E.- A+/Exceptional)

**1.2** ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.3** ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.4** സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

**1.5** കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

**2. കായികം**

**2.1** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ*

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം

രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**2.2** *സർവ്വകലാശാല കായികമത്സരങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

### 3. കലാസാഹിത്യ രംഗം

***3.1*** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ*

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

***3.2*** *സർവ്വകലാശാല യുവജനോത്സവങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

### 4. മറ്റു രംഗങ്ങൾ

***4.1*** സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

***4.2*** മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

***4.3*** അതിരൂപതയിലെ ഇടവകകളിൽ അതിരൂപതാനിയമാവലി പ്രകാരം (അതിരൂപത നിയമാവലി, പേജ് 84) പള്ളിജീവനക്കാരായി സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

**NB:**

**1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.**

**2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.**

**3. ഈ വർഷം മുതൽ എസ്. എസ്. എൽ. സി. ഫുൾ A+ കാറ്റഗറി ഒഴിവാക്കിയിരിക്കുന്നു.**

**9. വൈദികനിയമനം :**

1. ഫാ. ജോയ് വൈദ്യക്കാരൻ CMI – വികാരി ഇൻ ചാർജ്ജ് ആർത്താറ്റ്. സാധുത 2015 ആഗസ്റ്റ് 24 മുതൽ സെപ്തംബർ 16 വരെ.

2. ഫാ. ജിബിൻ താഴേക്കാടൻ – പഠനാവധി 2 വർഷം; സാധുത 2015 ജൂലൈ 13 മുതൽ.

**9. പ്രത്യേക നിയമനങ്ങൾ :**

**1. St. Joseph's MEMHSS, Kuriachira**

Board of Trustees:

1. Msgr. George Kombara (Vicar General)
2. V. Rev. Fr. Joy Mookken (Finance Officer)
3. Rev. Fr. Antony Chembakassery
 (Manager, Corporate Educational Agency)
4. Rev. Fr. Franco Kavakkatt (Vicar, Kuriachira Parish)
5. Mr. K. A.Porinchu (Vallachira)
6. Mrs. C. K. Lucy (Viyyur)

**മാർ റാഫേൽ തട്ടിൽ**
തൃശ്ശൂർ അതിരൂപത സഹായമെത്രാൻ




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| Date | Day | Time | Programme |
|---|---|---|---|
| 01 | Tue | Morning | Sacerdotal Golden Jubilee Celebration of Rev. Fr. Antony Mechery |
| 02 | Wed | Evening | Finance Council |
| 03 | Thu | Morning | Consulters' Meeting |
| 04 | Fri | | Engaged |
| 05 | Sat | Morning | Annual Gathering SAFP |
| | | Afternoon | Golden Jubilee Celebrations at FCC Convent, Perinchery |
| 06 | Sun | | **Pastoral Visit: Kozhukully** |
| 07 | Mon | | **For Priests & Religious** |
| 08 | Tue | Morning | Six Month Theology Course students at DBCLC |
| | | Evening | Holy Mass & Hall Blessing at Vylathur |
| 09 | Wed | Morning | Holy Mass at Marymatha Major Seminary |
| | | Evening | JMMC Trust Meeting |
| 10 | Thu | | **For the People** |
| 11 | Fri | Morning | Holy Mass at Minor Seminary |
| | | | Office Work |
| 12 | Sat | Morning | Pastoral Council |
| | | Afternoon | Engaged |
| **13** | **Sun** | | **Pastoral Visit: Mundathicode** |
| 14 | Mon | Afternoon | Priest Council |
| 15 | Tue | Morning | Holy Mass at Basilica (Feast) |
| 16 | Wed | | Engaged |
| 17 | Thu | | Engaged |
| 18 | Fri | | Prayer Day |
| 19 | Sat | | Jubilee Mass: Rev. Fr. Andrews Kuttikkatt |
| 20 | Sun | | **Annual Retreat of Priests' Begins** |
| 21 | Mon | | St. John's Board Meeting |
| 22 - 25 | | Tue | **CBCI Meeting** |
| 25 | Fri | Afternoon | Priest's Retreat ends – Holy Mass. |
| | | | Consulters' meeting |
| | | Evening | Navati Celebrations at Basilica, Thrissur |
| 26 | Sat | Morning | Golden Jubilee Celebration: Save a Family |
| | | | Engaged |
| 27 | Sun | | **Pastoral Visit: Vellarakad** |
| 27 - 30 | | Sun | **Annual Retreat of Priests' 2nd batch Begins** |




| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 01 | TUE | Morning | Holy Qurbana, Basilica: |
| | | | Jubilee Celebrations of Rev. Fr. Antony Mechery |
| 02 | WED | Morning | Class: Marymatha Major Seminary |
| 03 | THU | | Office work |
| 04 | FRI | | Office work |
| 05 | SAT | Morning | CMC Nirmala Province Day, Kolazhy |
| | | Evening | Golden Jubilee – Fr. Jose Thachil, Kuthiyathode |
| 06 | SUN | Morning | Holy Mass- Attupuram |
| | | Evening | Holy Mass & Eucharistic Procession - Basilica |
| 07 | MON | | Office work |
| 08 | TUE | Evening | Holy Mass - Nellankara |
| 09 | WED | | Office work |
| 10 | THU | Morning | St. Thomas College |
| 11 | FRI | Morning | Office work |
| 12 | SAT | Morning | Marathakara: Legion of Mary, Curia Inauguration Pastoral Council |
| 13-18 | SUN | Morning | Church History Seminar - Trivandrum |
| | | | Annual Retreat for Kottapuram Diocesan Priests |
| 19 | SAT | Afternoon | Kandassankadavu – 15th Anniversary Mathrusangam |
| 20-25 | SUN | Morning | MCYM Gathering - Thiruvalla |
| | | | Annual Retreat for Kottapuram Diocesan Priests |
| 26 | SAT | | Office work |
| 27 | SUN | | Basilica – *Navathi* Celebrations |
| 28 | MON | | Office work |
| 29 | TUE | | Office work |
| 30 | WED | Morning | Holy Mass- Varandarappilly Pallikkunnu |

# നാളാഗമം

ജൂലൈ– 2015

01. അഭിവന്ദ്യ താഴത്ത് പിതാവ് ആലുവ സെമിനാരി കമ്മീഷന്റെ ഭാഗമായി ആലുവ സെമിനാരി സന്ദർശനം നടത്തി.
02. അഭിവന്ദ്യ താഴത്ത് പിതാവ് കാക്കനാട് മൗണ്ട്. സെന്റ്. തോമസിൽ വച്ചുനടന്ന മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് പഴുഫൊറോനയുടെ മീറ്റിംഗിൽ പങ്കെടുത്തു.
03. സെന്റ്. തോമസ് ഡേ: അഭിവന്ദ്യ താഴത്ത് പിതാവ് പാലയൂർ ഇടവകയിൽ ദിവ്യബലിയ്ക്കും മറ്റു തിരുകർമ്മങ്ങൾക്കും നേതൃത്വം നൽകി. ഉച്ചതിരിഞ്ഞ് മൈനർ സെമിനാരിയിൽ വെച്ചുനടന്ന ഐക്യുമെനിക്കൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.
04. അഭിവന്ദ്യ താഴത്ത് പിതാവ് പള്ളിക്കുന്ന് ഇടവകയിൽ വെച്ചുനടന്ന അഞ്ചാമത്തെ കുട്ടിയുടെ മാമ്മോദീസയ്ക്കും വി. കുർബ്ബാനക്കും നേതൃത്വം വഹിച്ചു. അതിനുശേഷം ശാലോം ടി.വി ക്കുവേണ്ടി പ്രസംഗങ്ങൾ നൽകി. ഉച്ചതിരിഞ്ഞ് പറപ്പൂർ ഫൊറോന മീറ്റിംഗിൽ പങ്കെടുക്കുകയും പൊങ്ങണംകാട് ഇടവകയിൽ നടന്ന വാർഷിക ധ്യാനത്തിൽ അനുഗ്രഹ പ്രഭാഷണം നൽകുകയും ചെയ്തു.
05. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചതിരിഞ്ഞ് നടന്ന AKCC തെരഞ്ഞെടുപ്പിൽ പങ്കെടുത്തു.
06. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ MI Convent ന്റെ chapel blessing നടത്തുകയും ദിവ്യബലിക്കു മുഖ്യകാർമ്മികത്വം വഹിച്ചു. സ്ഥാപന directors ന്റെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് വടക്കാഞ്ചേരി ഇടവകയിൽവച്ചു നടന്ന ഫൊറോനയുടെ മീറ്റിംഗിൽ പങ്കെടുത്തു.
07. അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മിഷൻ ഹോസ്പിറ്റലിൽവെച്ചു നടന്ന മീറ്റിംഗിൽ പങ്കെടുത്തു. തിരൂർ പ്ലസ് ടു സ്കൂളിന്റെ ആശീർവ്വാദ കർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്ക് ഡി.ബി.സി.എൽ.സി യിൽവെച്ചു നടന്ന കോർപ്പറേറ്റ് എജുക്കേഷൻ ഏജൻസിയുടെ നേതൃത്വത്തിൽ നടന്ന അവാർഡ് ദിനത്തിന്റെ പൊതു മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. അതിനുശേഷം ഉച്ചതിരിഞ്ഞ് പട്ടിക്കാട് ഫൊറോനയുടെ മീറ്റിംഗിൽ പങ്കെടുത്തു.
08. അഭിവന്ദ്യ താഴത്ത് പിതാവ് ആമ്പല്ലൂർ പോളിടെക്നിക് കോളേജിൽവച്ചു നടന്ന മീറ്റിംഗിൽ പങ്കെടുത്തു. അതിനുശേഷം ഒല്ലൂർ മേഖലാടിസ്ഥാനത്തിൽ നടന്ന മീറ്റിംഗിലും പങ്കെടുത്തു. ഉച്ചതിരിഞ്ഞ് മറ്റം ഫൊറോന മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ്

രാവിലെ മഡോണനഗർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിന്റെ വജ്രജൂബിലി സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് ആഘോഷപരിപാടികളിൽ പങ്കെടുത്തു.

09 അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത മേജർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു. സോഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് എരുമപ്പെട്ടി ഫൊറോന മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് കെ. എസ്. ടി. യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം സെന്റ് മേരീസ് കോളേജിൽ വി. ബലിയർപ്പിച്ചു.

10 അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് ഒല്ലൂർ ഫൊറോനയുടെ മീറ്റിംഗിൽ പങ്കെടുത്തു.

11 അഭിവന്ദ്യ താഴത്ത് പിതാവ് പറപ്പൂർ ശാന്തിമന്ദിരം മഠത്തിൽ ദിവ്യബലിയർപ്പിച്ചു. വേലൂർ ഫൊറോനയുടെ മീറ്റിംഗിൽ പങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് സ്ഥാപന ഡയറക്ടേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചയ്ക്ക് മുല്ലശ്ശേരി ഗുഡ് ഷെപ്പേട് സ്കൂളിൽ നടന്ന പൊതു മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് പുത്തൂർ ഫൊറോനയുടെ മീറ്റിംഗിൽ പങ്കെടുത്തു.

14. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചതിരിഞ്ഞ് നടന്ന AKCC യുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. അതിനുശേഷം കണ്ടശ്ശാംകടവ് ഫൊറോനയുടെ മീറ്റിംഗിൽ പങ്കെടുത്തു.

17. അഭിവന്ദ്യ തട്ടിൽ പിതാവ് ബഹു. വർഗ്ഗീസ് കൂത്തൂർ അച്ചന്റെ അമ്മയുടെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു.

18. അഭിവന്ദ്യ തട്ടിൽ പിതാവ് ഡീ. ലെനിൻ ചക്രമാക്കിൽ OFM.Cap ന് തിരുപ്പട്ടം നൽകി. വൈകിട്ട് ചെങ്ങാലൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു.

19. അഭിവന്ദ്യ തട്ടിൽ പിതാവ് തൈക്കാട്ടുശ്ശേരി ഇടവകയിൽ വി. ബലിയർപ്പിച്ച് മതബോധനഹാളിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. പങ്ങാരപ്പിള്ളി പള്ളിയിൽ വി. അൽഫോൻസമ്മയുടെ തിരുശേഷിപ്പ് പ്രതിഷ്ഠ നടത്തി.

20. അഭിവന്ദ്യ തട്ടിൽ പിതാവ് വി. അൽഫോൻസമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഭരണങ്ങാനം തീർത്ഥകേന്ദ്രത്തിൽ വി. ബലിയർപ്പിച്ചു.

21. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ സെന്റ് ആൻസ് ഇടവകയിൽ നടത്തിയ കൺവെൻഷനിൽ വചനസന്ദേശം നൽകി.

23. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ വി. ബലിയർപ്പിച്ചു.
24. അഭിവന്ദ്യ തട്ടിൽ പിതാവ് സിനഡൽ വിസിറ്റിന്റെ ഭാഗമായി ആലുവ സി. എസ്. ടി. സെമിനാരി സന്ദർശിച്ചു.
25. അഭിവന്ദ്യ തട്ടിൽ പിതാവ് കൊട്ടേക്കാട് സെന്റ് ആൻസ് കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ജൂബിലി മിഷൻ ആശുപത്രിയിൽ നടത്തിയ സെമിനാറിൽ സംബന്ധിച്ചു. മഡോണനഗർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ബെനഫാക്ടർമാരുടെ കൂട്ടായ്മയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ പോൾ ആലപ്പാട്ട് പിതാവിന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു. പൊങ്ങണംകാട് ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് സെന്റ് എലിസബത്ത് സ്കൂളിലെ മെറിറ്റ് ഡേ ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു.
26. അഭിവന്ദ്യ തട്ടിൽ പിതാവ് ഒളരി ഇടവകയിൽ വി. ബലിയർപ്പിച്ച് പൊതുയോഗത്തിൽ പങ്കെടുത്തു. അതിരൂപത സി. എൽ. സി. യുടെ നേതൃത്വത്തിൽ ഇഗ്നേഷ്യ ലെയോള സ്മരണയോടനുബന്ധിച്ച് എരുമപ്പെട്ടി ഫൊറോനപള്ളിയിൽ നടത്തിയ ആഘോഷപരിപാടികളിൽ പങ്കെടുത്തു.
27. അഭിവന്ദ്യ തട്ടിൽ പിതാവ് ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ അക്കാദമികവർഷ ഉദ്ഘാടനത്തിൽ പങ്കെടുത്തു.
29. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ്. ആൻസിൽ വെച്ചു നടന്ന 100-ാമത് വിവാഹത്തിന്റെ പൊതുമീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻ സ്കൂളിൽ വച്ച് നടത്തിയ ജില്ലാതല രക്തദാന ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു. നെല്ലങ്കര ഇടവകയിൽ വി. ബലിയർപ്പിച്ചു.
30. വിയാനി ഡേ യോടനുബന്ധിച്ചു നടന്ന വൈദികസമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.
31. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തൃശ്ശൂർ ബസിലിക്കയിൽ വി. ബലിയർപ്പിച്ചു. ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തിയ ടീച്ചേഴ്സ് ഗിൽഡിന്റെ യോഗത്തിൽ പങ്കെടുത്തു. ഗുരുവായൂർ ലിസ്യു കോൺവെന്റിൽ സി. മൈക്കിൾ എഫ്. സി. സി. യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

# ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**രണ്ടാം ശനി ആചരണം**

സി.എസ്. സി. മരിയ പ്രവിശ്യാ നോവിസ് ആരാധനയ്ക്ക് നേതൃത്വം നൽകി. സിസ്റ്റർ നിസി സി.എസ്. സി. പ്രഭാഷണം നടത്തി. 'വചനം ഒരുവന്റെ ഉള്ള് വെളിപെടുത്തുന്ന മാധ്യമമാണ്. വചനം ജീവിച്ച വ്യക്തിയായ ഊക്കനച്ചന് അനേകരെ രക്ഷയിലേക്ക് നയിക്കാൻ സാധിച്ചു. നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും വ്യക്തികളിലും ഇന്ന് ദാരിദ്ര്യത്തിന്റെ അവസ്ഥ കാണുന്നുണ്ടെങ്കിൽ അത് പണത്തിന്റെ ദാരിദ്ര്യമല്ല, ക്രിസ്തുവില്ലാത്തതിന്റെ ദാരിദ്ര്യമാണ് (ആമോസ്. 08:11). ദൈവവചനത്തിന്റെ സ്പർശനമേറ്റവർ ഒരിക്കലും പഴയ ജീവിതത്തിലേക്ക് തിരിച്ചുപോകുന്നില്ല. വചനം ജീവിച്ചാൽ എല്ലാവരിലും കരുണയുടെ മുഖം ദർശിക്കാൻ കഴിയുന്നു. ഊക്കനച്ചൻ മധ്യസ്ഥവും ഈശോയുടെ അനുഗ്രഹവും വചനം ജീവിക്കാൻ നമുക്ക് സഹായകമാകട്ടെ. 10.30ന് അനുസ്മരണബലി കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥ പ്രാർത്ഥന, നേർച്ച, ഊട്ട്, വെഞ്ചിരിപ്പ്, എന്നിവക്ക് കാർമ്മികത്വം വഹിച്ചത് റവ. ഫാ. ഫ്രാൻസീസ് ആളൂർ (മേരിമാതാ മേജർ സെമിനാരി) ആണ്. ചൊവ്വന്നൂരിന് ദൈവം നൽകിയ നിധിയാണ് ഊക്കനച്ചൻ എന്ന ആമുഖത്തോടെ വചനസന്ദേശം ആരംഭിച്ച അച്ചൻ എന്നും ആനന്ദം നിറഞ്ഞ ജീവിതം നയിക്കാൻ, പ്രതീക്ഷ നിറഞ്ഞ ക്രൈസ്തവരായി ജീവിക്കാൻ പരിശുദ്ധാത്മാവിന്റെ കൃപാവരം നമ്മെ നിരന്തരം ശക്തിപ്പെടുത്തട്ടെയെന്ന് ഏവരേയും ഓർമ്മപ്പെടുത്തി.

## ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ

അറിയപ്പെട്ട ധ്യാനഗുരുവായ ദൈവദാസൻ തച്ചുപറമ്പിലച്ചൻ വചനശുശ്രൂഷകളിലൂടെ യേശുവിനെ സാക്ഷ്യം വഹിച്ചുവെന്ന് 31.07.2015 വെള്ളിയാഴ്ചയിലെ തിരുകർമ്മങ്ങൾക്ക് നേതൃത്വം കൊടുത്ത ഫാ. ജേക്കബ് എടക്കളത്തൂർ പ്രസ്താവിച്ചു. ധ്യാനയോഗം, കർമ്മയോഗം, ജ്ഞാനയോഗം, ഭക്തിയോഗം എന്നീ ഭാരതീയ ഈശ്വര സാക്ഷാൽക്കാരമാർഗ്ഗങ്ങൾ അച്ചന് പരിചിതമായിരുന്നു എന്ന് അദ്ദേഹം കൂട്ടിച്ചേർന്നു.

07.08.2015 വെള്ളിയാഴ്ചയിലെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകിയത് ചേലക്കര ഫൊറോന വികാരി വെ. റവ. ഫാ. റാഫേൽ താണിശ്ശേരി ആയിരുന്നു.

"ദൈവവചനം പാലിക്കുന്നവനിൽ സത്യമായും ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നു... ദൈവത്തിൽ വസിക്കുന്നുവെന്ന് പറയുന്നവൻ അവൻ നടന്ന അതേ വഴികളിലൂടെ നടക്കേണ്ടിയിരിക്കുന്നു" (1യോഹ 1: 5, 6) ഈ തിരുവചനം അനുസരിച്ച് അച്ഛൻ ജീവിച്ചു. ചേലക്കര പ്രദേശത്തെ വിവിധ മതസ്ഥർക്കും ജനവിഭാഗങ്ങൾക്കും തന്റെ സമ്പത്തും ജീവിതവും പങ്കുവെച്ചുകൊണ്ടാണ് യേശുവിന്റെ രക്ഷ ദൈവദാസൻ പ്രഘോഷിച്ചത്. രോഗബാധിതനായി കഴിയുമ്പോഴും തനിക്ക് ലഭിച്ച പ്രാർത്ഥനാസിദ്ധികൾ തന്റെ ജനത്തിനായി അന്തോണിയച്ചൻ പങ്കുവെച്ചിരുന്നു എന്ന് ബ. റാഫേൽ അച്ചൻ പ്രസ്താവിച്ചു.

**Fr. Paul Pulikkan**

(Postulator)

# സാമ്പത്തിക കാര്യാലയം

## 1. ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ

ഇടവകകളുടെ തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയത്ത് വരാതിരുന്ന ഇടവകകൾ എത്രയും വേഗം തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു.

**2. സെപ്തംബർ 7–ാം തിയതി മുതലാണ് സ്ഥാപനങ്ങൾ / സംഘടനകൾ/ പ്രസ്ഥാനങ്ങൾ തെരട്ട് കൊണ്ടുവരേണ്ടത്.**

| | | |
|---|---|---|
| 1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ | സെപ്തംബർ 7 | 10.00 am |
| 2. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്, വെസ്റ്റ് ഫോർട്ട് & ലിലിയൻ ഫോണ്ടസ് | സെപ്തംബർ 7 | 10.00 am |
| 3. സെ.ആൻസ്, വെസ്റ്റ് ഫോർട്ട് | സെപ്തംബർ 7 | 11.00 am |
| 4. സിസ്റ്റേഴ്സ് ഓഫ് സെ. ജോസഫ് ദി വർക്കർ (എസ്.എസ്.ജെ.ഡബ്ല്യൂ) | സെപ്തംബർ 7 | 11.00 am |
| 5. ഹോളി ചൈൽഡ് ഹുഡ് | സെപ്തംബർ 7 | 12.00 noon |
| 6. ഫ്രാൻസിസ്കൻ അസോസിയേഷൻ | സെപ്തംബർ 7 | 12.00 noon |
| 7. കുടുംബസമ്മേളനം | സെപ്തംബർ 8 | 10.00 am |
| 8. ചൈതന്യ ക്ലീനിക് | സെപ്തംബർ 8 | 10.00 am |
| 9. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം | സെപ്തംബർ 8 | 11.00 am |
| 10. ഡാമിയൻ എസ്റ്റേറ്റ് | സെപ്തംബർ 8 | 11.00 am |
| 11. ഡാമിയൻ ജൂബിലി ശാന്തിഗ്രാം | സെപ്തംബർ 8 | 12.00 noon |
| 12. ജൂബിലി മിഷൻ ഹോസ്പിറ്റൽ | സെപ്തംബർ 9 | 10.00 am |
| 13. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | സെപ്തംബർ 9 | 10.00 am |
| 14. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ് | സെപ്തംബർ 9 | 11.00 am |
| 15. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നേഴ്സിംഗ് | സെപ്തംബർ 9 | 11.00 am |
| 16. കെ.സി.എസ്.എൽ | സെപ്തംബർ 9 | 12.00 noon |
| 17. മാതൃസംഘം | സെപ്തംബർ 9 | 12.00 noon |
| 18. ബൈബിൾ അപ്പസ്തോലേറ്റ് | സെപ്തംബർ 10 | 10.00 am |
| 19. തൊഴിൽ അഭ്യസന പീഠം | സെപ്തംബർ 10 | 10.00 am |
| 20. സി.എൽ.എ, & സാക്രിസ്റ്റ്യൻസ് | സെപ്തംബർ 10 | 11.00 am |
| 21. സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.സി. | സെപ്തംബർ 10 | 11.00 am |
| 22. ഐ.ടി.ഐ അളഗപ്പനഗർ | സെപ്തംബർ 11 | 11.00 am |

| | | |
|---|---|---|
| 23. സ്പിരിച്ച്വൽ ആനിമേഷൻ സെന്റർ | സെപ്തംബർ 11 | 12.00 noon |
| 24. സെന്റ്‌വിൻസെന്റ്ഡി പോൾ സൊസൈറ്റി | സെപ്തംബർ 11 | 10.00 am |
| 25. മേരി മാതാ മേജർ സെമിനാരി, മുളയം | സെപ്തംബർ 11 | 10.00 am |
| 26. ഹോം ഓഫ് ലൗ, മുളയം | സെപ്തംബർ 11 | 11.00 am |
| 27. മാർ കുണ്ടുകുളം, ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | സെപ്തംബർ 11 | 11.00 am |
| 28. കരുണ ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | സെപ്തംബർ 11 | 12.00 noon |
| 29. സെന്റ് മേരീസ് മൈനർ സെമിനാരി | സെപ്തംബർ 11 | 12.00 noon |
| 30. കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി | സെപ്തംബർ 11 | 10.00 am |
| 31. കേറ്റിസം | സെപ്തംബർ 14 | 10.00 am |
| 32. കേറ്റിസം- ടെക്സ്റ്റ് ബുക്ക് അക്കൗണ്ട് | സെപ്തംബർ 14 | 11.00 am |
| 33. കേറ്റിസം ബുക്ക് സ്റ്റാൾ | സെപ്തംബർ 14 | 11.00 am |
| 34. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി | സെപ്തംബർ 14 | 12.00 noon |
| 35. ഡി.ബി.സി.എൽ.സി. | സെപ്തംബർ 14 | 12.00 noon |
| 36. ഡി.ബി.സി.എൽ.സി. ലൈബ്രറി അക്കൗണ്ട് | സെപ്തംബർ 14 | 12.00 noon |
| 37. സെന്റ് ജോസഫ് ബാലസദൻ, അവിണിശ്ശേരി | സെപ്തംബർ 15 | 10.00 am |
| 38. കാത്തലിക് ഇൻഫർമേഷൻ സെന്റർ | സെപ്തംബർ 15 | 10.00 am |
| 39. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് | സെപ്തംബർ 15 | 11.00 am |
| 40. സി.എൽ.സി | സെപ്തംബർ 15 | 11.00 am |
| 41. അൾത്താര സംഘം | സെപ്തംബർ 15 | 11.00 am |
| 42. കെ.സി.വൈ.എം കാത്തലിക് യൂണിയൻ | സെപ്തംബർ 15 | 12.00 noon |
| 43. ലേ ലീഡർഷിപ്പ് | സെപ്തംബർ 15 | 12.00 noon |
| 44. ലിജീയൻ ഓഫ് മേരി | സെപ്തംബർ 16 | 10.00 am |
| 45. സോഷ്യൽ ആക്ഷൻ | സെപ്തംബർ 16 | 10.00 am |
| 46. സോഷ്യൽ വെൽഫെയർ സെന്റർ | സെപ്തംബർ 16 | 11.00 am |
| 47. സോഷ്യൽ ഹൗസിംഗ് സെന്റർ | സെപ്തംബർ 16 | 11.00 am |
| 48. സേവ് എ ഫാമിലി പ്ലാൻ | സെപ്തംബർ 16 | 12.00 noon |
| 49. സ്ലം സർവീസ് | സെപ്തംബർ 16 | 12.00 noon |
| 50. മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര | സെപ്തംബർ 17 | 10.00 am |
| 51. റീജിണൽ പാസ്റ്ററൽ സെന്റർ ചേലക്കര | സെപ്തംബർ 17 | 10.00 am |
| 52. ഫാ. തച്ചുപറമ്പിൽ ഓർഫനേജ്,ചേലക്കര | സെപ്തംബർ 17 | 11.00 am |

| | | |
|---|---|---|
| 53. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി | സെപ്തംബർ 17 | 11.00 am |
| 54. സെന്റ്ജോസഫ്സ് ഹോം, പുല്ലഴി | സെപ്തംബർ 17 | 11.00 am |
| 55. സെന്റ് ജോസഫ് ഭവൻ, പുല്ലഴി | സെപ്തംബർ 17 | 12.00 noon |
| 56. ക്രൈസ്റ്റ് വില്ല പുവർ ഹോം, രാമവർമ്മപുരം | സെപ്തംബർ 17 | 12.00 noon |
| 57. ആബാ റിന്യൂവൽ സെന്റർ | സെപ്തംബർ 17 | 10.00 am |
| 58. നസ്രത്ത് സെന്റർ, മുള്ളൂർക്കര | സെപ്തംബർ 18 | 10.00 am |
| 59. സെന്റ് പോൾ ഗുരുകുലം, തിരുവില്വാമല | സെപ്തംബർ 18 | 11.00 am |
| 60. പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ | സെപ്തംബർ 18 | 11.00 am |
| 61. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് റിഹാബിറ്റേഷൻ സെന്റർ | സെപ്തംബർ 18 | 11.00 am |
| 62. പോപ്പ് പീസ് ഹോം, പെരിങ്ങണ്ടൂർ | സെപ്തംബർ 18 | 12.00 noon |
| 63. കലാസദൻ | സെപ്തംബർ 18 | 12.00 noon |
| 64. കാത്തലിക് നേഴ്സസ് ഗിൽഡ് | സെപ്തംബർ 21 | 10.00 am |
| 65. കാത്തലിക് സെന്റർ | സെപ്തംബർ 21 | 10.00 am |
| 66. പാസ്റ്ററൽ സെന്റർ | സെപ്തംബർ 21 | 11.00 am |
| 67. സാവിയോ ഹോം, മനക്കൊടി | സെപ്തംബർ 21 | 11.00 am |
| 68. പബ്ലിക് റിലേഷൻസ് ഡയോമീഡിയ | സെപ്തംബർ 21 | 12.00 noon |
| 69. എം.ഐ.ബോയ്സ് ടൗൺ, ഏങ്ങണ്ടിയൂർ | സെപ്തംബർ 21 | 12.00 noon |
| 70. എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ | സെപ്തംബർ 22 | 10.00 am |
| 71. എം.ഐ. ഹോസ്പിറ്റൽ നേഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ | സെപ്തംബർ 22 | 10.00 am |
| 72. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ | സെപ്തംബർ 22 | 11.00 am |
| 73. ടി.ടി.ഐ., കുരിയച്ചിറ | സെപ്തംബർ 22 | 11.00 am |
| 74. ഐ.സി.എസ്.ഇ.സ്കൂൾ, കുരിയച്ചിറ | സെപ്തംബർ 22 | 12.00 noon |
| 75. മദ്യവിരുദ്ധ സമിതി(ടെമ്പറൻസ് മൂവ്മെന്റ് ) | സെപ്തംബർ22 | 12.00 noon |
| 76. നെസ്റ്റ്, രാമവർമ്മപുരം | സെപ്തംബർ 22 | 10.00 am |
| 77. ഹോളി ക്രോസ് സി.ബി.എസ്.ഇ.സ്കൂൾ ആർത്താറ്റ് | സെപ്തംബർ 23 | 10.00 am |

| | | |
|---|---|---|
| 78. പഴുവിൽ ധ്യാനകേന്ദ്രം | സെപ്തംബർ 23 | 11.00 am |
| 79. ജോതി എഞ്ചിനിയറിംഗ് കോളേജ്, ചെറുതുരുത്തി | സെപ്തംബർ 23 | 11.00 am |
| 80. സെന്റ് ജോർജ്ജ് ഹോസ്റ്റൽ | സെപ്തംബർ 23 | 11.00 am |
| 81. സെന്റ് തോമാസ് ഹോസ്റ്റൽ | സെപ്തംബർ 23 | 12.00 noon |
| 82. സെന്റ് തോമാസ് കോളേജ് | സെപ്തംബർ 24 | 10.00 am |
| 83 സെന്റർ തോമാസ് എജുക്കേഷൻ സെന്റർ | സെപ്തംബർ 24 | 10.00am |
| 84. കരിസ്മാറ്റിക് മൂവ്മെന്റ് | സെപ്തംബർ 24 | 11.00 am |

**3. മിഷൻ ഞായർ പിരിവ് :**

2014-2015 സാമ്പത്തിക വർഷത്തെ മിഷൻ സൺഡേ വിഹിതം 2015 സെപ്തംബർ 10-ന് മുമ്പ് അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. 10.09.2014 വരെ മിഷൻ സൺഡേ വിഹിതം അടച്ചവർക്കുമാത്രമേ സമ്മാനത്തിന് അർഹത ഉണ്ടാവുകയുള്ളൂവെന്ന് പ്രത്യേകം അറിയിക്കുന്നു.

## 4. Filing of Income Tax Returns

Income Tax Return File ചെയ്യുന്നതിന് താഴെ പറയുന്ന രേഖകൾ ചാർട്ടേഡ്അക്കൗണ്ടൻസിന് പള്ളിയിൽ നിന്നും ബഹു.വികാരിയച്ചൻ വഴി നൽകേണ്ടതാണ്.

1. copy of Front page of bank passbook of all scheduled Banks/ Nationalised banks other than Co-operative banks mentioned in Balance sheet.

2. Copy of Adhar of signing person

3. If signing person is different from that of previous year, please bring copy of PAN of signing person.

**വരവ്- ചെലവ് കണക്കുകൾ - ജൂലായ് 31, 2015**

| | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|---|
| 1. | ആളൂർ | 5375 | 9274 | 10932 |
| 2. | ആമ്പക്കാട് | 5425 | 9573 | 5100 |
| 3. | അമ്മാടം | 4550 | - | 20690 |
| 4. | അത്താണി | - | 5600 | - |

| | | | |
|---|---|---|---|
| 5. ആറ്റത്തറ | 3000 | 19722 | 6935 |
| 6. അവണൂർ | 2200 | 1507 | 10230 |
| 7. അയ്യന്തോൾ | 8066 | - | - |
| 8. ചേറ്റുപുഴ | - | 27060 | 25796 |
| 9. ചിറ്റാട്ടുകര | 8350 | 78070 | - |
| 10. ചൂലിശ്ശേരി | 1274 | 879 | 1955 |
| 11. ചൂണ്ടൽ | 2000 | 2066 | 32260 |
| 12 ചൊവ്വന്നൂർ | 2500 | 2343 | 20460 |
| 13. എളനാട് | 980 | 850 | 744 |
| 14. എൽത്തുരുത്ത് | 10925 | - | - |
| 15. ഏനാമാക്കൽ | 5000 | 7000 | 15600 |
| 16 ഏങ്ങണ്ടിയൂർ | 1635 | - | - |
| 17. എറവ് | 8200 | 47000 | 34400 |
| 18. ഇയ്യാൽ | 2832 | 4495 | |
| 19. കോടന്നൂർ | 2000 | 12420 | 20405 |
| 20. കൂനംമൂച്ചി | 6109 | - | - |
| 22. കുണ്ടുകാട് | 8265 | 6700 | 8825 |
| 23. കുന്നംകുളം | 4158 | 18185 | |
| 24 കുരിയച്ചിറ | 13985 | 25000 | 466670 |
| 25 മനക്കൊടി | 1240 | 2840 | 6250 |
| 26. മണലൂർ ഈസ്റ്റ് | 3614 | 29081 | 4284 |
| 27. മണലൂർ വെസ്റ്റ് | 3643 | 7655 | - |
| 28. മരത്തംകോട് | 2220 | 1360 | 6150 |
| 29. മരിയാപുരം | 25838 | - | 85000 |
| 30. മായന്നൂർ | 1025 | 1230 | 1900 |
| 31. മുക്കാട്ടുകര | 12635 | 11415 | 45110 |
| 32. മുല്ലക്കര | 6285 | 23685 | 26050 |
| 33. മുല്ലശ്ശേരി | 8175 | 5000 | 12145 |
| 34. മുള്ളൂർക്കര | 3610 | | |
| 35. നെഹ്റു നഗർ | 9120 | | |
| 36. ഒളരിക്കര | 45990 | 37415 | |
| 37.പടവരാട് | 9000 | | |
| 38. പാലക്കൽ | 6950 | | |
| 39. പാറന്നൂർ | | 13070 | 45292 |
| 40. പാറേമ്പാടം | 1862 | 16960 | 1000 |
| 41. പതിയാരം | 4248 | 2817 | 7500 |

| | | | |
|---|---|---|---|
| 42 പഴയന്നൂർ | 3911 | 12571 | 900 |
| 43. പഴുന്നാന | - | - | 500 |
| 44. പെരിഞ്ചേരി | 8967 | | |
| 45. പൊങ്ങണംകാട് | 6300 | - | 2000 |
| 46. പൂത്തറയ്ക്കൽ | 500 | | |
| 47. പുതുക്കാട് നോർത്ത് | 4000 | - | 5019 |
| 48. പുല്ലംകണ്ടം | 850 | 2330 | 1017 |
| 49. പുതുരുത്തി | 2410 | 14483 | |
| 50. തൈക്കാട്ടുശ്ശേരി | 4870 | 8400 | 12500 |
| 51. തലോർ | - | - | 81630 |
| 52. തിരുവില്വാമല | 2925 | 3710 | 2900 |
| 53. തൊയക്കാവ് | 5050 | 20150 | |
| 54. ലൂർദ്ദ് കത്തീഡ്രൽ | 130290 | 47442 | |
| 55. വല്ലച്ചിറ | 10853 | 7186 | 10000 |
| 56. വരടിയം | 2000 | 1500 | |
| 57. വെള്ളറക്കാട്- | - | - | 11570 |
| 58 വിജയപുരം- | - | 10803 | |
| 59. വില്ലടം | 3385 | - | 2500 |
| 60. വിയ്യൂർ | 3635 | 23060 | 25000 |

| പേര് | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് | സീറോ മലബാർ മിഷൻ ഞായർ |
|---|---|---|---|---|
| 1. അടാട്ട് | 3016 | - | - | |
| 2. ആളൂർ | 1900 | 2475 | 2025 | 5700 |
| 3. ആളൂർ കിഴക്ക് | 300 | - | 408 | - |
| 4. ആമ്പക്കാട് | 3496 | 4642 | 8500 | 1000 |
| 5. അമ്മാടം | 9750 | 10725 | 11700 | - |
| 6. എയ്ഞ്ചൽ നഗർ | 8130 | - | - | - |
| 7. അരിമ്പൂർ | - | - | - | 77375 |
| 8. അത്താണി | - | - | - | 6030 |
| 9. ആറ്റത്തറ | 1590 | 2134 | 2328 | 2000 |
| 10. അവണൂർ | 844 | 935 | 680 | 1000 |
| 11. അയ്യന്തോൾ | 4544 | 5973 | 16290 | - |

| | | | | |
|---|---|---|---|---|
| 12. ചിറ്റാട്ടുകര | 7600 | 9064 | 24720 | 6926 |
| 13 ചിറ്റിലപ്പിള്ളി | - | - | - | 26800 |
| 14. ചിയ്യാരം ഗലീലി | 2812 | 3960 | 2880 | - |
| 15. ചൂലിശ്ശേരി | 574 | 836 | 608 | - |
| 16. ചൂണ്ടൽ | 1720 | 1870 | 2040 | 13000 |
| 17. ചോറ്റുപാറ | 1005 | | | |
| 18. ചൊവ്വന്നൂർ | 2230 | 2970 | 3240 | 9120 |
| 19. ചുവന്നമണ്ണ് | - | - | - | 2000 |
| 20. എളനാട് | 1134 | 1430 | 1040 | 1000 |
| 21. എളവള്ളി | - | - | - | 10000 |
| 22. എൽതുരുത്ത് | 6440 | 5390 | 5880 | 8585 |
| 23. ഏനാമാക്കൽ | 6280 | 6391 | 11620 | 25000 |
| 24 ഏങ്ങണ്ടിയൂർ | 2902 | 3454 | 3720 | 5000 |
| 25 ഇരവിമംഗലം | - | - | - | 11620 |
| 26 എറവ് | 6100 | 11132 | 15180 | 2000 |
| 27. ഇയ്യാൽ | 760 | 1199 | 981 | |
| 28. കാരമുക്ക് | 3000 | 3630 | 3960 | |
| 29. കാരമുക്ക് നോർത്ത് | 1650 | 2266 | 1854 | |
| 30. കോടന്നൂർ | 4800 | 6270 | 8550 | 13315 |
| 31 കൂനംമൂച്ചി | 5000 | 6006 | 10920 | |
| 32. കൊട്ടേക്കാട് | 9200 | 11088 | 40320 | 3000 |
| 33. കുണ്ടന്നൂർ | - | - | - | 6420 |
| 34. കുണ്ടുകാട് | 2160 | 3025 | 3300 | 3000 |
| 35. കുന്നംകുളം | 1920 | 2310 | 1890 | 7130 |
| 36 കുരിയച്ചിറ | 16904 | 18161 | 49530 | 3000 |
| 37. കുറ്റൂർ | 7800 | 8415 | 11475 | 34620 |
| 38. മനക്കൊടി | 1862 | 2464 | 2016 | 1000 |
| 39. മണലൂർ ഈസ്റ്റ് | 9600 | 6842 | 12440 | |
| 40. മണലൂർ വെസ്റ്റ് | 624 | 3432 | 3744 | 2000 |
| 41. മങ്ങാട് | 3040 | 4381 | 5865 | 1500 |
| 42. മരത്താക്കര | 8968 | 12188 | 22160 | 35890 |
| 43. മരത്തംകോട് | 756 | 957 | 656 | 500 |
| 44. മരിയാപുരം | 9576 | 9845 | 17900 | 10000 |

| | | | | |
|---|---|---|---|---|
| 45. മായന്നൂർ | 1164 | 1419 | 1032 | 1000 |
| 46. മുക്കാട്ടുകര | 10140 | 11990 | 27250 | 5000 |
| 47. മുല്ലക്കര | 2700 | 3795 | 4140 | 2000 |
| 48. മുല്ലശ്ശേരി | 5560 | 5302 | 9640 | 2000 |
| 49. മുള്ളൂർക്കര | 1148 | 1584 | 1728 | 1000 |
| 50. മുണ്ടൂർ | 10620 | 14234 | 51760 | 15000 |
| 51. നന്തിപുലം | - | - | - | 6650 |
| 52. നെടുപുഴ | 4604 | 4796 | 3924 | 14655 |
| 53. നെഹ്റുനഗർ | 3424 | 4389 | 4788 | 21280 |
| 54. നെല്ലങ്കര | 2640 | 3520 | 3840 | 16270 |
| 55. നെല്ലിക്കുന്ന് | 10964 | 14267 | 32425 | 16400 |
| 56. നിർമ്മലപുരം- | - | - | - | 7960 |
| 57. ഒളരിക്കര | 29018 | 16126 | 29320 | 2000 |
| 58. ഒല്ലൂക്കര | 9890 | 5357 | 5844 | |
| 59. പടവരാട് | 10076 | 10197 | 13905 | 6900 |
| 60. പാലക്കൽ | 4200 | 7700 | 17500 | |
| 61. പങ്ങാരപ്പിള്ളി | 1688 | 2002 | 1638 | 1000 |
| 62. പാറന്നൂർ | — | - | - | 13075 |
| 63. പാറേമ്പാടം | 1344 | 1848 | 2016 | 2000 |
| 64. പതിയാരം | 2110 | 2244 | 2448 | 1500 |
| 65. പഴയന്നൂർ | 2400 | 2530 | 2070 | 4512 |
| 66. പഴുന്നാന | 510 | 649 | 472 | 400 |
| 67. പെരിഞ്ചേരി | 6800 | 8052 | 18300 | 27950 |
| 68. പൊങ്ങണംകാട് | 6760 | 7700 | 6300 | 2000 |
| 69. പോന്നോർ | - | - | - | 1320 |
| 70 പൂങ്കുന്നം | 2960 | 3883 | 4236 | 3500 |
| 71. പൂത്തറയ്ക്കൽ | 1032 | 1122 | 816 | 500 |
| 72 പുതുക്കാട് നോർത്ത് | 2200 | 2640 | 2880 | 2000 |
| 73. പുതുശ്ശേരി | 1708 | 2145 | 2340 | 10070 |
| 74. പുലക്കാട്ടുകര | 1310 | 1793 | 1304 | 3000 |
| 75. പുല്ലംകണ്ടം | 304 | 528 | 384 | 200 |
| 76. പുതുരുത്തി | 3340 | 4125 | 4500 | 2500 |
| 77. തൈക്കാട്ടുശ്ശേരി | 2600 | 3080 | 3360 | 1500 |

| | | | | |
|---|---|---|---|---|
| 78 തലോർ | 12000 | 13200 | 24000 | |
| 79. തണ്ടിലം | 1480 | | | |
| 80. തിരുവില്വാമല | 1320 | 1650 | 1200 | 1000 |
| 81. തൊയക്കാവ് | 2300 | 3245 | 3540 | 1500 |
| 82. ലൂർദ്ദ് കത്തീഡ്രൽ | 19788 | 19943 | 90650 | 15000 |
| 83. വടൂക്കര | 5100 | 8291 | 5772 | |
| 84. വാക | 956 | 1166 | | |
| 85. വലപ്പാട് | - | - | - | 20280 |
| 86. വല്ലച്ചിറ | 4258 | 4565 | 4980 | 2009 |
| 87. വരടിയം | 4860 | 5335 | 4365 | 3000 |
| 88. വെള്ളറക്കാട് | 1316 | 1837 | 2004 | 5000 |
| 89. വെളുത്തൂർ | 1680 | 2310 | 1890 | |
| 90. വെങ്ങിണിശ്ശേരി | 2190 | 2585 | 2115 | 6690 |
| 91. വിജയപുരം | 6884 | 8503 | 30920 | |
| 92. വില്ലടം | 3750 | 10636 | 3474 | |
| 93 വിയ്യൂർ | 4046 | 5335 | 9700 | |

**6. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. മുല്ലക്കര - 5000 2. പാറന്നൂർ - 5000 3. വൈലത്തൂർ - 5000

**7. സാമ്പത്തിക സഹായം സ്വീകരിച്ച പള്ളികൾ**

1. ആമ്പക്കാട് - 84615
2. വെളുത്തൂർ 23530
3.പാറേമ്പാടം - 32965
4. ഏനാമാക്കൽ 90613

**8. അതിരൂപത സഹായ ഫണ്ട്**

1. ഭവന നിർമ്മാണം -20,000
2. വിവാഹം - 70,000
3. ചികിത്സ - 1,22000
4. വിദ്യാഭ്യാസം - 8500

**9. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ഭവന നിർമ്മാണം - 7000
2. വിവാഹം - 10,000
3. ചികിത്സ - 59,000
4. വിദ്യാഭ്യാസം - 5000

**ഫാ. ജോയ് മൂക്കൻ**
ഫിനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോയ് ചിറ്റിലപ്പിള്ളി സീനിയർ | 02 |
| ഫാ. ആന്റോ എടക്കുളത്തൂർ | 02 |
| ഫാ. ആന്റണി തോട്ടാൻ | 05 |
| ഫാ. ക്ലമന്റ് വാഴപറമ്പിൽ | 06 |
| ഫാ. ജിയോ തരകൻ | 07 |
| ഫാ. ആന്റണി കണ്ണമ്പുഴ | 08 |
| ഫാ. രാജു കൊക്കൻ | 08 |
| ഫാ. ഡെമിൻ തറയിൽ | 08 |
| ഫാ. പോളി നീലങ്കാവിൽ | 08 |
| ഫാ. ടെറിൻ മുള്ളക്കര | 08 |
| ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ | 10 |
| ഫാ. ഡേവിസ് ചിറമ്മൽ സീനയർ | 10 |
| ഫാ. ഫ്രാൻസിസ് എടക്കളത്തൂർ | 10 |
| ഫാ. ഏബിൾ ദേവസ്സി ചിറമ്മൽ | 13 |
| ഫാ. ബിജോ ജോസ് ചാലിശ്ശേരി | 15 |
| ഫാ. ജോൺ പോൾ തൈക്കാടൻ | 18 |
| ഫാ. ജിയോ കടവി | 20 |
| ഫാ. ആന്റണി ആലുക്ക | 21 |
| ഫാ. പോൾ വട്ടക്കുഴി | 21 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 22 |
| ഫാ. ആന്റോസ് എലുവത്തിങ്കൽ | 22 |
| ഫാ. വർഗ്ഗീസ് എടക്കളത്തൂർ | 27 |
| ഫാ. ഫ്രാങ്കോ പുത്തിരി | 27 |
| ഫാ. റാഫേൽ വടക്കൻ | 29 |
| ഫാ. സൈജൻ വാഴപ്പിള്ളി | 30 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 21 |
| ഫാ. മാത്യു ചാക്കേരി | 21 |
| ഫാ. മാത്യു വെട്ടത്ത് | 21 |
| ഫാ. മാത്യു പേരാമംഗലത്ത് | 21 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 21 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 21 |
| ഫാ. സുനിൽ ചിരിയങ്കണ്ടത്ത് | 21 |
| ഫാ. നൈസൻ ഏലന്താനത്ത് | 21 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 27 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 27 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 27 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 27 |
| ഫാ. ഫ്രജോ വാഴപ്പിള്ളി | 29 |
| ഫാ. റാഫി തട്ടിൽ | 29 |
| ഫാ. റാഫേൽ മുത്തുപീടിക | 29 |
| ഫാ. റാഫേൽ താണിശ്ശേരി | 29 |
| ഫാ. റാഫേൽ വടക്കൻ | 29 |
| ഫാ. റാഫേൽ ചിറ്റിലപ്പിള്ളി | 29 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 29 |
| ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 29 |
| ഫാ. ലിന്റോ തട്ടിൽ | 29 |
| ഫാ. ചെറിയാൻ പാറക്കൽ | 29 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 29 |
| ഫാ. സോളി തട്ടിൽ | 29 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 29 |
| ഫാ. ജോയ് മൂക്കൻ | 29 |

**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജോൺ മാളിയേക്കൽ വെള്ളാനിക്കാരൻ | 18 - 09 - 1915 |
| ഫാ. ജേക്കബ് അറയ്ക്കൽ സീനിയർ | 14 - 09 - 1946 |
| ഫാ. പോൾ വാഴപ്പിള്ളി | 17 - 09 - 1952 |
| ഫാ. സെബാസ്റ്റ്യൻ ബ്രഹ്മകുളം | 03 - 09 - 1960 |
| ഫാ. ആന്റണി കൊടിയൻ | 04 - 09 - 1960 |
| ഫാ. തോമസ് അടമ്പുകുളം | 14 - 09 - 1962 |
| ഫാ. ആന്റണി മാളിയേക്കൽ | 28 - 09 - 1968 |
| ഫാ. ജോസഫ് മഞ്ഞളി | 01 - 09 - 1969 |
| ഫാ. ജോൺ ചിറയത്ത് | 19 - 09 - 1970 |
| ഫാ. അബ്രഹാം മാമ്പിള്ളി | 02 - 09 - 1972 |
| ഫാ. ജോൺ പ്ലാശ്ശേരി | 11 - 09 - 1973 |
| ഫാ. ജേക്കബ് ചെമ്മണ്ണൂർ | 20 - 09 - 1977 |
| ഫാ. ജോൺ മാളിയേക്കൽ | 30 - 09 - 1978 |
| ഫാ. ജോൺ ചിറമ്മൽ | 06 - 09 - 1990 |
| ഫാ. ജോർജ്ജ് കൂനൻ | 09 - 09 - 1996 |
| ഫാ. അഗസ്റ്റിൻ തട്ടിൽ | 25 - 09 - 1996 |
| മോൺ. ആന്റണി മാളിയ്ക്കേൽ | 03 - 09 - 2001 |
| ഫാ. ആന്റണി തോട്ടാൻ സീനിയർ | 29 - 09 - 2001 |
| ഫാ. ജോസഫ് മാളിയേക്കൽ | 11 - 09 - 2009 |
| ഫാ. ജേക്കബ് ഐനിക്കൽ | 19 - 09 - 2010 |
| ഫാ. അഗസ്റ്റിൻ അക്കര | 15 - 09 - 2012 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

01.07.2015 എഫ്. സി. സി. സി. ലിസി, സി. ഷാരോ തെരേസ് എന്നിവർ ജൂലൈ 1 മുതൽ മുനിപ്പാറയിൽ ഒരു വർഷത്തെ പ്രാർത്ഥന യിൽ സംബന്ധിക്കുന്നു.

03.07.2015 സി.എം.സി. പ്രീ-കാന്റിഡേറ്റ്സിന്റെ മാതാപിതാക്കൾക്ക് സി. മേരി ജോസിന്റെ നേതൃത്വത്തിൽ അമ്മാടം ക്രിസ്തു ജയന്തി കോൺവെന്റിൽ വച്ച് ഒരു ഓറിയന്റേഷൻ പ്രോഗ്രാം നടത്തി.

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സഭാ ദിനാഘോഷപരിപാടികളിൽ വിവിധ സന്യാസ സമൂഹങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തു.

04.07.2015 സി.എം.സി. 1967-73 വരെയുള്ള വർഷങ്ങളിൽ ആദ്യവ്രതം ചെയ്തവർക്കായി കോലഴിയിൽ വച്ച് സംഘടിപ്പിച്ച ഏകദിനസെമിനാറിൽ 95 ഓളം സിസ്റ്റേഴ്സ് പങ്കെടുക്കുകയും ഫാ. ജോജോ മാലിപ്പാട്ട് ക്ലാസ്സെടുക്കുകയും ചെയ്തു.

സി.എസ്.എം. സുപ്പിരിയർ ജനറൽ സി. ജിയോ മരിയ, ലൂർദ്ദ്നാഥ പ്രൊവിൻഷ്യൽ ഹൗസിൽ കാനോനിക സന്ദർശനം നടത്തി.

CSM ലൂർദ്ദ്നാഥ പ്രൊവിൻസിലെ നാലു കുട്ടികൾ പോസ്റ്റു ലെൻസിയിലേയ്ക്കും, സാഗർ മിഷനിൽ 2 കുട്ടികൾ ആസ്പി രൻസിയിലേയ്ക്കും പ്രവേശിച്ചു.

എഫ്. സി. സി. മരത്താക്കര ബ്ലസഡ് സാക്രമെന്റ് ഭവനാംഗ മായ ബ. നോർബർട്ടമ്മയുടെ ഒന്നാം ചരമവാർഷികം ഇടവക ദേവാലയത്തിൽ സമുചിതമായി ആചരിച്ചു.

06.07.2015 സി.എം.സി. സി.ലിസ്, Clinical Psychology Major in Clinical Counsellingൽ ഡോക്ടറേറ്റ് നേടി ഫിലിപ്പൈൻസിൽ നിന്നും തിരിച്ചെത്തി.

സി.എസ്.എം. തിരുസഭയ്ക്കും മർത്താ സന്യാസിനി സമൂഹത്തിലെ വിവിധ അപ്പസ്തോലപ്രവർത്തനത്തിന്റെ വിജയത്തിനും സമൂഹാംഗ ങ്ങൾക്കുംവേണ്ടി 24 മണിക്കൂർ അഖണ്ഡ ആരാധന CSM ലൂർദ്ദ്നാഥ പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. മറ്റു കോൺ വെന്റുകളും ഇതിൽ സംബന്ധിച്ചു.

എഫ്. സി. സി. പുതുക്കിപ്പണിത തൃശൂർ മേരി ഇമ്മാക്കുലേറ്റ്

കോൺവെന്റ് ചാപ്പലിന്റെ വെഞ്ചെരിപ്പ് കർമ്മം അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് നിർവ്വഹിച്ചു. രാവിലെ 6.15 ന് അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിൽ ആഘോഷമായ ദിവ്യബലി യർപ്പിച്ചു.

10.07.2015 സി.എസ്.എം പൊന്നൂക്കര ബഥാനിയ പ്രാർത്ഥനാലയത്തിൽ ലൂർദ്ദ്നാഥ പ്രൊവിൻസ് അംഗങ്ങൾ ജാഗരണ പ്രാർത്ഥന നടത്തി.

എഫ്. സി. സി. 2015 ജൂലൈ 11 ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 4 മണിവരെ ഗുരുവായൂർ എൽ. എഫ്. കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ വിദ്യാഭ്യാസസെമിനാറിൽ തൃശൂർ അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും (Aided & Unaided നേഴ്സറി മുതൽ കോളേജ് ഉൾപ്പെടെ) സ്ഥാപനാധികാരികൾ, Teaching & Non Teaching Staff ( Sisters & Lay Staff ) സംബന്ധിച്ചു.

12.07.2015 എഫ്. സി. സി. പ്രോവിൻസിലെ വിവിധ ബാലഭവനുകളുടെ ചാർജ്ജ് വഹിക്കുന്ന സിസ്റ്റേഴ്സിന്റെ സംഗമം അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ജൂലൈ 12-ാം തീയതി 3.00pm ന് നടന്നു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത അവർക്ക് ക്ലാസ്സുകൾ നൽകി.

16.07.2015 സി.എം.സി. പരി.കർമ്മലമാതാവിന്റെ തിരുനാൾ ദിനത്തിൽ 10 പ്രീ കാന്റിഡേറ്റ്സ് കാന്റിഡസിയിലേക്ക് പ്രവേശിച്ചു.

എഫ്. സി. സി. വിദ്യാർത്ഥികൾ കൂടുതൽ വിശുദ്ധിയിലേക്കും ആത്മീയതയിലേക്കും നന്മയിലേക്കും വളർന്നുവരുന്നതിനായി പ്രോവിൻസിലെ വചനാമൃതം ടീമിന്റെ നേതൃത്വത്തിൽ ജൂലൈ മാസം മുതൽ വിദ്യാലയങ്ങളിൽ ധ്യാനം ആരംഭിച്ചു.

17.07.2015 എഫ്. സി. സി. ജൂലൈ 17 ാം തീയതി 6 pm മുതൽ 19 ാം തീയതി രാവിലെ വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസ് നടന്നു. മീറ്റിംഗിന്റെ രണ്ടാം ദിവസം Laudato Si ( Praise be To You) ദിനമായി ആചരിച്ചു. പരിശുദ്ധ പിതാവിന്റെ ചാക്രികലേഖനത്തിന്റെ കോപ്പികൾ എല്ലാവർക്കും നൽകി. ചാക്രികലേഖനത്തിന്റെ വിശദീകരണം എം.എം.ബി. സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറലായ റവ. ബ്രദർ ഫ്രാങ്കോയും മുഖ്യസന്ദേശം എം. ഐ ഹോസ്പിറ്റൽ ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആലപ്പാട്ടും നൽകി.

18.07.2015 സി. എസ്. സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ടീച്ചേഴ്സ് കോൺഫ്രൻസ് നടന്നു. Child Line തൃശൂർ ജില്ല കോഡിനേറ്റർ മിസിസ്സ് വില്ലി ജോജി ക്ലാസ്സെടുത്തു.

സി. എസ്. സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ 'മരിയ ബൈബിൾ ഗ്രാമ' ത്തിന് തുടക്കം കുറിച്ചു. നിർമ്മലപുരം പള്ളി വികാരി റവ. ഫാ. പാൾ പിണ്ടിയാൻ ഉദ്ഘാടനകർമ്മവും റവ. മദർ സിംഫോറിയ ആശംസയും അർപ്പിച്ചു.

സി.എം.സി. വിവിധ സെക്രട്ടേറിയറ്റുകളുടെ മീറ്റിങ്ങ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തുകയും മൂന്ന് വർഷത്തെ നിസ്വാർത്ഥസേവനത്തിന് പ്രൊവിൻഷ്യൽ സുപ്പീരിയർ ഏവർക്കും നന്ദി പറയുകയും ചെയ്തു.

21.07.2015 എസ്.എ.ബി.എസ്. ജൂലയ് 21 മുതൽ 24 വരെ ഓറിയന്റൽ കാനൻ ലോ സൊസൈറ്റി ഓഫ് ഇന്ത്യ, തിരുവല്ല പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച CCEO- സിൽവർ ജൂബിലിയിലും Tribunal Personnels - നായി നടത്തിയ വാർഷിക സെമിനാറിലും സി. അൽഫോൽസ മൂഞ്ഞേലി സംബന്ധിച്ചു.

24.07.2015 സി.എം.സി. പ്രോവിൻസിന്റെ ജാഗരണദിനമായ ഇന്ന് സിസ്റ്റേഴ്സിന് ഫാ.ആന്റണി മേച്ചേരിപ്പടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ക്ലാസ്സെടുക്കുകയും സി. റിറ്റിയുടെ നേതൃത്വത്തിൽ ആരാധന നടത്തുകയും ചെയ്തു.

എസ്.എ.ബി.എസ്. ജൂലായ് 24 മുതൽ 26 വരെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന Junior Sisters' gatheringൽ 16 പേർ സംബന്ധിച്ചു. മദർ ലിറ്റിൽ മരിയ തെക്കേക്കര, ഡിറക്ടറസ്സ് സി.അൽഫോൻസ മൂഞ്ഞേലി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

സി.എസ്.എം. ലൂർദ്ദ്നാഥ പ്രൊവിൻഷ്യൽ സി. ബിയാട്രീസിന്റെ നാമഹേതുക തിരുനാളിൽ അതിരൂപത വികാരി ജനറാൾ മോ. ജോർജ്ജ് കോമ്പാറ ദിവ്യബലിയർപ്പിച്ച് വചനം പങ്കുവെച്ചു. ആശംസകൾ നേർന്നു.

26.07.2015 എഫ്. സി. സി. ജൂലൈ 26-ാം തീയതി ഞായറാഴ്ച 2 pm ന് അസ്സീസി പ്രൊവിൻഷ്യൽഹൗസിൽ വെച്ച് Youth Ministry കമ്മിറ്റി അംഗങ്ങൾക്കും അതുമായി ബന്ധപ്പെട്ട ഹെഡ്മിസ്ട്രസ്സുമാർക്കും മീറ്റിംഗ് സംഘടിപ്പിക്കുകയുണ്ടായി.

28.07.2015 എസ്.എ.ബി.എസ്. Pre-Aspirants's Day, Juniors' Day എന്നിവ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി

ആഘോഷിച്ചു.

29.07.2015 സി.എസ്.എം. വി.മർത്തായുടെ നാമഹേതുക തിരുനാൾ ജനറലേറ്റിൽ, വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയുടെ ദിവ്യബലിയോടെയും, ലൂർദ്ദ്നാഥ പ്രൊവിൻഷ്യൽ ഹൗസിൽ റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിന്റെ (ജൂബിലി മിഷൻ ഡയറക്ടർ) ദിവ്യബലിയോടെയും ആഘോഷിച്ചു. അഭിവന്ദ്യ പിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്തും, മാർ റാഫേൽ തട്ടിലും, പ്രൊവിൻസിലെ ബഹു. സിസ്റ്റേഴ്സ് സേവനം ചെയ്യു അതിരൂപതയിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും, CMI ഭവനങ്ങളിൽ നിന്നും ബഹു. വൈദീകരും, സിസ്റ്റേഴ്സും സ്നേഹ വിരുന്നിൽ സംബന്ധിച്ചു.

31.07.2015 സി.എം.സി.CMC മാനേജ്മെന്റിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലെ പ്രധാനാദ്ധ്യാപകർക്കായി 2 ദിവസത്തെ പ്രോഗ്രാം പ്രൊവിൻഷ്യൽ ഹൗസിൽ നടത്തുകയും സി.വത്സ CHF ക്ലാസ്സെടുക്കുകയും ചെയ്തു.

സി. എസ്. സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻസിലെ 5 അർത്ഥിനികൾ കാനോനിക നോവിഷ്യേറ്റ് പൂർത്തിയാക്കി പ്രൊവിൻഷ്യൽ ഹൗസിലേക്ക് തിരിച്ചു വന്നു.

**ആദരാഞ്ജലികൾ**



31.07.2015 എഫ്. സി. സി. ജൂലൈ 31–ാം തീയതി ഗുരുവായൂർ ലിസ്യു ഭവനാംഗമായ ബ. മിശായേലമ്മ നിര്യാതയായി. അന്നുതന്നെ വൈകിട്ട് 4.30ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ ഗുരുവായൂർ ലിസ്യു മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.

**സി.ജോസഫൈൻ പാലത്തിങ്കൽ എസ്.എ.ബി.എസ്**

സി.ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

### മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

പിതാവിന്റെ ഏറ്റവും പ്രിയപ്പെട്ട മക്കളേ,

ഈ അധ്യയനവർഷത്തിൽ ഓരോ മാസവും ഒരു പ്രത്യേക വിഷയത്തെ കുറിച്ച് നിങ്ങൾക്ക് കത്തെഴുതുമെന്ന് ജൂൺ മാസത്തിലെ ബുള്ളറ്റിനിലൂടെ ഞാൻ വാഗ്ദാനം ചെയ്തിരുന്നു. അതനുസരിച്ച് ഇതിനകം വിശ്വാസപരി ശീലനത്തെയും പരിസ്ഥിതിസംരക്ഷണത്തെയും പറ്റി ഞാൻ എഴുതി. നിങ്ങൾ വായിച്ചു മനസ്സിലാക്കിയിരിക്കുമെന്നാണ് പിതാവിന്റെ പ്രതീക്ഷ. കുറെപ്പേർ പ്രതികരണം അറിയിച്ചതിൽ സന്തോഷമുണ്ട്. അതിലേറെ നന്ദിയുണ്ട്. വളരെ അടിയന്തിരശ്രദ്ധ ആവശ്യമുള്ള ഒരു കാര്യത്തെ കുറിച്ചാണ് ഇത്തവണ എഴു തുക. എന്തായിരിക്കും വിഷയമെന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ?

ഈയിടെ പിതാവിന്റെ മനസ്സിന് വളരെ വേദന ഉണ്ടാക്കിയ ഒരു സംഭ വത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് തുടങ്ങാം. നമ്മുടെ അതിരൂപതയിലെ ഒരു സാധാരണ ഇടവക. പള്ളിയോട് ചേർന്ന് നിന്ന് കളിസ്ഥലമുണ്ട്. അവിടെ വൈകുന്നേരങ്ങളിൽ കുട്ടികൾ കളിക്കുകയും കൂട്ടംകൂടിയിരിക്കുകയും പതി വായിരുന്നു. അവർ എന്തൊക്കെയോ കൈമാറുന്നത് ചിലർ കാണാനിടയാ യി. ഈ കുട്ടികളുടെ പെരുമാറ്റത്തിലും എന്തോ പന്തികേടുള്ളതുപോലെ. ചിലർക്ക് മയക്കം. ചിലർക്ക് ഛർദ്ദി. കൂടുതൽ അന്വേഷിച്ചപ്പോൾ മനസ്സിലാ യി, കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളാണ് അവർ കൊണ്ടു വന്നിരുന്നതും ഉപയോഗിച്ചിരുന്നതും. ഞാൻ ആ ഇടവകയുടെ പേര് വെളി പ്പെടുത്തുന്നില്ല. ഇതുപോലുള്ള സംഭവങ്ങൾ നിർഭാഗ്യവശാൽ മറ്റു ചില സ്ഥലങ്ങളിലും ഉണ്ടായതായി അറിഞ്ഞു. ഞാൻ സൂചിപ്പിച്ച സംഭവത്തിൽ അൾത്താര ശുശ്രൂഷകർ ഉൾപ്പെടെ പള്ളിയിലെ ഭക്തസംഘടനകളിലെ അംഗ

ങ്ങളും ഉണ്ടായിരുന്നു! ഒട്ടേറെ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ള സ്ഥലമാണത്. സ്നേഹമുള്ളവരേ നമ്മുടെ കുട്ടികൾ എങ്ങോട്ടാണ് പോകുന്നത് എന്നോർക്കുമ്പോൾ എനിക്ക് ഉത്ക്കണ്ഠ തോന്നുന്നു. പേടിയും വ്യസനവും ഇല്ലാതില്ല.

ഇരതേടി അലയുന്ന സിംഹത്തെപോലെ മദ്യ-മയക്കുമരുന്നു പിശാച് നമുക്ക് ചുറ്റുപാടുമുണ്ട്. കുറെശ്ശെയായാൽ കുഴപ്പമില്ല, വെറുതെ രസത്തിനു വേണ്ടിയാണ്, ഇപ്പോൾ മാത്രം കഴിച്ചാൽ മതി എന്നൊക്കെ പറഞ്ഞ് പ്രേരിപ്പിച്ച്, കുട്ടികളെ വഴിതെറ്റിക്കാൻ അവൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്നതിനാൽ നിങ്ങൾ ജാഗ്രത ഉള്ളവരാകണം. പെട്ടുപോയാൽ നാശം ഉറപ്പാണ്. ഇത്തരം ദുശ്ശീലങ്ങളിൽ അകപ്പെടുന്നവർക്ക് ക്രമേണ പഠനത്തിൽ താത്പര്യം കുറയും. പെട്ടെന്ന് ദേഷ്യപ്പെടുന്നവരും പൊതുവേ അസ്വസ്ഥരുമായാണ് അവർ പെരുമാറുക. വിഷാദരോഗവും കുറ്റബോധവും അപകർഷതയും മാനസിക വൈകല്യങ്ങളും ഇത്തരക്കാരെ വേട്ടയാടുന്നതായി കണ്ടിട്ടുണ്ട്.

മുതിർന്നവരുടെ മദ്യപാനം മൂലം കുടുംബസമാധാനം എന്തെന്നറിയാത്ത, പീഡനവും മുറിവുമേല്ക്കുന്ന കുറെയേറെ കുട്ടികളുണ്ട്. അവർക്ക് സ്വസ്ഥമായി പഠിക്കാനോ പ്രാർത്ഥിക്കാനോ സമാധാനമായി കിടന്നുറങ്ങാനോ പറ്റാത്തത് വലിയ ദുരന്തമാണ്. കുടുംബനാഥന്റെ മുടിഞ്ഞ കുടി കാരണം കണ്ണീരും കൈയുമായി കഴിയുന്നത് അമ്മ പെങ്ങന്മാരും കുട്ടികളുമാണല്ലോ. മരുന്നോ ഭക്ഷണമോ അല്ലാത്ത മദ്യ-മയക്കുമരുന്നുകൾക്ക് എന്തുമാത്രം പണവും സമയവുമാണ് മനുഷ്യൻ നഷ്ടപ്പെടുന്നത്. ദൈവം തന്ന ഏറ്റവും വലിയ ദാനമായ ആരോഗ്യം നശിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ ആലയമായ ശരീരമാണ് മദ്യം മൂലം മലിനമാക്കപ്പെടുന്നത്. പ്രിയപ്പെട്ട കുട്ടികളേ, നിങ്ങൾ ഒരു കാരണവശാലും ഇത്തരം ദുശ്ശീലങ്ങളിൽ ചെന്നുപെടാൻ പാടില്ല.

അടുത്ത തലമുറയെ മദ്യപിശാചിൽ നിന്ന് രക്ഷിക്കാൻ നിങ്ങൾക്കും ചില കാര്യങ്ങൾ ചെയ്യാനാകും. നമ്മുടെ അതിരൂപതയിലുള്ള മദ്യവിരുദ്ധസമിതി സെപ്തംബർ മാസം മദ്യവിരുദ്ധ മാസമായി ആചരിക്കുകയാണ്. ഒരിക്കലും ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കില്ലെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. മദ്യവിരുദ്ധ ആശയങ്ങൾ പ്ലക്കാർഡുകളിൽ പ്രദർശിപ്പിക്കുന്നത് നല്ലതാണ്. മദ്യ-മയക്കുമരുന്ന് വിരുദ്ധ ജാഗ്രതസമിതികൾ രൂപീകരിച്ച് പ്രവർത്തിക്കണം. ഏതെങ്കിലും കുട്ടികൾ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് അറിഞ്ഞാൽ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. തിരുനാളുകളോ വിശേഷാവസരങ്ങളോ വരുമ്പോൾ വീട്ടിൽ ആരെങ്കിലും മദ്യപിക്കുന്നതായി കണ്ടാൽ അത് ഞങ്ങളുടെ പിതാവിനും സഭാമാതാവിനും ഇഷ്ടമില്ലാത്ത കാര്യമാണെന്നു പറയാൻ നിങ്ങൾ മടിക്കുകയോ പേടിക്കുകയോ ചെയ്യരു

ത്. ഈ സാമൂഹ്യതിന്മയുടെ പ്രലോഭനത്തെ അതിജീവിക്കുന്നതിനാവശ്യമായ ആത്മീയചൈതന്യത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം.

ഈ അടുത്തകാലത്ത് പത്രങ്ങളിൽ വന്ന ഒരു കാര്യം കൂട്ടിചേർത്ത് ഞാൻ നിറുത്തട്ടെ. മലയാള മനോരമ ഏർപ്പെടുത്തിയിട്ടുള്ള നല്ലപാഠം പദ്ധതിയിൽ പാലക്കാട് ജില്ലയിലെ മലമ്പുഴയ്ക്കടുത്ത ഒരു ഗ്രാമത്തിലെ സ്കൂളിനാണ് ഒന്നാം സമ്മാനം കിട്ടിയത്. നാലാം ക്ലാസ്സുവരെ മാത്രമുള്ള സ്കൂളാണത്. അവിടുത്തെ കുട്ടികൾ സ്നേഹപൂർവ്വമായ നിർബന്ധത്തിലൂടെ അപ്പന്മാരുടെ കുടി നിർത്തി, ആ പണം കുടുക്കയിൽ ശേഖരിച്ച് പൊതുനന്മയ്ക്ക് വിനിയോഗിച്ചു. ആളുകളില്ലാത്തതിനാൽ മദ്യഷാപ്പ് അടച്ചുപൂട്ടി. നാട് മദ്യവിമുക്തമായി. ആരാ അത് ചെയ്തത്? കൊച്ചുകുട്ടികൾ! ഈ മഹത്തായ മാതൃക മറക്കാതിരിക്കുക.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. മദ്യവിപത്തിനെ കുറിച്ച് പറയുന്ന ബൈബിൾ വാക്യങ്ങൾ ഏവ?
2. മദ്യപാനികളുള്ള കുടുംബത്തിൽ നിന്നു വരുന്ന കുട്ടികൾ എന്തെല്ലാം പ്രയാസങ്ങളാണ് അനുഭവിക്കുന്നത്?
2. നിങ്ങൾ പഠിക്കുന്ന സ്ഥാപനത്തിൽത്തന്നെ ചിലർ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നവർ ഉണ്ടായിരിക്കാം. അവരെ പിന്തിരിപ്പിക്കാൻ എന്തുചെയ്യും?
3. വിദ്യാലയങ്ങളുടെ പരിസരത്ത് മദ്യ-മയക്കുമരുന്നുല്പന്നങ്ങൾ വില്ക്കുന്നതായി അറിഞ്ഞാൽ എങ്ങനെ തടയാം?
4. ഈ കത്തിന്റെ അവസാനത്തിൽ പിതാവ് നൽകിയിരിക്കുന്ന പ്രായോഗിക നിർദ്ദേശങ്ങൾ എങ്ങനെ നടപ്പിലാക്കാം?

ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

സസ്നേഹം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

മതാദ്ധ്യാപകർക്കുള്ള ഏകദിന സെമിനാറുകൾ DBCLC-യിൽ നടന്നു. സെമിനാറുകൾ വിജയിപ്പിക്കുന്നതിന് സഹായിച്ച ബഹു. അച്ച ന്മാർക്കും പ്രധാനാധ്യാപകർക്കും പങ്കെടുത്ത അദ്ധ്യാപകർക്കും ഹൃദയ പൂർവ്വം നന്ദിനേരുന്നു.

**അർദ്ധവാർഷിക പരീക്ഷകൾ**

ഒക്ടോബർ മാസത്തിലാണ് വേദോപദേശ അർദ്ധവാർഷിക പരീക്ഷകൾ. എല്ലാ വിദ്യാർത്ഥികൾക്കും വിജയാശംസകൾ നേരുന്നു. പരീക്ഷകളെ കുറി ച്ചുള്ള നിർദ്ദേശങ്ങൾ ഞായറാഴ്ച മതബോധന വാർഷിക പ്രോഗ്രാം പുസ്ത കത്തിൽ (പേജ് 13-19) നൽകിയിരിക്കുന്നത് കൃത്യമായും പാലിക്കേണ്ടതാ ണ്. മതാദ്ധ്യാപകർ ഓരോ ക്ലാസ്സിലെയും പാഠ്യപദ്ധതി (Syllabus) കുട്ടി കൾക്ക് പറഞ്ഞുകൊടുക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. മതബോധന യൂണിറ്റുകളിൽ നടക്കുന്ന എല്ലാ ക്ലാസ്സുകളിലെയും അർദ്ധ വാർഷിക, വാർഷിക പരീക്ഷകൾക്ക് അതിരൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും നല്കുന്ന ചോദ്യപേപ്പർ മാത്രമാണ് ഉപയോഗിക്കേണ്ടത്. അർദ്ധ വാർഷിക പരീക്ഷകളുടെ ഉത്തരകടലാസ് പരിശോധന വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും നേതൃത്വത്തിൽ ഒരു ദിവസം എല്ലാ അദ്ധ്യാപകരും ഒന്നു ചേർന്ന് നടത്തേണ്ടതാണ്. ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയത്തിനാവ ശ്യമായ ഉത്തരസൂചിക ഒക്ടോബർ 11-നു ശേഷം മതബോധനകേന്ദ്രത്തിൽ നിന്നും ഹെഡ്മാസ്റ്റർക്ക് വാങ്ങാവുന്നതാണ്. മതബോധന വിദ്യാർത്ഥിക ളുടെ അർദ്ധവാർഷിക പരീക്ഷാഫലം യൂണിറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ട താണ്; മാർക്കുകളോടൊപ്പം പരീക്ഷാതിയ്യതിവരെ വിദ്യാർത്ഥികൾക്ക് ലഭി ച്ചിരിക്കുന്ന ഹാജരും പ്രസിദ്ധീകരിക്കേണ്ടതാണ്. ഓരോ ക്ലാസ്സിലെയും മാർക്ക് ലിസ്റ്റിന്റെ കോപ്പി നവംബർ 4-നുമുമ്പ് അതിരൂപതാമതബോധനകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതുമാണ്.

## 1. Headmasters' Conference

Date : 20th September
Day : Sunday
Time : 02.30 pm
Venue: Catechetical Centre, DBCLC, Thrissur

എല്ലാ ഹെഡ്മാസ്റ്റർമാരേയും പ്രത്യേകം ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും എത്തേണ്ടതാണ്. പ്രാതിനിധ്യം ഇല്ലാതെ വരരുത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**2. Sunday Catechism -Half Yearly Examination 02.00 pm - 04.00pm**

4th October Stds. I, III, V, VII, IX, XI
11th October Stds. II, IV, VI, VIII, X, XII, ACC

**3. School Catechism & Moral Science - Half Yearly Examination**

വാർഷിക പ്രോഗ്രാമിൽ അറിയിച്ചിരുന്നതിൽനിന്നു വ്യത്യസ്തമായി **2015 ഒക്ടോബർ 9–ന് വെള്ളി**യാഴ്ചയാണ് അർദ്ധവാർഷിക പരീക്ഷകൾ നടത്തേണ്ടത്.

Question Paper Packets can be taken from Archdiocesan Catechetical Centre from 5th October onwards.

**4. Progress Report**

പരീക്ഷകൾക്കുശേഷം കുട്ടികളുടെ മാതാപിതാക്കൾക്കുള്ള Progress Report Forms (Sunday Catechism) Catechetical Book Stallൽ നിന്ന് വാങ്ങാവുന്നതാണ്.

**5. Animation Course for Sunday Catechism Teachers**

Time : 02.00 - 05.00
Dates : 18th October, 15th November, 13th December
Venue : Catechetical Centre, DBCLC, Thrissur
വിഷയം : കരുണയും നീതിയും

അധ്യാപകരെ പറഞ്ഞയയ്ക്കുവാൻ അധികൃതർ ശ്രമിക്കുമല്ലോ. വാർഷിക പ്രോഗ്രാം പേജ് 36–37 കാണുക

**6. One Day Seminar for Std. XII Students :**

**Topic :** **Misericordiae Vultus** (കരുണയുടെ മുഖം)
**Venue :** **Catechetical Centre, (DBCLC, Archbishop's House) Thrissur**
(വാർഷിക പ്രോഗ്രാം പേജ് 25–26 കാണുക )

Std. XII ലെ എല്ലാ ഞായറാഴ്ച മതബോധന വിദ്യാർത്ഥി വിദ്യാർത്ഥിനികളും അതിരൂപതാ മതബോധന കേന്ദ്രത്തിൽ വെച്ച് നടത്തുന്ന ഏകദിന സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ട

താണ്. സമയം 9.30 am – 4.30 pm. സെമിനാറിൽ വരുന്ന കുട്ടികൾക്ക് ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്. സെമിനാറിന്റെ സമയം കൃത്യമായി കുട്ടികളുടെ മാതാപിതാക്കളെ അറിയിക്കേണ്ടതാണ്. ക്ലാസ്സ് അദ്ധ്യാപകരുടെ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു. ഫൊറോന അടിസ്ഥാനത്തിൽ യൂണിറ്റുകൾക്ക് നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങൾ താഴെ ചേർക്കുന്നു. ഏതെങ്കിലും യൂണിറ്റുകൾക്ക് നിശ്ചയിച്ചിരിക്കുന്ന ദിവസത്തിൽ പ്രത്യേക കാരണത്താൽ പങ്കെടുക്കാൻ സാധിക്കുന്നില്ലെങ്കിൽ മറ്റൊരു ദിവസത്തേക്ക് മാറ്റം വരുത്തുന്നതിന് മതബോധനകേന്ദ്രത്തിൽ October 1ന് മുമ്പ് അറിയിക്കേണ്ടതാണ്.

സെമിനാർ സമയം : 09.30 am – 04.30 pm

| Sl. No. | Students from Foranes of | Date |
|---|---|---|
| 1. | Thrissur Cathedral | Oct.18 |
| 2. | Wadakanchery, Velur, Mattom | Oct. 25 |
| 3. | Pudukad, Pattikad | Nov. 01 |
| 4. | Thrissur Basilica, Kottekad | Nov. 08 |
| 5. | Kandassankadavu, Pazhuvil, Erumapetty | Nov. 15 |
| 6. | Palayur, Parappur, Puthur | Nov. 22 |
| 7. | Ollur, Chelakkara | Nov. 29 |

## 7. Logos Quiz

Std. V മുതലുള്ള എല്ലാ കുട്ടികളേയും പ്രസ്തുത പരീക്ഷയെഴുതുവാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## 8. Syro - Malabar Catechetical Commission Award- 2015

ഈ അവാർഡിനുവേണ്ടി, ഇടവകയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട Std. XII-ൽ ഇപ്പോൾ പഠിക്കുന്ന 2 ആൺകുട്ടികളുടേയും 2 പെൺകുട്ടികളുടേയും പ്രവേശനഫോറങ്ങൾ മതബോധന കേന്ദ്രത്തിൽ എത്തിച്ചുതരാത്ത യൂണിറ്റുകൾ എത്രയും വേഗം എത്തിച്ചു തരേണ്ടതാണ്. ഇവർക്കുവേണ്ടി ഫൊറോനാടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പിന്റെ സംവിധാനം ചെയ്തുകൊണ്ടിരിക്കുന്നു. ഓരോ തിയ്യതിയിലും നടത്തപ്പെടുന്ന ഫൊറോനകൾ താഴെ ചേർക്കുന്നു.

**Forane Level Half Day Workshop Programme**

Oct. 18 Sunday Pudukad, Puthur, Velur, Wadakkanchery

| | |
|---|---|
| Oct. 25 Sunday | Basilica, Cathedral, Chelakkara, Erumapetty |
| Nov. 1 Sunday | Kandassankadavu, Kottekad, Mattom, Ollur |
| Nov. 8 Sunday | Palayur, Parappur, Pattikad, Pazhuvil |

ഉച്ചക്ക് 01.30 മുതൽ 04.30 വരെയാണ് ഇവർക്കുള്ള ക്ലാസ്സ്. 01.30 ന് മുമ്പു തന്നെ കുട്ടികളെ ഫൊറോനകേന്ദ്രങ്ങളിൽ എത്തിച്ചിരിക്കേണ്ടതാണ്. ഫൊറോനാകേന്ദ്രത്തിലേക്ക് യൂണിറ്റിൽ നിന്നും പങ്കെടുക്കാൻ വരുന്ന കുട്ടികൾ വികാരിയച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്. വാർഷിക പ്രോഗ്രാമിലെ തിയ്യതികളിൽ വന്ന മാറ്റം ശ്രദ്ധിക്കുമല്ലോ.

**9. Unit Secretary Conference**

ഈ വർഷത്തെ Unit Secretary Conference 1st November Sunday ആണ്. എല്ലാ യൂണിറ്റ് സെക്രട്ടറിമാരേയും പ്രത്യേകം ക്ഷണിക്കുന്നു. 02.30 pm at Catechetical Centre, DBCLC

**10. Archdiocesan Catechetical Merit Day 15th August**

ഈ വർഷത്തെ മെറിറ്റ് ഡേ ആഗസ്റ്റ 15–ന് സാഘോഷം നടത്തപ്പെട്ടു. അഭിവന്ദ്യ പിതാവ് മാർ ആൻഡ്രൂസ് താഴത്ത് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു. അതിരൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ സമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നു. അതിരൂപതാപരീക്ഷകളിൽ റാങ്ക് നേടിയ വിദ്യാർത്ഥികൾക്കും പഠനരംഗത്ത് ഉന്നതസ്ഥാനം കരസ്ഥമാക്കിയ മതബോധനയൂണിറ്റുകൾക്കും സ്കൂളുകൾക്കും മാതൃകാ മതബോധനയൂണിറ്റുകൾക്കും അഭിവന്ദ്യപിതാവ് സമ്മാനങ്ങളും ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റും റോളിങ്ങ് ട്രോഫികളും വിതരണം ചെയ്യുകയുണ്ടായി.

**11. Full Attendance from Std. I to ACC (15 years)**



**Jibitha K. J.**
Kaveed



**Lisa A. Johnson**
Parappur



**Blessy Job C.**
Kaveed

## 12. Sunday Catechism Archdiocesan Level Best Model Unit - St. Thomas Church, Thiroor

### Forane Level Model Units - 2014-2015

| Sl. No. | Forane | Model Unit |
|---|---|---|
| 1. | Basilica | Ayyanthole |
| 2. | Cathedral | Mariapuram |
| 3. | Chelakkara | Mullurkkara |
| 4. | Erumapetty | Parempadam |
| 5. | Kandassankadavu | North Pudukad |
| 6. | Kottekad | Viyyur |
| 7. | Mattom | Chittattukara |
| 8 | Ollur | Chiyyaram |
| 9. | Palayur | Palayur |
| 10. | Parappur | Parappur |
| 11. | Pattikad | Chuvannamannu |
| 12. | Pazhuvil | Peringottukara |
| 13. | Pudukad | Pudukad |
| 14. | Puthur | Ponnukkara |
| 15. | Velur | Thayyur |
| 16. | Wadakkanchery | Thiroor |

Congratulations!

സസ്നേഹം,

Fr. Tens Kunnappilly
Fr. Jijo Kappilamnirappel
(Asst. Directors)

Fr. Raphael Akkamattathil
Director

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി

**B. A. in Theology & Religious Studies**: വിദ്യാർത്ഥികൾ മേരിമാതാ മേജർ സെമിനാരിയിൽ നടന്ന ഇന്റർനാഷണൽ സിംപോസിയത്തിൽ പങ്കെടുത്തു.

**കറസ്പോണ്ടൻസ് തിയോളജി കോഴ്സ്** :

**ക്ലാസ്സുകൾ**: സെപ്റ്റം.13, സെപ്റ്റം 20 എന്നീ ഞായറാഴ്ചകളിൽ 02 pm - 05 pm വരെ

**പരീക്ഷകൾ**: ഒക്ടോബർ 2, 3, 10, 17, 24, 31 എന്നീ ദിവസങ്ങളിൽ ഒന്നാം വർഷക്കാർക്കും ഒക്ടോബർ 2, 3, 10 എന്നീ ദിവസങ്ങളിൽ രണ്ടാം വർഷക്കാർക്കും 02 pm- 04 pm ആനുവൽ എക്സാമിനേഷൻ ഉണ്ടായിരിക്കും. പരീക്ഷ എഴുതുന്നതിനു മുമ്പ് എല്ലാ Assignments-കളും സമർപ്പിക്കേണ്ടതാണ്. Time Table താഴെ കൊടുക്കുന്നു.

**1st and 2nd year examination**

Oct 2 -ദൈവശാസ്ത്രത്തിനൊരാമുഖം, സാമൂഹിക നീതി, പത്തുകല്പനകൾ, വി. പൗലോസിന്റെ ലേഖനങ്ങൾ

Oct 3 -സഭാവിജ്ഞാനീയം, ഇതരമതങ്ങളോടുള്ള കത്തോലിക്കസഭയുടെ കാഴ്ചപ്പാട്, ആരാധാനക്രമപാരമ്പര്യങ്ങളും കേരള ക്രൈസ്തവ സഭാസമൂഹങ്ങളും, അനുരജ്ഞനകൂദാശ

Oct 10 -ആദ്ധ്യാത്മിക ദൈവശാസ്ത്രം, വി.കുർബ്ബാനയുടെ ചരിത്രപശ്ചാത്തലം, സുവിശേഷങ്ങൾ, പഴയനിയമത്തിനൊരാമുഖം

**1st year examination**

Oct 17 -ക്രിസ്തുവിജ്ഞാനീയം, യുഗാന്ത്യ ദൈവശാസ്ത്രം (മരണാന്തരജീവിതം, തലമുറകൾ നീളുന്ന ശാപം), സഭാനിയമങ്ങളും പൗരസ്ത്യ സഭയുടെ കാനോനസംഹിതയും, രണ്ടാം വത്തിക്കാൻ കൗൺസിൽ

Oct 24 -ധാർമ്മിക ശാസ്ത്രത്തിനൊരാമുഖം, മനസാക്ഷി, കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം, ത്രിയേകദൈവം, ദൈവവചനം-ദൈവദാനം

Oct 31- വിശ്വാസപ്രമാണം, കൗദാശിക ദൈവശാസ്ത്രം, സ്നേഹത്തിന്റെ കൂദാശ, സഭാ പ്രബോധനങ്ങൾ- കുടുംബം

ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ

# മേരിമാതാ മേജർ സെമിനാരി

### സിനഡ് പിതാക്കന്മാരുടെ സന്ദർശനം

സീറോ മലബാർ സിനഡിന്റെ തീരുമാനപ്രകാരം സിനഡിനെ പ്രതിനിധീകരിച്ച് കോട്ടയം മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് പിതാവും രാമനാഥപുരം മെത്രാൻ മാർ പോൾ ആലപ്പാട്ടും ദ്വിദിന സന്ദർശനത്തിനായി സെമിനാരിയിൽ എത്തി. സെമിനാരിയുടെ പ്രവർത്തനങ്ങളെ വിലയിരുത്താനും സെമിനാരിയിലെ പ്രൊഫസർമാരെയും വിദ്യാർത്ഥികളെയും സ്റ്റാഫിനെയും കണ്ട് അഭിപ്രായങ്ങൾ ആരായാനും അവർക്ക് സാധിച്ചു. സെമിനാരിയുടെ പ്രവർത്തനങ്ങളിൽ മതിപ്പ് രേഖപ്പെടുത്തിയ പിതാക്കന്മാർ വളർച്ചയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകി.

### ഉപകാരി സംഗമം

വൈദിക പരിശീലനത്തിന് സാമ്പത്തികമായി സഹായിക്കുന്ന ഉപകാരികളുടെ സംഗമം ആഗസ്റ്റ് 1ന് അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഉച്ചകഴിഞ്ഞ് നടന്ന സമ്മേളനത്തിൽ  സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്നുള്ളതായ ഉപകാരികൾ പങ്കെടുത്തു. ഉപകാരികൾ വൈദികരെക്കുറിച്ചും, വൈദികവിദ്യാർത്ഥികളെക്കുറിച്ചും വിശ്വാസികൾക്കുള്ള ആഗ്രഹങ്ങളും ആകുലതകളും പങ്കുവച്ചു. വൈദികപരിശീലനത്തിന് പ്രാർത്ഥനകൊണ്ടും പണം കൊണ്ടും സഹായിക്കുന്ന ഉപകാരികൾക്ക് റെക്ടറച്ചൻ നന്ദിപ്രകാശിപ്പിച്ചു. തുടർന്ന് പ്രവർത്തകസമിതി യോഗം ചേരുകയും പുതിയ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തു. ഉപകാരികൾ വൈദിക വിദ്യാർത്ഥികളുമായി സ്നേഹം പങ്കുവെച്ച് വൈകുന്നേരത്തോടെ തിരിച്ചുപോയി.

### വിയാനി ദിനം

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 3ന് വൈകുന്നേരം ആഘോഷമായ സായാഹ്ന പ്രാർത്ഥനയോടെ ആരംഭിച്ചു. ഫാ. റോയ് മൂക്കൻ കാർമ്മികത്വം വഹിക്കുകയും ഫാ. ബിൽജു വാഴപ്പിള്ളി സന്ദേശം നൽകുകയും ചെയ്തു. തിരുനാൾ ദിനം രാവിലെ ഫാ. ജോസ് എടക്കളത്തൂർ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. അന്നേദിവസം വൈകുന്നേരം ഒന്നാം വർഷ ദൈവശാസ്ത്ര-തത്വശാസ്ത്രവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വളരെ വ്യത്യസ്തവും പുതുമയുമാർന്ന കലാവിരുന്ന് സംഘടിപ്പിച്ചത് ആഘോഷങ്ങൾക്ക് കൂടുതൽ നിറം പകരാൻ ഉപകരിച്ചു.

**മാസധ്യാനം**

ആഗസ്റ്റ് മാസത്തിലെ മാസധ്യാനം 7-ാം തിയതി വൈകുന്നേരം റെക്ടറച്ചന്റെ ഉപദേശത്തോടെ ആരംഭിച്ചു. ബഹു. ജോജി കല്ലിങ്കൽ അച്ചനാണ് ധ്യാനം നയിച്ചത്. പിറ്റേദിവസം ഉച്ചയ്ക്ക് ദിവ്യബലിയോടെ സമാപിച്ച ധ്യാനം പൗരോഹിത്യ ദർശനങ്ങളുടെ ആഴവും വ്യാപ്തിയും വർദ്ധിപ്പിക്കാൻ സഹായിച്ചു.

**സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണതിരുനാളും**

സ്വർഗ്ഗാരോപണതിരുനാളിനൊരുക്കമായുള്ള ആഘോഷമായ സായാഹ്ന പ്രാർത്ഥനക്ക് ആഗസ്റ്റ് 14ന് വൈകുന്നേരം ഫാ. ചാക്കോ നടക്കേവെളിയിൽ കാർമ്മികത്വം വഹിക്കുകയും ഫാ. ജിഫി മേക്കാട്ടുകുളം സന്ദേശം നൽകുകയും ചെയ്തു. തിരുനാൾ ദിനം ഫാ.സനോജ് മുണ്ടൻപ്ലാക്കൽ ദിവ്യബലിയർപ്പിച്ച് തിരുനാൾ സന്ദേശം നൽകി. അതിനുശേഷം ദേശീയ പതാക ഉയർത്തുകയും പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. മൂന്നാം വർഷ തത്വശാസ്ത്രവിദ്യാർത്ഥികൾ മനോഹരമായി ഡിസ്പ്ലേ അവതരിപ്പിച്ചു. അന്നേ ദിവസം നടന്ന സമ്മേളനത്തിൽ കേരള നിയമസഭാ ചീഫ്. വിപ്പ്. ശ്രീ. തോമസ് ഉണ്ണിയാടൻ എം. എൽ.എ. വിശിഷ്ടാതിഥിയായി പങ്കെടുത്തു. പ്രസ്തുത ചടങ്ങിൽ ഫാ. പോൾ മാറോക്കി തയ്യാറാക്കിയ 'ദൈവമേഖല' എന്ന പുസ്തകത്തിന്റെ പുനപ്രസിദ്ധീകരിച്ച പതിപ്പ് പ്രകാശനം ചെയ്തു.

**അന്താരാഷ്ട്ര സിംബോസിയം**

Emergence of Christian Identity in the Early Church & Pastoral Challenges Today എന്ന വിഷയത്തെ ആസ്പദമാക്കി ആഗസ്റ്റ്22ന് മേരി മാതാ സെമിനാരിയിൽ അന്താരാഷ്ട്ര സിംബോസിയം സംഘടിപ്പിച്ചു. ബെൽജിയത്തെ ലുവെയ്ൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറായ ഡോ. റെയ്മണ്ട് ബൈറിംഗർ ഉദ്ഘാടന പ്രബന്ധം അവതരിപ്പിച്ചു. തുടർന്ന് ജെർമ്മനിയിലെ ടെക്നിക്കേ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. ബീറ്റേ കോവാൾസ്കി, ഡോ. ജോസഫ് നാൽപ്പതിൽച്ചിറ, മുൻ ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. തുടങ്ങിയ പ്രഗത്ഭർ വിവിധ വിഷയങ്ങളിലായി പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമുള്ള പ്രമുഖർ സിംബോസിയത്തിൽ പങ്കെടുത്തു.

**ഓണാഘോഷം..**

ആഗസ്റ്റ് 28ന് തിരുവോണനാളിൽ ഓണാഘോഷ പരിപാടികൾ ഏറ്റവും മനോഹരമായി ആഘോഷിച്ചു. അന്നേദിനം പ്രഭാതത്തിൽ ഫാ. ഫ്രാൻസീസ് ആളൂർ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. വിവിധ ബാച്ചുകാരുടെ നേതൃത്വത്തിൽ ഓണക്കളികൾ അരങ്ങേറുകയും മാവേലിയെ സെമിനാരിയിലേക്ക്

ആനയിക്കുകയും ചെയ്തു. ഉച്ചയ്ക്ക് സെമിനാരി കുടുംബം ഒരുമിച്ച് ഓണ സദ്യ ഉണ്ണുകയും സൗഹൃദം പങ്കിടുകയും ചെയ്തു. മലയാളികളുടെ ദേശീയോത്സവമായ ഓണം എല്ലാ വർഷത്തെയും പോലെ സമുചിതമായി ആഘോഷിക്കാൻ കഴിഞ്ഞത് ഏവർക്കും സന്തോഷകരമായി.

**ഡീക്കന്മാർ വീണ്ടും മേരിമാതയിലേക്ക്**

പൗരോഹിത്യത്തിനൊരുക്കമായുള്ള അഞ്ച്മാസത്തെ പ്രായോഗിക പരിശീലനത്തിനുശേഷം ഡീക്കന്മാർ വിവിധ ഇടവകകളിൽ നിന്ന് ആഗസ്റ്റ് 31ന് സെമിനാരിയിൽ തിരിച്ചെത്തി. പൗരോഹിത്യത്തിനൊരുക്കമായുള്ള ഈ പരിശീലന കാലയളവ് അങ്ങേയറ്റം ഉപകാരപ്രദവും ഫലദായകവുമായിരുന്നുവെന്ന് ഈ വർഷം പട്ടം സ്വീകരിക്കാനുള്ള 23 ഡീക്കന്മാരും അഭിപ്രായപ്പെട്ടു. സെമിനാരിയിലെ അവസാനവട്ട പരീക്ഷകൾക്കായും പഞ്ചാബിലെ മിഷൻ അനുഭവത്തിനായും ഒരുങ്ങുന്ന എല്ലാ ഡീക്കന്മാർക്കും സെമിനാരിയുടെ പ്രാർത്ഥനാശംസകൾ...

**ബേഴ്സ് സ്ഥാപിച്ചവർ**

**Institutional Patron Membership**

1. റവ. ഫാ. വികാർ & പാരിഷ്ണേഴ്സ്, സെന്റ് തോമസ് ചർച്ച്, അരണാട്ടുകര

**Individual Benefactor Membership**

1. റവ. ഫാ. വികാർ & പാരിഷ്ണേഴ്സ്, സെന്റ് തോമസ് ചർച്ച്, കാഞ്ഞാണി
2. ശ്രീ. ജോൺ ഒ പുലിക്കോട്ടിൽ, പുലിക്കോട്ടിൽ ഹൗസ്, തിരുനെല്ലൂർ
3. ശ്രീ. ടി. ജെ. സെബാസ്റ്റ്യൻ, തരകൻ (പൊക്കത്ത്)ഹൗസ്, പാവറട്ടി
4. ശ്രീ. ജോജു ബേബി, ഒലക്കേങ്കിൽ ഹൗസ്, കിഴക്കുംപാട്ടുകര
5. ശ്രീ. കെ. ജെ. പൗലോസ്, കുണ്ടുകുളം ഹൗസ്, ചിറ്റിലപ്പിള്ളി

**ഫാ. ബാബു പാണാട്ടുപറമ്പിൽ**
**റെക്ടർ**

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

### വിനോദയാത്ര

ഏഴുഗ്രൂപ്പുകളിലായി തിരിഞ്ഞ് സെമിനാരി വിദ്യാർത്ഥികൾ 2015 ജൂലൈ 18–ാം തിയതി തൃശ്ശൂർ ജില്ലയിലെ വിവിധ സ്ഥലങ്ങളിലേക്ക് ഉല്ലാസ യാത്ര നടത്തി.

### അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ

ജൂലൈ 25–ാം തിയതി വി. യാക്കോബ് ശ്ലീഹായുടെ നാമം പേറുന്ന അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന് സെമിനാരി കുടുംബം തിരുനാൾ ആശംസകൾ നേർന്നു. അഭിവന്ദ്യ തൂങ്കുഴി പിതാവ് വിശുദ്ധ ബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

### ഗുണകാംക്ഷി സംഗമം – 2015

ഒന്നിടവിട്ടുള്ളവർഷങ്ങളിൽ മൈനർ സെമിനാരിയിൽ പതിവായി നടത്തിവരുന്ന ഗുണകാംഷി സംഗമം 2015 ജൂലൈ 25–ാം തിയതി സംഘടിപ്പിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപതയിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിൽ ആത്മാർത്ഥമായി സഹകരിച്ചുകൊണ്ടിരിക്കുന്നവരിൽ ഏകദേശം 300പേർ സംഗമത്തിൽ പങ്കെടുത്തു.

അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് അന്നേദിവസം വിശുദ്ധ ബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. സൗഹൃദകൂട്ടായ്മക്കും സ്നേഹവിരുന്നിനും ശേഷം പ്രാർത്ഥനയും സഹകരണവും വാഗ്ദാനം ചെയ്തുകൊണ്ട് ഗുണകാംഷികൾ സെമിനാരികുടുംബത്തോട് യാത്ര പറഞ്ഞു.

### വിയാനിദിനാഘോഷം

വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടും അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപതയിലെ വൈദികർ 2015 ജൂലൈ 30–ാം തിയതി സെമിനാരിയിൽ ഒത്തുചേർന്നു. ഈ വർഷം ശുശ്രൂഷാ പൗരോഹിത്യ ജീവിതത്തിന്റെ വിവിധ ജൂബിലികളാഘോഷിക്കുന്ന വന്ദ്യവൈദികർക്ക് ആശംസകളും ആദരങ്ങളും അർപ്പിക്കുകയെന്നതും ഈ ദിവസത്തെ കൂട്ടായ്മയുടെ ലക്ഷ്യമായിരുന്നു. അഭിവന്ദ്യ പിതാക്കന്മാരും ജൂബിലിയേറിയന്മാരും കാർമ്മികത്വം വഹിച്ച വിശുദ്ധ ബലിയിൽ ബഹു. ആൻഡ്രൂസ് കുറ്റിക്കാട്ട

ച്ചൻ വചന വിചിന്തനം നടത്തി.സ്നേഹവിരുന്നിനുശേഷം നടന്ന വൈദിക സമ്മേളനത്തിൽ അഭിവന്ദ്യ തൂങ്കുഴി പിതാവിനും ജൂബിലേറിയന്മാർക്കും ആശംസകൾ നേരുകയുണ്ടായി. തദവസരത്തിൽ സെമിനാരി വിദ്യാർത്ഥികൾ എളിയ കലാപരിപാടികളും അവതരിപ്പിച്ചു.

**എക്സ്റ്റെൻഷൻ ലക്ച്ചർ**

2015 ആഗസ്റ്റ് 1-ാം തിയതി 'ടൈം മാനേജ്മെന്റ്' എന്ന വിഷയത്തെ സംബന്ധിച്ച് ബഹു. സിജോ അരിക്കാട്ടച്ചൻ പ്രഭാഷണം നടത്തുകയും പ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**വിശുദ്ധ വിയാനിയുടെ തിരുനാൾ**

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 4-ാം തിയതി തൃശ്ശൂർ പരിശുദ്ധ വ്യാകുലമാതാവിൻ ബസിലിക്കാ റെക്ടർ വെരി. റവ. ഫാ. ഡേവീസ് പുലിക്കോട്ടിൽ സെമിനാരി കുടുംബത്തോടൊപ്പം വിശുദ്ധ ബലിയർപ്പിക്കുകയും സന്ദേശം നൽകുകയു ംചെയ്തു. വൈകീട്ട് വീശുദ്ധ വിയാനിയുടെ ജീവിതചരിത്രത്തെ ആസ്പദമാക്കിയിട്ടുള്ള ക്വിസ് മത്സരം വൈദിക വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കപ്പെട്ടു.

**മാസധ്യാനം**

ആഗസ്റ്റ് മാസത്തെ ധ്യാനം 7, 8 തിയതികളിൽ നടന്നു. ബഹു. ഷിജു ചിറ്റിലപ്പിള്ളിയച്ചൻ മൈനർ സെമിനാരിക്കാർക്കും ബഹു. ജോയ് പുത്തൂരച്ചൻ ബിരുദവിദ്യാർത്ഥികൾക്കും റീജൻസിക്കാർക്കും ധ്യാനചിന്തകൾ നൽകി.

**പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷവും**

ഭാരതീയ ക്രൈസ്തവരെ സംബന്ധിച്ച് ഏറെ പ്രാധാന്യമുള്ള ഇന്നേദിവസം ബഹു. ഫ്രാൻസീസ് ആളൂരച്ചൻ വിശുദ്ധ ബലിയർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. ദേശീയ പതാക ഉയർത്തി അർത്ഥപൂർണ്ണമായ സ്വാതന്ത്ര്യദിനചിന്തകളും അദ്ദേഹം പങ്കുവെയ്ക്കുകയുണ്ടായി.

**അഭിവന്ദ്യ മാർ ജോയ് ആലപ്പാട്ടിന്റെ സന്ദർശനം**

ചിക്കാഗോ സീറോ മലബാർ രൂപതയുടെ സഹായമെത്രാനായ മാർ ജോയ് ആലപ്പാട്ട് പിതാവ് 2015 ആഗസ്റ്റ് 16-ാം തിയതി സെമിനാരി സന്ദർശിക്കുകയും വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

**പരീക്ഷകൾ, അവധിക്കാലം**

സെമിനാരിയിലെ ഈ അദ്ധ്യയന വർഷത്തിലെ ആദ്യടേം പരീക്ഷകൾ 2015 ആഗസ്റ്റ് 13 മുതൽ 25–ാം തിയതി വരെയുള്ള ദിവസങ്ങളിലായിരുന്നു. സെമിനാരി കുടുംബത്തിന്റെ ഓണാഘോഷം ആഗസ്റ്റ് 25ന് നടന്നു. ആഗസ്റ്റ് 26–ാം തിയതി ഓണാവധി ആരംഭിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ജോസഫ് ഇ.ടി., എടക്കളത്തൂർ പനയ്ക്കൽ ഹൗസ്, വടക്കൻ പുതുക്കാട്
2. ശ്രീ. പോൾ എം. കെ. മൂക്കൻ ഹൗസ്, കെയ്ക്കോ റോഡ്, തൃശ്ശൂർ
3. സെന്റ് ജോൺ മരിയ വിയാനി കുടുംബക്കൂട്ടായ്മ, സെന്റ് ആന്റണീസ് ചർച്ച്, നോർത്ത് കാരമുക്ക്

നല്ലയിടനായ ഈശോയുടെ പ്രതിരൂപങ്ങളാകാൻ ഒരുങ്ങുന്ന വൈദിക വിദ്യാർത്ഥികൾക്ക് പിന്തുണ നൽകുന്ന എല്ലാവരെയും അവിടുന്ന് ധാരാള മായി അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
(റെക്ടർ)

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ.... ആചരിക്കാൻ.... 2015 സെപ്തംബർ**

| | |
|---|---|
| 4. വെള്ളി | – ആദ്യവെള്ളി, കുർബ്ബാന |
| 5 ശനി | – അദ്ധ്യാപകദിനം |
| 8. ചൊവ്വ | – മറിയത്തിന്റെ പിറവിതിരുനാൾ & ലോകസാക്ഷരതാദിനം |
| 16 ബുധൻ | – ഓസോൺ ദിനം |
| 21 തിങ്കൾ | – വി. മത്തായി ശ്ലീഹാ & ലോക സമാധാന ദിനം |
| 27 ഞായർ | – വി. വിൻസെന്റ് ഡി പോൾ |

**2. അതിരൂപതാ അവാർഡ് ദിനം**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2015 നവംബർ 14–ാം തിയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് ഡി.ബി. സി.എൽ. സിയിൽ വെച്ചാണ്. വിശദവിവരങ്ങൾ 2015 ആഗസ്റ്റ് മാസത്തിലെ അതിരൂ പതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അർഹരായവരെ അതിൽ പങ്കെ ടുപ്പിക്കാൻ ശ്രദ്ധിയ്ക്കുമല്ലോ.

**3. അഭിനന്ദനങ്ങൾ**

1. തൃശ്ശൂർ ജില്ലയിലെ Best PTA Award ന് (ഹൈസ്കൂൾ വിഭാഗം) അർഹരായ ചിറ്റാട്ടുകര, സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിന് അഭിനന്ദനങ്ങൾ!

2. വലപ്പാട് ഉപജില്ലയിലെ Best PTA Award ന് (യു. പി. വിഭാഗം) അർഹരായ വാടാനപ്പിള്ളി സെന്റ് ഫ്രാൻസീസ് സേവിയേഴ്സ് R.C.U.P.S. ന് അഭിനന്ദനങ്ങൾ!

3. തൃശ്ശൂർ ജില്ല സമ്പൂർണ്ണ കായികക്ഷമത അവാർഡ് നേടിയ ചൊവ്വൂർ, സെന്റ് സേവിയേഴ്സ് ഹൈസ്കൂളിന് അഭിനന്ദനങ്ങൾ!

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപ്പറേറ്റ് മാനേജർ

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**ബി.എഡ്. ഒന്നാം സെമസ്റ്റർ പരീക്ഷ സമാപിച്ചു.**

2014-2015 അദ്ധ്യയന വർഷത്തിലെ ബി. എഡ്. വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷകൾ ജൂലൈ 8ന് തുടങ്ങി ജൂലൈ 14ന് സമാപിച്ചു.

**2. സെമിനാറിൽ പങ്കെടുത്തു**

മണ്ണുത്തി ഡോൺ ബോസ്കോയിൽ ജൂലൈ 18-ാം തിയതി നടന്ന Preventive System of Education എന്ന വിഷയത്തെക്കുറിച്ചുള്ള സെമിനാർ മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ നിന്നും ഫാ. ചാക്കോ ചിറമ്മലും വിദ്യാർത്ഥി പ്രതിനിധികളും പങ്കെടുത്തു.

**3. മത്സരവിജയികളെ പ്രഖ്യാപിച്ചു.**

മലയാളം ചെറുകഥാ മത്സരത്തിൽ ഫെമീ ഒന്നാം സ്ഥാനത്തിന് അർഹയായി. ഗോപാൽ, ഫാ. ജോൺ പോൾ എന്നിവർ രണ്ടാം സ്ഥാനത്തിനും സ്മിത വർഗ്ഗീസ് മൂന്നാം സ്ഥാനത്തിനും അർഹരായി.

ആൺകുട്ടികളുടെ വിഭാഗത്തിൽ നിന്നും ഫാ. ജോൺ പോൾ, പെൺകുട്ടികളുടെ വിഭാഗത്തിൽ നിന്നും ജിൻസി ജോർജിനേയും സർഗ്ഗപ്രതിഭകളായി തിരഞ്ഞെടുത്തു.

**ടാലന്റ്ഷോ സംഘടിപ്പിക്കപ്പെട്ടു.**

പുതുതായി ചേർന്ന ബി.എഡ്. വിദ്യാർത്ഥികളുടെ ടാലന്റ് ഷോ സംഘ

ടിപ്പിക്കപ്പെട്ടു. ജൂലൈ 24, 30 തീയതികളിലായി നടത്തിയ ടാലന്റ് ഷോയിൽ എല്ലാ വിദ്യാർത്ഥികളും മികച്ച പ്രകടനം കാഴ്ചവെച്ചു.

**അനുസ്മരണം നടത്തി**

മുൻ പ്രസിഡന്റ് എ. പി. ജെ. അബ്ദുൾ കലാമിന്റെ അനുസ്മരണാർത്ഥം ജൂലൈ 28-ാം തിയതി ഒരു മിനിറ്റ് മൗനമായി പ്രാർത്ഥിച്ചു. സയൻസ് ഓപ്ഷന്റെ നേതൃത്തിൽ സ്ലൈഡ് പ്രസന്റേഷനും വിദ്യാർത്ഥി പ്രിതിനിധി ദീപ്തിയുടെ അനുസ്മരണ പ്രഭാഷണവും ഉണ്ടായിരുന്നു. ഓഗസ്റ്റ് 5 ഒരു മണിക്കൂർ അധികസമയം ക്ലാസ്സ് എടുത്ത് മാതൃകയായി. ക്വിസ് മത്സരവും സംഘടിപ്പിച്ചു.

**ജന്മദിനവും ഫീസ്റ്റും ആഘോഷിച്ചു**

മഹാജൂബിലി കോളേജ് അദ്ധ്യാപകരായ ജോസി മിസ്സിന്റെ ജന്മദിനം (ജൂലൈ 28) ഫാ. ഇഗ്നേഷ്യസ് നന്തിക്കരയുടെ ഫീസ്റ്റും ആഘോഷിച്ചു. ജൂലൈ 31 വി. ഇഗ്നേഷ്യസ് ലെയോളയുടെ തിരുനാളാണ് അച്ചന്റെ ഫീസ്റ്റ് ആഘോഷം. അദ്ധ്യാപകർക്ക് ആശംസ നേരുകയും കോളേജിൽ മധുരം വിതരണം ചെയ്യുകയും ചെയ്തു.

**ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കെടുത്തു.**

ബി.എഡ്. രണ്ട് വർഷം ആക്കുന്നതിന്റെ ഭാഗമായി കാലിക്കറ്റ് യൂണിവേഴ്സിറ്റി എല്ലാ അദ്ധ്യാപകർക്കും വേണ്ടി ഒറ്റപ്പാലം എൻ. എസ്. എസ് ട്രെയിനിംഗ് കോളേജിൽ വെച്ച് ഓഗസ്റ്റ് 3ന് നടത്തപ്പെട്ട ഏകദിന ശില്പശാലയിൽ മഹാജൂബിലി ട്രെയിനംഗ് കോളേജിലെ എല്ലാ അദ്ധ്യാപകരും പങ്കെടുത്തു.

**എം.എഡ്. പരീക്ഷകൾ അവസാനിച്ചു.**

2014-2015 അദ്ധ്യയന വർഷത്തിലെ എം.എഡ്. വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി പരീക്ഷ ഓഗസ്റ്റ് 11ന് തുടങ്ങി ഓഗസ്റ്റ് 21ന് അവസാനിച്ചു.

**ഓണം ആഘോഷിച്ചു.**

ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ ഓഗസ്റ്റ് 21ന് കോളേജിൽ അരങ്ങേറി. ഓണാഘോഷത്തിന്റെ ഭാഗമായി വിവിധ ഓണപരിപാടികളും ഓണസദ്യയും ഒരുക്കിയിരുന്നു.

**ഫാ. ചാക്കോ ചിറമ്മൽ**
പി.ആർ.ഒ.

**ഫാ.ഡിറ്റോ കൂള**
അസി. ബർസാർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

### സാഹോദര്യ സ്മരണ ഉണർത്തി ജൂബിലി മിഷനിൽ ഇഫ്താർ സംഗമം (14.07.2015)

എല്ലാ മനുഷ്യരും ഒരു കുടുംബത്തിലെ അംഗങ്ങളാണെന്ന ബോധ്യം ഉൾക്കൊണ്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നടന്ന ജൂബിലി ഇഫ്താർ സംഗമവും സ്നേഹവിരുന്നും ഹൃദ്യമായി.. കാളത്തോട് ജുമാ മസ്ജിദ് ഇമാം ഹബീബുൾ ഖാസിം വിശിഷ്ടാതിഥിയായിരുന്നു. ജൂബിലി മിഷൻ ന്യൂറോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ഫാസിൽ താഹ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ ആശംസകൾ നേർന്നു. സ്നേഹസംഗമത്തിൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതവും, അസി. ഡയറക്ടർ ഫാ. സുനിൽ ചിരിയങ്കണ്ടത്ത് നന്ദിയും പറഞ്ഞു.

### മെഡിക്കൽ വിദ്യാർത്ഥികൾ ജീവകാരുണ്യത്തിലേക്ക് (15.07.2015)

പഠനത്തോടൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങളിലും ശ്രദ്ധയൂന്നാനായി ശ്രമിക്കുകയാണ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ മെഡിക്കൽ വിദ്യാർത്ഥികൾ. കോളേജ് യൂണിയന്റെ നേതൃത്വത്തിൽ 'ഒരു ദിവസം ഒരു രൂപ' എന്ന സംരംഭം തൃശ്ശൂർ സബ് കളക്ടർ മിർ മുഹമ്മദാലി IAS ഉദ്ഘാടനം ചെയ്തു. ഇതിൽ നിന്ന് സമാഹരിക്കുന്ന തുക നിർദ്ധനരായ രോഗികളുടെ ചികിത്സാ ചെലവിനും പാവപ്പെട്ട കുട്ടികളുടെ പഠനസഹായത്തിനും ചെലവഴിക്കുമെന്ന് കോളേജ് യൂണിയൻ ചെയർമാൻ ശ്രീ. സനിത് കെ. ആർ. അറിയിച്ചു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് യൂണിയന്റെ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. ഒരു വർഷത്തെ യൂണിയൻ പ്രവർത്തനങ്ങൾ സെക്രട്ടറി ശ്രീ. സിറാജുദ്ദീൻ കെ., വൈസ് പ്രസിഡണ്ട് ഫൈറൂസ് പി. പി. എന്നിവർ വിശദീകരിച്ചു. പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി, ഫാ. സുനിൽ ചിരിയങ്കണ്ടത്ത്, ഡോ. സി. വി. ആൻഡ്രൂസ്, ഡോ. അശ്വത്ത് കുമാർ എന്നിവർ സംസാരിച്ചു.

### കത്തോലിക്ക ആശുപത്രി ഡയറക്ടർമാരുടെ ശില്പശാല (25.07.2015)

തൃശ്ശൂർ, പാലക്കാട് ജില്ലകളിലുള്ള കത്തോലിക്കാ ആശുപത്രി ഡയറക്ടർമാരുടെ ശില്പശാല ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നടന്നു. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. ശില്പശാല ഉദ്ഘാടനം ചെയ്തു. കാത്തലിക്ക് ഹെൽത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട്

ഫാ.സുനിൽ ചിരിയങ്കണ്ടത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഗുണ പരമായ മാറ്റം ആശുപത്രികളിൽ ഉണ്ടാകണമെന്നും അതുവഴി രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സയും ജീവനക്കാർക്ക് വർദ്ധിച്ച തൊഴിൽ ആഭിമുഖ്യവും ഉണ്ടാകണമെന്നും ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. പറഞ്ഞു. കത്തോലിക്കാ ആശുപത്രികളിൽ നടന്നുവരുന്ന ക്ഷയരോഗ നിർമാർജ്ജന ത്തെകുറിച്ച് അവലോകനവും ചർച്ചയും ഡോ. സജീവിന്റെ നേതൃത്വത്തിൽ നടന്നു. ആശുപത്രി പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ നേതൃത്വം കൊടു ക്കുവാൻ ആശുപത്രി ഡയറക്ടർമാരെ സജ്ജമാക്കാൻ വേണ്ട ക്ലാസുകൾ ഡോ. ബെന്നി ജോസഫ്, ഫാ. ജൂലിയസ് അറക്കൽ എന്നിവരുടെ നേതൃത്വ ത്തിൽ നടന്നു. അമ്പതോളം പേർ പങ്കെടുത്ത ശില്പശാലക്ക് സോണൽ കോർഡിനേറ്റർ ഫാ. സിജോ അരിക്കാട്ട്, ജിനേഷ് ലാൽ, ആന്റോ ടിങ്കിൾ, സി. വിനീത എന്നിവർ നേതൃത്വം കൊടുത്തു.

**അനുസ്മരണ രക്തദാനം (30.07.2015)**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ രണ്ട് തവണ സന്ദർശനം നട ത്തിയിട്ടുള്ള മുൻ രാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ അനുസ്മരണാർത്ഥം കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ രക്തദാനം നടത്തി. അദ്ദേഹത്തിന്റെ ഭൗതീകശരീരം സംസ്കരിക്കുന്ന അതേ സമയത്ത് തന്നെയാണ് രക്തദാനം നടന്നത്. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കു ന്നത്ത് രക്തം ദാനം ചെയ്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. വി. കെ. രാമൻകുട്ടി ആശംസകളർപ്പിച്ചു. അസി. ഡയറക്ടർ ഫാ. സുനിൽ ചിരിയങ്കണ്ടത്ത്, കോളേജ് യൂണിയൻ ചെയർമാൻ കെ. ആർ. സനിത്ത് എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു. 2008ൽ തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സന്ദർശിച്ചപ്പോൾ ഡോ. എ. പി. ജെ. അബ്ദുൾ കലാം നട്ട അശോക വൃക്ഷത്തിന്റെ ചുവട്ടിൽ അദ്ദേഹത്തിന്റെ അനുശോചനാർത്ഥം പുഷ്പാർച്ചന നടത്തി.

**ബേസിക്ക് എപിഡമോളജി വർക്ക്ഷോപ്പ് (04.08.2015)**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 'ബേസിക് എപ്പിഡമോളജി' വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. ഡയറക്ടർ റവ. ഫാദർ ഫ്രാൻസീസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. പ്രബന്ധം രൂപകൽപ്പന ചെയ്യുന്ന ബിരുദാനന്തരബി രുദ മെഡിക്കൽ വിദ്യാർത്ഥികളെ പരിശീലിപ്പിക്കാൻ ലക്ഷ്യം വെച്ചുള്ളതാ യിരുന്നു വർക്ക്ഷോപ്പ്.

ചടങ്ങിന് പ്രൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി അധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പൽ ഡോ. അലക്സ് ജോസഫ്, സുപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ് എന്നിവർ ആശംസകളർപ്പിച്ചു. 53 വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തു. ഡോ. കെ. രാജൻ, പ്രൊഫ. ഡോ. സന്ധ്യ, അസോ. പ്രൊഫസർ ഡോ. ആഷിഷ്, അസി. പ്രൊഫസർ ഡോ. ഗീതു, അസി. പ്രൊഫസർ, ഡോ. പ്രിയങ്ക ആർ, ബയോസ്റ്റാറ്റിസ്റ്റീഷ്യൻ ശ്രീ. ടോം തോമസ്, എന്നിവർ പ്രബന്ധരചനയെകുറിച്ച് ക്ലാസുകൾ എടുത്തു. രാവിലെ എട്ടിനാരംഭിച്ച വർക്ക്ഷോപ്പ് വൈകീട്ട് നാലരമണിക്ക് സർട്ടിഫിക്കേറ്റ് വിതരണത്തോടെ സമാപിച്ചു.

**പാരാമെഡിക്കൽ കോഴ്സ് – വിദ്യാരംഭം (06.08.2015)**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയ ബാച്ച് പാരാമെഡിക്കൽ വിദ്യാർത്ഥികളുടെ വിദ്യാരംഭം നടന്നു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ വിദ്യാരംഭ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത നിർവ്വഹിച്ചു. ലാബ്, എക്സ് റേ, അനസ്തേഷ്യ, ഒഫ്താൽമോളജി വിഭാഗങ്ങളിൽ അമ്പതോളം വിദ്യാർത്ഥികളാണ് ഡിപ്ലോമ പഠനത്തിനായി വന്നിട്ടുള്ളത്. വിദ്യാർത്ഥികളും രക്ഷിതാക്കളും അടങ്ങിയ ചടങ്ങിന് കോഴ്സ് കോർഡിനേറ്റർ ഡോ. സുശീല ജേക്കബ്ബ് ഇന്ന, സി. ഗോർഡിയാൻ, സി. ലിസ ആന്റോ എന്നിവർ നേതൃത്വം നൽകി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി, മെഡിക്കൽ സൂപ്രണ്ട് ഡോ. ആൻഡ്രൂസ്, അസി. ഡയറക്ടർ ഫാ. സുനിൽ ചിരിയങ്കണ്ടത്ത്, മിസ്. ഐറിൻ പൻകരശി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

**പോലീസ് ഡ്രൈവർമാർക്ക് പ്രഥമ ശുശ്രൂഷാ പരിശീലനം (07.08.2015)**

പരിശീലനം പൂർത്തിയാക്കിയ പുതിയ പോലീസ് ഡ്രൈവർമാർക്കായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ദ്വിദിന പ്രഥമ ശുശ്രൂഷാ ക്യാമ്പ് സംഘടിപ്പിച്ചു. പോലീസ് അക്കാദമി അസിസ്റ്റന്റ് ഡയറക്ടർ എം. കെ. പുഷ്കരൻ ഉദ്ഘാടനം ചെയ്തു. പരിശീലന ചുമതലയുള്ള ഡി.വൈ. എസ്. പി. വിശ്വംഭരൻ, ഫാ. സുനിൽ ചിരിയങ്കണ്ടത്ത് സംസാരിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് എമർജൻസി വിഭാഗം ഡോക്ടർമാരായ വിമൽ കൃഷ്ണൻ, സിജു അബ്രഹാം എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**കൃതജ്ഞതയോടെ 'മാലാഖമാർ' ജൂബിലിയുടെ തറവാട്ടുമുറ്റത്ത് (10.08.2015)**

ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിങ്ങ് ആരംഭിച്ചിട്ട് അൻപതുവർഷം

പിന്നിടുകയാണ്. സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന ഈ വർഷം തന്നെ ഇവിടെനിന്നും പഠിച്ചിറങ്ങിയ രണ്ടായിരത്തോളം വരുന്ന നഴ്സുമാരുടെ സംഗമം വിളിച്ചുകൂട്ടാൻ അധികാരികളും പൂർവ്വവിദ്യാർത്ഥി പ്രതിനിധികളും തീരുമാനിക്കുകയായിരുന്നു. രാജ്യത്തിന് അകത്തും പുറത്തും ഏറ്റവും മാതൃകാപരമായ സേവനം ചെയ്യുന്ന ഇവർ ജൂബിലിയുടെ തറവാട്ടുമുറ്റത്ത് ഒത്തുകൂടിയത് ഏറെ ഹൃദയസ്പർശിയായിരുന്നു. ഏകദേശം അഞ്ഞൂറോളം പേർ പങ്കെടുത്ത സ്നേഹസംഗമം മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ ഡയറക്ടർമാരായ മോൺ. ജോസഫ് കാക്കശ്ശേരി, റവ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്, അസിസ്റ്റന്റ് ഡയറക്ടർമാരായിരുന്ന ഫാ. ജോൺസൺ ചാലിശ്ശേരി, ഫാ. ജോയ് ചിറ്റിലപ്പിള്ളി എന്നിവർ ആശംസകൾ അർപ്പിച്ചു. മുൻകാല പ്രിൻസിപ്പൽമാരെ ചടങ്ങിൽ ആദരിച്ചു. പരിപാടികൾക്ക് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോബി കടപ്പൂരാൻ, നഴ്സിങ്ങ് സ്കൂൾ പ്രിൻസിപ്പൽ സി. സുമി പോൾ, പൂർവ്വവിദ്യാർത്ഥി അസോസിയേഷൻ പ്രസിഡന്റ് ശ്രീമതി ജീനമോൾ എന്നിവർ നേതൃത്വം നൽകി.

ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ്ങിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടത്തിയ രക്തദാന ക്യാമ്പിൽ അദ്ധ്യാപകരും, വിദ്യാർത്ഥികളും, പൂർവ്വ വിദ്യാർത്ഥികളും ചേർന്ന് അമ്പതോളം പേർ രക്തം ദാനം ചെയ്ത് പങ്കുവെയ്ക്കലിന്റെ മാതൃക നൽകി.

**അഭിനന്ദനങ്ങൾ .... ആശംസകൾ ....**

- സെന്റ് ജോൺസ് മെഡിക്കൽ കോളേജ്, ബാംഗ്ലൂരിൽ നടത്തിയ സിസ്റ്റർ നിർമ്മല മെമ്മോറിയൽ ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ ഡോ. നിഹാൽ യൂസുഫ് (പി. ജി. വിദ്യാർത്ഥി, ജനറൽ സർജറി വിഭാഗം)-ന് അഭിനന്ദനങ്ങൾ

**പുതിയ ഡോക്ടർ**

- ഡോ. ഇന്ദുമതി കെ, അസി. പ്രൊഫസർ, പ്ലാസ്റ്റിക് സർജറി വിഭാഗം
- ഡോ. നവീൻ ഐസക്ക് ജോൺ, അസി. പ്രൊഫസർ, പ്ലാസ്റ്റിക് സർജറി വിഭാഗം
- ഡോ. ശ്രീജിത്ത് എസ്. നായർ, അസി. പ്രൊഫസർ, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം

- ഡോ. ജുബിന ബെൻസി എ. ടി, അസി. പ്രൊഫസർ, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ (30 ഡയാലിസിസ്)
- മില്ലേനിയം ഗ്രൂപ്പ് ഓഫ് കമ്പനീസ്, തൃശ്ശൂർ (80 ഡയാലിസിസ്)
- ശ്രീമതി സൗമ്യ ഫ്രാൻസിസ്, മേച്ചേരിപ്പടി ഹൗസ്, കൊഴുക്കുള്ളി, മൂർക്കനിക്കര, തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീ. ജോണി, കണ്ണൂക്കാടൻ ഹൗസ്, ചാലക്കുടി, തൃശ്ശൂർ (20 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീമതി രാഖി, സ്റ്റാഫ് നേഴ്സ്, JMMC, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ

**കൺമണിക്കൊരു കരുതലിലേക്ക് സംഭാവന നൽകിയവർ**

- ഫാ. ജോസ് വടക്കേത്തല, സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം, തൃശ്ശൂർ

**ഹൃദയനിധിയിലേക്ക് സംഭാവന നൽകിയവർ**

- ഫാ. ജോസ് വടക്കേത്തല, സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

- **വിദ്യാർത്ഥികൾക്കായി വാർഷികധ്യാനം** : രണ്ടാംവർഷ കാത്തലിക് വിദ്യാർത്ഥികൾക്കായി ജൂലായ് 24, 25 തിയ്യതികളിലായി ധ്യാനം സംഘടിപ്പിച്ചു. മറ്റു വിദ്യാർത്ഥികൾക്കായി, ഫാ.ജോവി തോട്ടന്റെ നേതൃത്വത്തിൽ ഒരു പേഴ്സണൽ ഡവലപ്മെന്റ് ക്ലാസ്സും സംഘടിപ്പിച്ചു.

- ജൂലായ് 25ന്, പ്രൊഫ. കെ.വി. ജയകുമാറിന്റെ (പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് സിവിൽ എഞ്ചിനീയറിംഗ്, എൻ.ഐ.ടി, വാറംഗൽ) നേതൃത്വത്തിൽ അധ്യാപകർക്കായി സെമിനാർ നടത്തി.

- **14-ാമത് ബാച്ചിന്റെ വിദ്യാരംഭം :** അറിവിൽ നിന്ന് തിരിച്ചറിവിലേയ്ക്കുള്ള ദൂരമാണ് മനുഷ്യത്വത്തിന്റെ അടിസ്ഥാനമെന്നും, ആർഷഭാരതത്തിൽ അറിവും തിരിച്ചറിവും നൽകുന്ന വിദ്യാഭ്യാസമുന്നേറ്റങ്ങൾ കുറഞ്ഞുപോകുന്നുവെന്നും തൃശൂർ അതിരൂപതാ സഹായമെത്രാനും ഭാരത്തിന്റെ അപോസ്തലിക് വിസിറ്റേറ്ററുമായ മാർ. റാഫേൽ തട്ടിൽ അഭിപ്രായപ്പെട്ടു. ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ 14-ാമത് ബാച്ചിന്റെ വിദ്യാരംഭചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആധുനീക മാധ്യമങ്ങൾ കുട്ടികൾ തിരിച്ചറിവോടുകൂടി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അതിരൂപതാ വികാരി ജനറൽ മോൺ. ജോർജ്ജ് എടക്കളത്തൂർ കുട്ടികളേയും മാതാപിതാക്കളേയും ഉദ്ബോധിപ്പിച്ചു. വിദ്യാരംഭച്ചടങ്ങിന് ആധ്യക്ഷം വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗുരുക്കന്മാരെ വന്ദിച്ച് ഗുരുദക്ഷിണ നല്കി തുടങ്ങിയ ചടങ്ങിന് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു സ്വാഗതം ആശംസിച്ചു. കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ കോളേജിനെക്കുറിച്ച് പ്രത്യേക പ്രഭാഷണം നടത്തി. കോളേജ് അഡ്മിനിസ്ട്രേറ്റർ തോമസ് മാത്യു, ബോബി പീറ്റർ, സ്റ്റുഡന്റ്സ് റപ്രസന്റേറ്റീവ് സലീൽ സലീം എന്നിവർ പ്രസംഗിച്ചു. പുതിയ ബാച്ചിലെ കുട്ടികളും മാതാപിതാക്കളുമടക്കം 1500 പേർ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് കുട്ടികൾക്കും മാതാപിതാക്കൾക്കും പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബുവിന്റെ നേതൃത്വത്തിൽ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ സിലബസ് & കരിക്കുലത്തെക്കുറിച്ച് പ്രത്യേക ക്ലാസ്സും ഉണ്ടായിരുന്നു. സീനിയർ വിദ്യാർത്ഥികളുടെ സാംസ്ക്കാരിക പരിപാടികൾ ചടങ്ങ് കൂടുതൽ ആകർഷകമാക്കി.

▶▶ **പൈത്തൺ പ്രോഗ്രാമിംഗ് – ശില്പശാല:** ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ പാഠ്യപദ്ധതിൽ ഉൾപ്പെടുന്ന പൈത്തൺ പ്രോഗ്രാമിംഗിനെക്കുറിച്ച് കോളേജിൽ ജൂലായ് 31, ആഗസ്റ്റ് 1 തിയ്യതികളിൽ ശില്പശാല സംഘടിപ്പിച്ചു. ശ്രീ. പങ്കജ് കുമാർ.ജി. (അസിസ്റ്റന്റ് പ്രൊഫസർ, ഫിസാറ്റ്) നേതൃത്വം നല്കി. കേരള ടെക്നേളജിക്കൽ യൂണിവേഴ്സിറ്റിയുടെ പുതിയ സിലബസ്സ് പ്രകാരമുള്ള ശില്പശാലയിൽ കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നായി 50–ഓളം പേർ ശില്പശാലയിൽ പങ്കെടുത്തു.

▶▶ **എം.ടെക് ക്ലാസ്സുകൾ ആരംഭിച്ചു :** ആഗസ്റ്റ് 3ന്, ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ 4–ാമത് എം.ടെക് ബാച്ചിന്റെ വിദ്യാരംഭച്ചടങ്ങുകളുടെ ഉദ്ഘാടനം കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ നിർവ്വഹിച്ചു. പ്രിൻസിപ്പൽ ഡോ.കെ.കെ. ബാബു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അഡ്മിനിട്രേറ്റേഴ്സ് തോമസ് മാത്യു, ബോബി പീറ്റർ, പ്രൊഫ. രത്നൻ പി., പ്രൊഫ. രാജപ്പൻ പിള്ള എന്നിവർ പ്രസംഗിച്ചു.

▶▶ **റാസ്ബറി Pi സിസ്റ്റം ഡിസൈൻ & ഡവലപ്മെന്റ് വർക്ക്ഷോപ്പ് :** കോളേജിലെ IEEE സ്റ്റുഡന്റ്സ് ചാപ്ടറിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി ആഗസ്റ്റ് 7, 8 തിയ്യതികളിൽ റാസ്ബറി Pi സിസ്റ്റം ഡിസൈൻ & ഡവലപ്മെന്റ് എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

▶▶ **കമ്പ്യൂട്ടിംഗ് & ഐ.ടി. ഇന്നോവേഷൻ അവാർഡ് ജ്യോതിയ്ക്ക്** : കാലിക്കറ്റ് യൂണിവേഴ്സിറ്റി ഏർപ്പെടുത്തിയ കമ്പ്യൂട്ടിംഗ് & ഐ.ടി. ഇന്നോവേഷൻ അവാർഡ് 2015ന് ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ 3 ടീമുകൾ അർഹരായി. ടീം 1 :സാൻജോ സൈമൺ, റിജോയ്സ് വിൽസൺ, തസ്വിയ ഹറൂൺ (S7, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്), ടീം 2: മഞ്ചു ബി മേനോൻ,ആൻമോൾ ടോണി, ലിയോ ജാൻകോ (S7, ഇൻഫോർമെഷൻ ടെക്നോളജി), ടീം 3: അരുൺ റപ്പായി, ലീനറ്റ് ചാക്കോ, ആൽവിൻ വിൻസെന്റ്, ലിയ പുളിക്കൻ (S7, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്). കമ്പ്യൂട്ടർ–ഐ.ടി. രംഗത്തെ നൂതനാശയങ്ങൾക്കാണ് യൂണിവേഴ്സിറ്റി അതിനു കീഴിലുള്ള കോളേജുകളിൽ നിന്ന് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് അവാർഡ് നല്കുന്നത്.

▶▶ **സദ്ഗുണ അവാർഡ് 2015** : കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലെ മികച്ച വിദ്യാർത്ഥിക്ക് നല്കുന്ന സദ്ഗുണ അവാർഡിന് ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ഗിൽറ്റ ബാബു (അവസാന വർഷ

ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻസ് എഞ്ചിനീയറിംഗ് വിദ്യാർത്ഥിനി) അർഹയായി.

- **സ്വച്ഛ് കാമ്പസ് അവാർഡ്** : കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിൽ നിന്ന് ഏറ്റവും നല്ല രണ്ട് സ്വച്ഛ് കാമ്പസ്സുകളിൽ ഒന്നായി ജ്യോതിയെ തെരഞ്ഞെടുത്തു.

- **അലുമിനി മീറ്റ്** : കോളേജിലെ പൂർവ്വവിദ്യാർത്ഥികളുടെ വാർഷിക യോഗം ആഗസ്റ്റ് 8ന് നടന്നു. ഫാ. ജോസ് പുന്നോലിപ്പറമ്പിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ പൂർവ്വവിദ്യാർത്ഥികളും അധ്യാപകരുമടക്കം നിരവധി പേർ പങ്കെടുത്തു. മുൻപ്രിൻസിപ്പൽ ഡോ. യു. ലാസർ ജോൺ, മുൻപ്ലെയ്സ്മെന്റ് ഓഫീസർ പ്രൊഫ. നടരാജൻ എന്നിവർ പങ്കെടുത്ത ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു അദ്ധ്യക്ഷത വഹിച്ചു. കലാപരിപാടികളും ഫുട്ബോൾ മത്സരവും സ്നേഹവിരുന്നും സമ്മാനദാനവും ഉണ്ടായിരുന്നു.

ഫാ. റോയ് ജോസഫ് വടക്കൻ
പി. ആർ. ഒ.

ഫാ. ജോസ് പുന്നോലിപ്പറമ്പിൽ
എക്സിക്യൂട്ടീവ് മാനേജർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

**സാമൂഹ്യ ക്ഷേമ സമിതി – ഫെറോന തല സെമിനാർ**

അതിരൂപതയിലെ എല്ലാ ഇടവകകളിലും സാമൂഹ്യ ക്ഷേമ സമിതികൾ രൂപീകരിച്ച് സാമൂഹ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക, കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ ഫൊറോന തല സെമിനാർ നടത്തുകയുണ്ടായി. അഭിവന്ദ്യ പിതാവ് മാർ ആൻഡ്രൂസ് താഴത്ത് , വികാരി ജനറൽ മോൺ. ജോർജ്ജ് കോമ്പാറ എന്നിവർ നേതൃത്വം വഹിച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെകുറിച്ച് ഡോ. പീറ്റർ എം. രാജ് ( അസോ. പ്രൊഫസർ, കില), ഇടവകകളെ കുറിച്ചുള്ള ശാസ്ത്രീയ പഠന റിപ്പാർട്ട് റവ. ഡോ. ഇ. ജെ തോമസ്, റവ. ഡോ. ടോണി നീലങ്കാവിൽ എന്നിവർ വിശുദ്ധീകരിച്ചു. ഓരോ ഇടവകയിൽ നിന്നും വികാരി, അസി. വികാരിമാർ, മഠം/ ആശ്രമ സുപ്പീരിയേഴ്സ്, കൈക്കാരൻമാർ, സാമൂഹ്യക്ഷേമ സമിതി കൺവീനർ, കുംടുംബ കൂട്ടായ്മ കേന്ദ്രസമിതി കൺവീനർ, എന്നീ പ്രതിനിധികളാണ് സെമിനാറിൽ പങ്കെടുത്തത്. സാന്ത്വനം ഡയറക്ടർ, സ്റ്റാഫ് അംഗങ്ങൾ , ഫൊറോന പ്രൊമോട്ടർമാർ, ഫൊറോന വികാരിമാർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി

**സ്കൂൾ സന്ദർശനവും മോണിറ്ററിംഗും നടത്തിവരുന്നു.**

നിർദ്ധന കുടുംബങ്ങളിലെ കുട്ടികളുടെ പഠന സഹായത്തിനായുള്ള ജെസ്പ്–2 പദ്ധതിയിലെ കുട്ടികളുടെ പഠന നിലവാരം വിലയിരുത്തുന്നതിന്റെ ഭാഗമായി കോഡിനേറ്റർ സോണിയ സാമിന്റെ നേതൃത്വത്തിൽ എല്ലാ കുട്ടികളുടെയും സ്കൂൾ സന്ദർശിക്കുകയും മോണിറ്ററിംഗ് നടത്തി വരികയും ചെയ്യുന്നു. ഇതിനോടകം സെന്റ് അഗസ്റ്റ്യൻ എച്ച് എസ് എസ് സ്കൂൾ കുട്ടനെല്ലൂർ, സെന്റ് മേരീസ് എച്ച് എസ് ഒല്ലൂർ, എം ആർ എം എച്ച് എസ് ചാവക്കാട്, എൽ എഫ് ഗേൾസ്  എച്ച് എസ് മമ്മിയൂർ,  എൽ എഫ് എച്ച് എസ് മമ്മിയൂർ, സെന്റ് ആന്റണി എച്ച് എസ് പാലുവായ് എന്നീ സ്കൂളുകളിൽ പോയി കുട്ടികളുടെയും അവരുമായി ബന്ധപ്പെട്ട ടീച്ചേഴ്സുമായി വിവരങ്ങൾ ചോദിച്ചറിയുകയും ചെയ്തു.

**വിവിധ മേഖലകളുടെ അവസ്ഥാപ്രബന്ധം തയ്യാറാക്കുവാൻ തുടക്കം കുറിച്ചു.**

അതിരൂപതയുടെ സമഗ്ര വികസനത്തെകുറിച്ച് ആലോചിക്കുന്നതിനായി സമന്വയ പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിലുള്ള വിദഗ്ദർ പങ്കെടു

ത്തു. വികസന പ്രവർത്തനത്തിനായി പരിസ്ഥിതി, കാർഷികം, ലിംഗസമത്വം, ആരോഗ്യം, സദ്ഭരണം എന്നീ മേഖലകളിലെ വിദഗ്ദർ അതാതു മേഖലകളുടെ ഇപ്പോഴത്തെ അവസ്ഥാപ്രബന്ധം തയ്യാറാക്കുന്നതിനു തീരുമാനിക്കുകയും അതിന്റെ രുപഘടന വിശദീകരിക്കുകയും ചെയ്തു. അടുത്ത ത്രൈമാസ യോഗത്തിനുമുമ്പ് അവസ്ഥാപ്രബന്ധം തയ്യാറാക്കുവാൻ തീരുമാനിച്ചു. യോഗം കാരിത്താസ് ഇന്ത്യ റീജണൽ ഓഫീസർ കെ എ സെബാസ്റ്റ്യൻ നയിച്ചു. സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ.തോമസ് പൂപ്പാടി അദ്ധ്യക്ഷത വഹിച്ചു. കോഡിനേറ്റർ സോണിയ സാം പരിപാടികൾക്ക് നേതൃത്വം നൽകി.

**ട്രെനിംഗിൽ പങ്കെടുത്തു.**

Reporting and Communication Skill എന്ന വിഷയത്തെ കുറിച്ച് കോർഡിനേറ്റർമാർക്കും ആനിമേറ്റേഴ്സിനും വേണ്ടി ഐശ്വര്യ ഗ്രാമിൽ നടത്തിയ ട്രെനിംഗിൽ കോഡിനേറ്റർ സി.മരിയ റിൻസിയും മൂന്ന് ആനിമേറ്റേഴ്സും പങ്കെടുത്തു. മനോജ് (റീജിയണൽ പ്രോഗ്രാം ഓഫീസർ ഐശ്വര്യ ഗ്രാമം), സി.ആനി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ബോധവത്കരണ ക്ലാസ്സ് നടത്തി.**

FDP ഉപഭോക്താകൾക്കുവേണ്ടി ജൂലായ് 25-ാം തിയതി DBCLC യിൽവച്ച് ആരോഗ്യകരമായ ഭക്ഷണരീതിയെകുറിച്ച് ഒരു ക്ലാസ് നടത്തുകയുണ്ടായി 150-പേർ പങ്കെടുത്ത ഈ ക്ലാസ്സിൽ ജെസ്പ് കോഡിനേറ്റർ സോണിയ സാം വിഷമയമായ ഭക്ഷണ പദാർത്ഥങ്ങളും അവ ശരീരത്തിൽ ഉണ്ടാക്കുന്ന ദോഷ ഫലങ്ങളെകുറിച്ചും വിശദമായി വിവരണം നടത്തി.

FDP മുഖേന സാമ്പത്തിക സഹായം ലഭിച്ച ഇടവകകൾ

| ഇടവക | സംഖ്യ | ഇടവക | സംഖ്യ |
|---|---|---|---|
| മനക്കൊടി- | 6000/- | അരിമ്പൂർ- | 20,000/- |
| അടാട്ട്- | 8,500/- | മുക്കാട്ടുക്കര- | 10.000/- |
| പുല്ലംകണ്ടം- | 18,000/- | ചെങ്ങാല്ലൂർ- | 30,000/- |
| മരത്താക്കര- | 30,000/- | വെട്ടുക്കാട്- | 55,000/- |
| തൃക്കൂർ- | 5,000/- | കൂനമൂച്ചി- | 18,000/- |
| വില്ലടം- | 5,000/- | നെടുപുഴ- | 14,000/- |
| കാച്ചേരി- | 15,000/- | | |

**റീജിയണൽ മീറ്റിംഗ് നടത്തി**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയുടെ ഭാഗമായുള്ള റീജിയണൽ മീറ്റിംഗ്

DBCLC ഹാളിൽ വച്ച് നടത്തുകയുണ്ടായി ആരോഗ്യകരമായ ഭക്ഷണരീതി എന്ന വിഷയത്തെ കുറിച്ച് സമന്വയ കോഡിനേറ്റർ സോണിയ സാം ക്ലാസ്സെടുത്തു. 93 കുടുംബങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

പദ്ധതി മുഖേന സാമ്പത്തിക സഹായം ലഭിച്ച ഇടവകകൾ

| | | | |
|---|---|---|---|
| തൃക്കൂർ- | 10,000/- | തലോർ- | 10,000/- |
| പെരിഞ്ചേരി- | 5,000/- | പൊങ്ങണംകാട്- | 5,000/- |
| അഞ്ചേരി- | 8,000/- | കല്ലൂർ- | 5,000/- |
| ആമ്പക്കാട്- | 8,000/- | നടത്തറ- | 14,000/- |
| കൂനമുച്ചി- | 8,000/- | തങ്ങാലൂർ- | 11,000/- |

**ഫണ്ട് മൊബിലൈസേഷൻ പ്രോഗ്രാം**

ഗോഡ്സ് ഓൺ ഫാമലി പദ്ധതിയിലേക്കുള്ള ഫണ്ട് ശേഖരണാർത്ഥം സെന്റ് ആന്റണീസ് ചർച്ച് ചേർപ്പ്, സെന്റ് മേരീസ് അസംപ്ഷൻ ചർച്ച് അയ്യന്തോൾ എന്നിവിടങ്ങളിൽ ഫണ്ട് മൊബിലൈസിംഗ് പ്രോഗ്രാം നടത്തുകയുണ്ടായി പദ്ധതിയോട് സഹകരിച്ച വികാരിയച്ചൻമാർക്കും, കൈക്കാരൻമാർക്കും,നല്ലവരായ ഇടവകകാർക്കും നന്ദി അറിയിക്കുു.

**ഇതുവരെ ലഭിച്ച സംഭാവന**

| | |
|---|---|
| സെന്റ് ആന്റണീസ് ചർച്ച് ചേർപ്പ് | -1,07,333/- |
| സെന്റ് മേരീസ് അസംപ്ഷൻ ചർച്ച് അയ്യന്തോൾ | -1,28,199/- |

**ബെനഫാക്ടേഴ്സ്**

1. ബെറ്റി ആന്റണി- അയ്യന്തോൾ
2. റൂബി ആന്റണി- അയ്യന്തോൾ
3. ഡോ.ടെസി കെ സി- അയ്യന്തോൾ
4. വിൻസന്റ് സി ജെ- അയ്യന്തോൾ
5. പി കെ സണ്ണി- അയ്യന്തോൾ

**ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.**

'മഴവെള്ളം സംരക്ഷിക്കുക, ജലവിനിയോഗം നിയന്ത്രിക്കുക'എന്ന ലക്ഷ്യവുമായി മഴനിറവ് സെമിനാർ സെന്റ് ജോസഫ് യു പി എസ് കുണ്ടന്നൂർ, ഡിവൈൻ ലവ് എച്ച് എസ് കുണ്ടന്നൂർ, സെന്റ് ക്ലെയേഴ്സ് എച്ച് എസ് എസ് തൃശ്ശൂർ, സെന്റ് തോമസ് ചർച്ച് വില്ലടം എന്നിവിടങ്ങളിൽ നടത്തുകയുണ്ടായി.

## ക്ലബ്ബ് രൂപികരിച്ചു

ചേലക്കര പഞ്ചായത്തിലെ മെതുക് വില്ലേജിൽ പരക്കാട് കേന്ദ്രീകരിച്ച് സ്പെഡ് III പ്രോജക്റ്റും അവിടെയുള്ള യുവജനങ്ങളും കൂടി സഹകരിച്ച് കൊണ്ട് നവോദയ ആട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് രൂപീകരിക്കുകയും സ്പെഡ് III ന്റെ നേതൃത്വത്തിൽ ആവശ്യമായ ഫർണീച്ചറുകൾ, വിനോദോപാധികൾ എന്നിവ ക്ലബ്ബിലെ യുവജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

## PVC പൈപ്പ് വിതരണം ചെയ്തു

സ്പെഡ് III പ്രോജക്റ്റ് മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വീടുകളിൽ ഉണ്ടാകുന്ന മാലിന്യം നല്ല രീതിയിൽ സംസ്കരിക്കുന്നതിനു വേണ്ടി വെങ്ങാനെല്ലൂർ, കുറുമല, കോളത്തൂർ തുടങ്ങിയ വില്ലേജുകളിൽ 100 കുടുംബങ്ങൾക്ക് 200 pvc പൈപ്പുകൾ സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി വിതരണം ചെയ്തു. കോഡിനേറ്റർ ബിനിത രതീഷ്, ആനിമേറ്റർ സുമി കെ എസ് വാറ്റ് മെംമ്പർമാർ എന്നിവർ പരിപാടിക്ക് നേതൃത്വം വഹിച്ചു.

## സ്വയം തൊഴിൽ പരിശീലനം നടത്തി

സ്പെഡ് III പ്രോജക്റ്റിന്റെ ഭാഗമായി ചേലക്കര പ്രദേശത്ത് 3 ദിവസത്തെ ബിഗ്ഷോപ്പർ പരിശീലനം നടത്തി. ദീനാ ശിവരാമൻ (STED ഫാക്കൽറ്റി) പരിശീലനത്തിന് നേതൃത്വം നൽകി. പരിശീലനം വഴി അവിടെയുള്ള വീട്ടമ്മമാർക്ക് ഒരു വരുമാനമാർഗം കണ്ടെത്തുവാനും സാധിച്ചു.

## ജൈവവള കൃഷി ആരംഭിച്ചു

സ്പെഡ് III പ്രോജക്റ്റ് മെതുക് വില്ലേജിൽ ജൈവവള കൃഷിയെ പ്രോത്സാഹിപ്പിക്കുതിനുവേണ്ടി കൃഷിക്ക് ആവശ്യമായ ഉപകരണങ്ങളും ജൈവവളവും വിതരണം ചെയ്തു. 8 ഏക്കറോളം വരുന്ന സ്ഥലത്ത് 13 അംഗങ്ങൾ ചേർന്നാണ് ജൈവ കൃഷി ചെയ്യുന്നത്.

## സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടന്നു.

ജൂലായ്-21ന് പനംകുറ്റിച്ചിറ യൂണിറ്റിലും, ജൂലായ്-26ന് എരനെല്ലൂർ യൂണിറ്റിലും, ജൂലായ്-26 ന് പൊന്നൂക്കര യൂണിറ്റിലും വാർഷിക പൊതുയോഗങ്ങൾ നടന്നു. റവ. ഫാ.ആന്റണി തോട്ടാൻ, റവ.ഫാ.ദാവീദ് വിതയത്തിൽ, റവ.ഫാ.സെബി ചിറ്റാട്ടുകര എന്നിവർ അദ്ധ്യക്ഷത വഹിക്കുകയും, ഡയറക്ടർ ഫാ.തോമസ് പൂപ്പാടി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കോഡിനേറ്റർ ബീന വർഗ്ഗീസ് നേതൃത്വം വഹിച്ചു.

**മോണിറ്ററിങ്ങ് സന്ദർശനങ്ങൾ നടത്തി**

സ്നേഹനിധിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുതിനു വേണ്ടി സാന്ത്വനത്തിൽ നിന്നുള്ള മോണിറ്ററിങ്ങ് ടീം ഫൊറോനകൾ സന്ദർശിച്ചു. കൊട്ടേക്കാട്, പഴുവിൽ, വേലൂർ എന്നീ ഫൊറോനകൾ സന്ദർശിച്ച് ഫൊറോനകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്നേഹനിധി യൂണിറ്റുകളുടെ കണക്കുകൾ പരിശോധിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ശ്രീമതി. പ്രിൻസി റോയ്, കോഡിനേറ്റർ ബീന വർഗ്ഗീസ്, ഫൊറോന ഭാരവാഹികൾ എന്നിവർ സന്ദർശന ടീമിൽ അംഗങ്ങളായിരുന്നു.

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ, സാന്ത്വനം

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## കേരള ലേബർ മൂവ്മെന്റ്

### റിസോഴ്സ് ടീം ക്യാമ്പ്

കേരള ലേബർ മൂവ്മെന്റിന്റെ യൂണിറ്റുകളും, തൊഴിലാളി ഫോറങ്ങളുടെ യൂണിറ്റുകളും ശാക്തീകരിക്കുന്നതിനും, യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ പുതിയ യൂണിറ്റുകൾ രൂപീകരിക്കുന്നതിനും അങ്ങനെ അതിരൂപത മുഴുവാനും അസംഘടിത തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടി കെ.എൽ.എം. ഒരു റിസോഴ്സ് ടീം രൂപീകരിച്ചു.

ഈ റിസോഴ്സ് ടീം അംഗങ്ങൾക്കായി ഒരു ട്രെയിനിംഗ് ക്യാമ്പ് ആഗസ്റ്റ് 1, 2 (ശനി, ഞായർ) ദിവസങ്ങളിൽ വെട്ടുകാട് സ്നേഹാശ്രമഹാളിൽ വെച്ച് നടത്തുകയുണ്ടായി.

കെ.എൽ.എം. അതിരൂപത പ്രസിഡണ്ട് ശ്രീ. എൻ.കെ. രാജു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വെച്ച് ക്യാമ്പിന്റെ ഉദ്ഘാടനം അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ നിർവ്വഹിച്ചു. കെ.എൽ.എം. അതിരൂപത ഡയറക്ടർ ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ ആമുഖപ്രഭാഷണം നടത്തി. തുടർന്ന് ക്യാമ്പിന്റെ വിശദാംശങ്ങളെ കുറിച്ച് ക്യാമ്പ് കൺവീനറും കെ. എൽ.എം. അതിരൂപത ഓർഗനൈസർ കൂടിയായ ശ്രീ. ഇ. പി. ജോസ് ക്യാമ്പംഗങ്ങൾക്ക് വിശദീകരണം നൽകി.

ആദ്യ ക്ലാസ്സിൽ ഇൻഷൂറൻസ് പദ്ധതിയുടെ വിവിധ തലങ്ങളെക്കുറിച്ചും പ്രത്യേകിച്ച് മ്യൂച്ചൽ ഇൻഷൂറൻസിനെകുറിച്ചും ഷിനിൻ എം. സണ്ണി ഏറ്റവും ലളിതമായ ശൈലിയിൽ വിശദീകരിച്ചു.

രണ്ടാം ദിവസം കെ.എൽ.എം. സംഘടന സംവിധാനത്തെ കുറിച്ച് കെ. എൽ.എം. ദേശീയ ഘടകമായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ പ്രസിഡന്റു കൂടിയായ ശ്രീ. ജോസഫ് എം. ജൂഡ് ക്ലാസ്സെടുത്തു.

ഈ ക്യാമ്പിലെ അവസാന ക്ലാസ് നയിച്ചത് കെ.എൽ.എം. മുൻ സംസ്ഥാന കോർഡിനേറ്ററായിരുന്ന അലക്സ് എം. താളൂപ്പാടത്ത് ആയിരുന്നു. തൊഴിലാളി നേതത്വത്തെ കുറിച്ചായിരുന്നു അവസാന സെഷൻ.

ക്യാമ്പിൽ പങ്കെടുത്തവർക്കെല്ലാം വളരെ വിജ്ഞാനപ്രദവും ഉപകാരപ്രദവുമായിരുന്നു എല്ലാ ക്ലാസ്സുകളും.

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ**
ഡയറക്ടർ

**വർഗ്ഗീസ് മച്ചാട്**
ജനറൽ സെക്രട്ടറി

# ഫ്രാൻസിസ്കൻ അത്മായസഭ

**സമാധാനവും സൗഭാഗ്യവും**

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ യോഗം പ്രസിഡണ്ട് പി.ഐ. സൈമൺ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ കാൽവരി ആശ്രമത്തിൽ വെച്ച് 09.08.2015 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 4 മണിക്ക് പ്രവർത്തനങ്ങൾ വിലയിരുത്തി. ഫാ. പോൾ അടമ്പുകുളം, ഫാ. ഫ്രാങ്കോ വടക്കൻ, ഫാ. നിക്സൺ, സി. റോസിലിൻ എന്നിവർ പങ്കെടുത്തു. തോമസ് ഡൊമിനിക് സ്വാഗതവും സെക്രട്ടറി വി.സി. സണ്ണി റിപ്പോർട്ട് അവതരിപ്പിച്ചു. സെപ്തംബർ മാസം റീജിയൺ ഇലക്ഷൻ നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തി. സെപ്തംബർ 14ന് വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ അതിരൂപതാ തലത്തിൽ വിപുലമായ തോതിൽ ഭക്തിപൂർവ്വം നടത്തുവാൻ തീരുമാനിച്ചു. ഇടവക തലത്തിൽ നടക്കുന്ന ലോഗോസ് ക്വിസ് മത്സരത്തിൽ കഴിയുന്നത്ര അംഗങ്ങൾ പങ്കെടുക്കണമെന്ന് നിർദ്ദേശിച്ചു. ഡോ.ജെറി യോഗത്തിന് നന്ദിപറഞ്ഞു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

യേശുവിൽ എളിയ സഹോദരൻ!

**വി.സി. സണ്ണി,**
സെക്രട്ടറി

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**1. ക്വിറ്റ് ലിക്കർ ദിനാചരണം**

1942 ഓഗസ്റ്റ് 8ന് ഇംഗ്ലീഷ്കാർ ഇന്ത്യവിട്ടു പോകുവാൻ കഠിനമായ ഭാഷയിൽ ഗാന്ധിജി ആവശ്യപ്പെട്ട സുദിനമാണ് ക്വിറ്റ് ഇന്ത്യാദിനമായി ആചരിച്ചുവരുന്നത്. അതേ ആവേശത്തോടെ ജനസമൂഹത്തിൽ മദ്യപിശാചിനെ ആട്ടിയോടിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട്, അന്നേ ദിവസം ക്വിറ്റ് ലിക്കർ ഡേ ആയി കെ.സി.ബി. സി. മദ്യവിരുദ്ധ സമിതി ഏതാനും വർഷങ്ങളായി ആചരിക്കുന്നു. ഇത്തവണ ഇതിന്റെ ഭാഗമായി ഓഗസ്റ്റ് 8 ശനി ഉച്ചതിരിഞ്ഞ് കോർപറേഷന്റെ മുന്നിൽ പ്രത്യേക ബോധവൽക്കരണ പരിപാടി നടത്തി. പിന്നോക്ക വിഭാഗ സംസ്ഥാന കമ്മീഷൻ അംഗവും ഇസ്ലാം മത പ്രഭാഷകനുമായ ശ്രീ മുള്ളൂർക്കര മുഹമ്മദാലി ഷക്കാഫിയാണ് സമ്മേളം ഉദ്ഘാടനം ചെയ്തത്. അതിരൂപത പ്രസിഡണ്ട് ശ്രീ. ജോസ് ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടറി ജയിംസ് മുട്ടിക്കൽ, ട്രഷറർ ജോണി ചിറ്റിലപ്പിള്ളി, കൊല്ലം രൂപത പ്രസിഡണ്ട് തോപ്പിൽ വിൻസെന്റ്

എന്നിവർ പ്രസംഗിച്ചു. ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സ്വാഗതവും ജനറൽ സെക്രട്ടറി തോമസ് ചിറമ്മൽ നന്ദിയും പ്രകാശിപ്പിക്കുകയുണ്ടായി. ശ്രീമതി മോനി ലാസർ പ്രാർത്ഥനയും നയിച്ചു. അതേ വേദിയിൽ അന്നു രാവിലെ, മദ്യനിരോധന സമിതി സംഘടിപ്പിച്ച ഒപ്പുശേഖരണ പരിപാടിയിൽ ഡയറക്ടറച്ചും ജയിംസ് മുട്ടിക്കൽ,ആന്റണി പി.എൽ. തുടങ്ങിയവർ സംബന്ധിച്ചിരുന്നു.

**2. യൂണിറ്റ് സംഘാടനം**

കഴിഞ്ഞ ഒരു മാസത്തിനിടയിൽ വെങ്ങിണിശ്ശേരി, വില്ലടം, പുറനാട്ടുകര എന്നിവിടങ്ങളിൽ ഡയറക്ടറച്ചൻ വിശുദ്ധ ബലിയർപ്പിച്ച് മദ്യവിരുദ്ധ സന്ദേശം നൽകി. തുടർന്ന് പുതിയ യൂണിറ്റുകൾ സ്ഥാപിക്കുകയും ഉള്ളവ പുനഃസംഘടിപ്പിക്കുകയും ചെയ്തു. ശ്രീ. ജോസ് ആലപ്പാട്ട്, ശ്രീ. ജെയിംസ് മുട്ടിക്കൽ, ശ്രീ. സി.ഡി. ജോസ് എന്നിവരാണ് യൂണിറ്റ് സംഘാടനത്തിന് സഹകരിച്ചത്. ഇവർക്ക് അകമഴിഞ്ഞ നന്ദി. പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ.

**3. മദ്യവിരുദ്ധ പ്രഭാഷണങ്ങൾ**

കുരിയച്ചിറ സെന്റ് ജോസഫ് പള്ളിയിൽ ഇടവകകാർക്കും തൃശ്ശൂർ സാഹിത്യ അക്കാദമിയിൽ LIC ഓഫീസേഴ്സിനും പോന്നോർ പള്ളി ഹാളിൽ പറപ്പൂർ ഫൊറോനയിലെ വിൻസെൻഷ്യൻ പ്രവർത്തകർക്കും തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ മെഡ്‌ലിക്കോട്ട് ഹാളിൽ ACTSന്റെ കർമ്മസേനാംഗങ്ങൾക്കും വേണ്ടി ഡയറക്ടറച്ചൻ മദ്യവിരുദ്ധ പ്രഭാഷണങ്ങൾ നടത്തി.

**അതിരൂപത എക്സിക്യൂട്ടീവ് യോഗം**

26.07.2015 ഞായറാഴ്ച സംഘടനയുടെ എക്സിക്യൂട്ടീവ് സമ്മേളനം അരങ്ങേറി. ഒക്ടോബർ 2 ലെ വാർഷികാഘോഷ പരിപാടികളുടെ ജനറൽ കൺവീനറായി ശ്രീ. ജോണി ചിറ്റിലപ്പിള്ളിയെ തെരഞ്ഞെടുത്തു. ഫണ്ടു രൂപീകരണത്തിനായി വിതരണം ചെയ്തിട്ടുള്ള കൂപ്പണുകളുടെ കണക്ക് അടുത്ത യോഗത്തിന് വരുമ്പോൾ (30.08.15) നിർബന്ധമായും കൃത്യമായും കൊണ്ടുവരണമെന്ന് ഊന്നി പറഞ്ഞിട്ടുണ്ട്. അടുത്ത വാർഷിക സമ്മേളനത്തിനൊരുക്കമായി സെപ്തംബർ മാസത്തിൽ യൂണിറ്റ്–ഫൊറോന തലങ്ങളിൽ യോഗങ്ങൾ ചേരണമെന്ന് പ്രത്യേകം താൽപ്പര്യപ്പെടുന്നു. കേരളത്തിൽ ആഞ്ഞുവീശുന്ന മദ്യവിരുദ്ധ തരംഗം പ്രയോജനപ്പെടുത്താൻ ഇത് തീർച്ചയായും നമ്മെ സഹായിക്കാതിരിക്കില്ല. സെപ്തംബർ സമ്മേളനങ്ങളുടെ അതിരൂപതാതലത്തിലുള്ള ഉദ്ഘാടനം 06.09.15ന് വലപ്പാട് പള്ളിയിലാണ് സജ്ജമാക്കിയിരിക്കുന്നത്.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**കെ. എൽ. ആന്റണി**
പി. ആർ. ഒ.

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 689–ാമതും കൂരിയായുടെ 702–ാംമതും സമ്മേളനം 2015 ആഗസ്റ്റ് 2ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രസിഡണ്ട് കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പ്രാരംഭപ്രാർത്ഥനയോടും, ജപമാലയോടും കൂടി ആരംഭിച്ചു. പ്രസിഡണ്ട് ജ്ഞാനവായനക്കുശേഷം സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ റിപ്പോർട്ടും ട്രഷർ ബ്ര. എ. ജെ. വിൻസെന്റ് വരവ്–ചിലവ് കണക്കും വായിച്ച് അംഗീകരിച്ചു. വൈസ് പ്രസിഡണ്ട് സി. എൽസി ചുമ്മാർ ഹാജർ വിളിച്ചു. ചേർപ്പ് കൂരിയ, പാപികളുടെ സങ്കേതമായ പ്രസിദീയം പുത്തൻപള്ളി, സെന്റ് അന്നസ്, പടിഞ്ഞാറേക്കോട്ട, പൂങ്കുന്നം പ്രസീദിയങ്ങളിലെ സൈനീകർ ഹാജരുണ്ടായിരുന്നില്ല. ഹാജരായവരെ ബ്ര. പ്രസിഡണ്ട് സ്വാഗതം പറഞ്ഞു. പുതിയ പ്രസീദിയങ്ങളായ പുല്ലഴി, പാലക്കൽ സൈനീകരേയും പ്രത്യേകം സ്വാഗതമാശംസിച്ചു.

പാവറട്ടി കൂരിയ, വടക്കാഞ്ചേരി, വാടാനപ്പിള്ളി പ്രസീദിയങ്ങളിലെ 6 മാസത്തെ റിപ്പോർട്ട് സമർപ്പിച്ചു. സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ.ജോൺ മൂലൻ പ്രഭാഷണം പറഞ്ഞു.

സഭയിൽ വളർച്ചയുടെ കാലഘട്ടത്തെ കൈത്താക്കാലത്തിലൂടെ അനുസ്മരിപ്പിക്കുന്നു. ആത്മീയ വളർച്ചയില്ലാതെ ആന്തരീക വളർച്ച ഉണ്ടായിട്ട് കാര്യമില്ലെന്ന് ഓർമ്മപ്പെടുത്തി. വിശുദ്ധിയിൽ വളരാൻ– കടമയിൽ നിന്ന് മാറി നിൽക്കുന്നതു വിശുദ്ധിയല്ല. ദുശ്ശീലങ്ങളുടെ പാതയിലൂടെ പോകരുതെന്ന് ഫ്രാൻസീസ് പാപ്പയും, അന്തരിച്ച മുൻ രാഷ്ട്രപതി അബ്ദുൾ കലാമിന്റെയും, പഴയ ദുഷ്ചിന്തകൾ മാറ്റി നമ്മുടെ ചുവട് മാറ്റി ചവിട്ടണമെന്ന ആശയങ്ങൾ ആദ്ധ്യാത്മിക നിയന്താവ് വിശദീകരിച്ചു.

തൃശ്ശൂർ കമ്മീസിയത്തിന്റെ കീഴിൽ 10–ാമത് കൂരിയ മരത്താക്കര കേന്ദ്രമാക്കി സെപ്തംബർ 12 ശനിയാഴ്ച അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നതാണെന്ന് പ്രസിഡണ്ട് അറിയിച്ചു. എല്ലാ കൂരിയലെയും പ്രസീദിയങ്ങളിലെയും മരിയ സൈനീകർ രാവിലെ 7.15ന് നടക്കുന്ന വി. കുർബ്ബാനയിൽ പങ്കെടുക്കണമെന്ന് അറിയിച്ചു.

ലീജിയൻ ഓഫ് മേരി സംഘടന 1921 സെപ്തംബർ 7–ാംയാണ് അയർലണ്ടിൽ ആരംഭിച്ചത്. മാതാവിന്റെ ജനനതിരുനാളിനോടനുബന്ധിച്ച് പ്രസീദിയങ്ങളിലും സെപ്തംബർ ആഘോഷം നടത്തി റിപ്പോർട്ട് കൂരിയായിലേക്കും കമ്മീസിയത്തിലേക്കും ഏല്പിക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

ആഗസ്റ്റ് 8 ആരാധന ദിനം : വർഷം തോറം നടത്തിവരാറുള്ള ആരാധന ദിനം അതിരൂപത ഫാമിലി അപ്പസ്തോലിക് സെന്ററിൽ വെച്ച് രാവിലെ 10മണി മുതൽ 4 മണി വരെ നടത്തപ്പെട്ടു. മുഴുവൻ സമയവും സങ്കീർത്തനങ്ങളാൽ ഉരുവിട്ട് പ്രാർത്ഥനയാൽ മുഖരിതമായ അന്തരീക്ഷത്തിൽ അതിരൂപതയിലെ മരിയ സൈനീകർ ആത്മീയ നിവൃതിയലായിരുന്നു. ഉച്ചകഴിഞ്ഞ് 3 മണിക്ക്

ആദ്ധ്യാത്മിക നിയന്താവ് ബഹു. ജോൺ മൂലനച്ചൻ അർപ്പിച്ച ദിവ്യബലിയും വചന സന്ദേശവും സൈനീകർക്ക് പ്രചോദനമേകി 4 മണിക്ക് ആശീർവാദത്തോടെ സമാപിച്ചു.

കമ്മീസിയം മീറ്റിംഗ് അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവാദത്തിനുശേഷം 5 മണിക്ക് സമാപിച്ചു.

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# സി. എൽ. സി.

### കാരിത്ത വിദ്യാഭ്യാസ പദ്ധതി

അതിരൂപത സി. എൽ. സി. യുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ ദത്തെടുത്ത് പഠിപ്പിക്കുന്ന കാരിത്ത വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്നവർ അതിരൂപത സി. എൽ.സി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഓരോ വർഷവും 60 കുട്ടികളെ ദത്തെടുക്കുകയും അവർക്ക് വേണ്ട പഠനോപകരണങ്ങൾ, ഫോർമേഷൻ, യോഗ ക്ലാസ്സുകൾ എന്നിവ ഒരുക്കുകയുമാണ് കാരിത്ത വിദ്യഭ്യാസ പദ്ധതിയെകൊണ്ട് ഉദ്ദേശിക്കുന്നത്.

### മരിയൻ കലോത്സവം

സി.എൽ.സി.പ്രവർത്തകരുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി അതിരൂപത സി.എൽ.സി. കലാമേള സംഘടിപ്പിക്കുന്നു. ഫൊറോന തല മത്സരങ്ങളിൽ വിജയികളായവരാണ് അതിരൂപത തലത്തിൽ മത്സരിക്കേണ്ടതാണ്. ഫൊറോന തല മത്സരങ്ങൾ സെപ്തംബർ മാസങ്ങളിൽ സംഘടിപ്പിച്ച് അതിരൂപത തലത്തിൽ ഒക്ടോബർ 2ന് സെന്റ് തോമസ് കോളേജിൽ വച്ച് സംഘടിപ്പിക്കുന്നു. ഈ വർഷം സാഹിത്യമത്സരങ്ങൾ കൂടി അതിരൂപത തലത്തിൽ സംഘടിപ്പിക്കുന്നു. ഫൊറോന തല കലാമത്സരങ്ങൾ – ലളിതഗാനം, പുത്തൻപാന, മോണോ ആക്ട്, സിംഗിൾസ് ഡാൻസ്, ഗ്രൂപ്പ് ഡാൻസ് സോങ്ങ്, മൈം, മാർഗ്ഗംകളി, തെരുവുനാടകം എന്നിവയും അതിരൂപത സാഹിത്യമത്സരങ്ങൾ പെൻസിൽ ഡ്രോയിംഗ്, കാർട്ടൂൺ, കവിതാരചന, കഥാരചന, ഉപന്യാസം എന്നിവയുമാണ്.

### യൂണിറ്റ് വിസിറ്റ് നടത്തി

എരുമപ്പെട്ടി, നെല്ലിക്കുന്ന്, നടത്തറ, അമലനഗർ, പുതുശ്ശേരി, പല്ലിശ്ശേരി, കൊട്ടേക്കാട്, ഒല്ലൂർ, പഴുവിൽ, വേലൂർ, എന്നീ യൂണിറ്റ് – ഫോറോനകളിൽ അതിരൂപത പ്രൊമോട്ടർ, പ്രസിഡണ്ട് ഭാരവാഹികൾ വിസിറ്റ് നടത്തി.

**പുതിയ യൂണിറ്റ് രൂപീകരിച്ചു.**

പുതുശ്ശേരി, ഈസ്റ്റ് കല്ലൂർ, അമല നഗർ, കണ്ടാണശ്ശേരി, പല്ലിശ്ശേരി, പഴയന്നൂർ, ചൊവ്വൂർ നടത്തറ, വരാക്കര സൗത്ത്, നന്തിപുലം എന്നീ ഇടവകയിൽ സി. എൽ. സി. യൂണിറ്റ് സ്ഥാപിച്ചു.

**ഇഗ്നേഷ്യൻ റിട്രീറ്റ്**

2015 ഒക്ടോബർ 21 ബുധനാഴ്ച ആരംഭിക്കുന്ന ഇഗ്നേഷ്യൻ റിട്രീറ്റ് 25-ാം തിയതി അവസാനിക്കുന്നു. അതിരൂപത-ഫൊറോന ഭാരവാഹിത്വങ്ങളിലേക്ക് വരുവാൻ ആഗ്രഹിക്കുന്ന സി. എൽ.സി. പ്രവർത്തകർ നിർബന്ധമായും ഇഗ്നേഷ്യൻ റിട്രീറ്റ് ധ്യാനത്തിന് പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്ട്രർ ചെയ്യുന്ന 25 പേർക്കാണ് ധ്യാനത്തിൽ പങ്കെടുക്കാൻ അർഹത നൽകുന്നത്. പങ്കെടുക്കുന്ന അതിരൂപത പ്രസിഡണ്ട് ഡിൽജോ തരകൻ 9495721892 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പ്രവർത്തക സമിതിയോഗം ചേർന്നു**

അതിരൂപത സി. എൽ.സി.യുടെ പ്രവർത്തനസമിതിയോഗം ആഗസ്റ്റ് മാസം അതിരൂപത പാസ്റ്റർ സെന്ററിൽ വച്ച് നടന്നു. അതിരൂപത പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്, പ്രസിഡണ്ട് ഡിൽജോ തരകൻ എന്നിവർ നേതൃത്വം നൽകി.

**ഫോർമേഷൻ ക്യാമ്പ്**

തൃശ്ശൂർ അതിരൂപത സി. എൽ. സി., സി. എൽ. സി. പ്രവർത്തകരുടെ നേതൃത്വവും സംഘടനാ പ്രവർത്തനവും വളർത്തുവാൻ ഫോർമേഷൻ ക്യാമ്പ് ഒക്ടോബർ 23, 24, 25 തീയതികളിൽ ആമ്പല്ലൂർ സ്പിരിച്ചൽ ആനിമേഷൻ സെന്ററിൽ വച്ച് സംഘടിപ്പിക്കുന്നു. സി. എൽ. സി.യെക്കുറിച്ചറിയാനും സി. എൽ.സി.യുടെ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഈ ഫോർമേഷൻ ക്യാമ്പിലേക്ക് പങ്കെടുക്കുവാൻ ആഗ്രഹമുള്ളവർ 9847453368 എന്ന നമ്പറിൽ വിളിച്ച് രജിസ്ട്രർ ചെയ്യേണ്ടതാണ്.

എന്ന്

റവ. ഫാ. ജിയോ തെക്കിനിയത്ത് — ബിജിൽ സി. ജോസഫ്
പ്രൊമോട്ടർ — ജന. സെക്രട്ടറി

റവ. ഫാ ആന്റണി മേച്ചേരിപടി
അസി. പ്രൊമോട്ടർ

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിന്റെ മംഗളങ്ങൾ (സെപ്തംബർ 8) എല്ലാ സി.എൻ. ജി.ഐ. അംഗങ്ങൾക്കും പ്രാർത്ഥനയോടെ ആശംസിക്കുന്നു. പരിശുദ്ധ അമ്മയുടെ ശുശ്രൂഷയുടെ ആർദ്രഭാവം നമ്മുടെ പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്നതാകട്ടെ. കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ തൃശ്ശൂർ സോൺ കോഡിനേറ്ററായി നിയമിതനായ തൃശ്ശൂർ അതിരൂപത സി.എൻ.ജി. ഐ. ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ടിന് സി.എൻ.ജി. ഐയുടെ അഭിനന്ദനങ്ങളും , പുതിയ ഉത്തരവാദിത്വം ഏറ്റവും മനോഹരമായി നിർവ്വഹിക്കുവാൻ പ്രാർത്ഥനകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

ദിയാക്കോണിയെ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ഭാഗമായി മണലൂർ, വെങ്ങിണിശ്ശേരി, മണലാടി, നെല്ലിക്കുന്ന് എന്നീ ഇടവകകളിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ കിടപ്പുരോഗികളെ സന്ദർശിച്ച് രോഗീപരിചരണത്തിന് അറിവ് നൽകുകയും പ്രാർത്ഥിക്കുകയും ചികിത്സാസഹായം കൈമാറുകയും ചെയ്തു.

2015ലെ നൈറ്റിംഗേൽസ് മീറ്റ് ജൂബിലി മിഷൻ ഹോസ്പിറ്റലിൽ വെച്ച് നവംബർ 8 ഞായറാഴ്ച നടത്താൻ നിശ്ചയിക്കുകയും പരിപാടികളുടെ സുഖമമായ നടത്തിപ്പിന് ജനറൽ ബോഡിയിൽ കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു. ഈ വർഷത്തെ നഴ്സിങ്ങ് സ്കൂൾ, നഴ്സിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ഫസ്റ്റ് കിട്ടിയ കുട്ടികളുടെ പേരും മാർക്കും, അതുപോലെ തന്നെ ആതുരസേവനരംഗത്ത് 50 വർഷം പൂർത്തിയാക്കിയവരുടെ പേരും എക്സിക്യൂട്ടീവ് അംഗങ്ങളെ അറിയിക്കുമല്ലോ. നൈറ്റിംഗേൽസ് മീറ്റിന്റെ വിജയത്തിനായി ഏവരുടേയും ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു. എല്ലാ സി.എൻ.ജി.ഐ. അംഗങ്ങൾക്കും ഓണാശംസകൾ നേരുന്നു.

| ഡയറക്ടർ | സെക്രട്ടറി |
|---|---|
| **റവ.ഫാ. സിജോ അരിക്കാട്ട്** | **സി. റൊസീന ഡേവീസ് FCC** |

# കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

**വിദ്യാഭ്യാസ സമ്മേളനവും അവാർഡ് ദാനവും**

കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ ഈ അദ്ധ്യയനവർഷത്തെ പ്രവർത്തനങ്ങൾക്ക് ഔപചാരിക തുടക്കമായി. 2015 ജൂലൈ 31–ാം തിയതി വെള്ളി

യാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഹാളിൽ ചേർന്ന യോഗത്തിൽ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. കഴിഞ്ഞ അദ്ധ്യയനവർഷം SSLC, +2 പരീക്ഷകളിൽ 100% വിജയം കൈവരിച്ച നമ്മുടെ അതിരൂപതയിലെ 33 വിദ്യാലയങ്ങൾക്ക് അവാർഡുകൾ വിതരണം ചെയ്തു. യോഗത്തിൽ ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ചെയ്തു. പുതിയ വർഷത്തെ മെമ്പർഷിപ്പ് വിതരണത്തിന്റെ ഉദ്ഘാടനവും തദവസരത്തിൽ നടന്നു. രൂപത ഡയറക്ടർ റവ. ഫാ. ആന്റണി ചെമ്പകശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രൊഫ. കെ.എം. ഫ്രാൻസീസ് മുഖ്യപ്രഭാഷണം നടത്തി. ജോഷി വടക്കൻ, പി.ഡി. വിൻസെന്റ്, പി.ഡി. ആന്റോ, പി. സി. ആനീസ് എന്നിവർ പ്രസംഗിച്ചു.

**മേഖല സമ്മേളനങ്ങൾ**

അതിരൂപതയിലെ 16 ഫൊറോനകളെ 6 മേഖലകളാക്കി തിരിച്ച് ഓരോ മേഖലയിലും അദ്ധ്യാപക സമ്മേളനങ്ങൾ നടത്താൻ തീരുമാനിച്ചു. രാവിലെ 10 മണിക്ക് ആരംഭിച്ച് 1.30ന് ഉച്ചഭക്ഷണത്തോടെ സമ്മേളനം സമാപിക്കും. നമ്മുടെ അതിരൂപതയിലെ വിവിധ വിദ്യാഭ്യാസ ഏജൻസികളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ മുഴുവൻ അദ്ധ്യാപകരും അവരവരുടെ മേഖലകളിലെ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

| **മേഖലകൾ** | **തിയ്യതി** |
|---|---|
| 1. വടക്കാഞ്ചേരി, വേലൂർ, എരുമപ്പെട്ടി, ചേലക്കര | ആഗസ്റ്റ് 14 (വെള്ളി) |
| 2. പഴുവിൽ, കണ്ടശ്ശാംകടവ് | സെപ്തംബർ 21 (തിങ്കൾ) |
| 3. ലൂർദ്ദ്, പട്ടിക്കാട്, പുത്തൂർ | സെപ്തംബർ 24 (വ്യാഴം) |

ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ജോഷി വടക്കൻ** | **പി.ഡി. വിൻസെന്റ്** |
| ഡയറക്ടർ | പ്രസിഡണ്ട് | ജന. സെക്രട്ടറി |

# ആബാ റിന്യൂവൽ സെന്റർ

**സബ്സോൺ (ഫൊറോന) സർവ്വീസ് ടീമുകളുടെ പരിശീലന പരിപാടി**

ജൂലൈ 3-4, ജൂലൈ 17-18, ജൂലൈ 24-25, ജൂലൈ 31- ആഗസ്റ്റ് 1 തിയതികളിലായി അതിരൂപതയിലെ സബ്സോണുകളിലെ സർവ്വീസ് ടീമുകളുടെ പരിശീലന പരിപാടി നടന്നു. ആബാ ധ്യാനകേന്ദ്രത്തിൽ നടത്തിയ പരിശീലനത്തിൽ 150ഓളം പേർ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും ഫോട്ടോ പതിച്ച സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കരിസ്മാറ്റിക് നേതൃത്വത്തിൽ

വിളിയും ദൗത്യവും സമർപ്പണ മനോഭാവം, കരിസ്മാറ്റിക് തനിമ, പ്രാർത്ഥന കൂട്ടായ്മകളുടെ പ്രാധാന്യം തുടങ്ങിയ വിഷയങ്ങളിൽ പഠനങ്ങളും ഗ്രൂപ്പ് ചർച്ച, പാനൽ ചർച്ച, പവർ പോയിന്റ് പ്രസന്റേഷൻ എന്നിവയും ഒരുക്കിയിരുന്നു. ദിവ്യബലി, ദിവ്യകാരുണ്യാരാധന, അഭിഷേക പ്രാർത്ഥന എന്നിവയ്ക്ക് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം കാർമ്മികത്വം വഹിച്ചു. കാഞ്ഞിരപ്പിള്ളി രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റം കോ-ഓർഡിനേറ്റർ സെബാസ്റ്റ്യൻ, തൃശ്ശൂർ സോൺ കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, സെക്രട്ടറി സി. ടി. സെബാസ്റ്റ്യൻ എന്നിവരും സോണൽ സർവ്വീസ് ടീമും നേതൃത്വം നല്കി.

### 2. കെ. എസ്. ടി.യുടെ ധ്യാനകേന്ദ്രങ്ങളിലെ സന്ദർശനം

തൃശ്ശൂർ അതിരൂപതയിലെ 10 ധ്യാനകേന്ദ്രങ്ങളിലും കരിസ്മാറ്റിക് നവീകരണമുന്നേറ്റത്തിന്റെ കേരള സർവ്വീസ് ടീമിന്റെ സന്ദർശന പരിപാടി ജൂലൈ 21ന് നടന്നു. കെ. എസ്. ടി. സെക്രട്ടറി ജാൻസ് സക്കറിയാസ്, അംഗങ്ങളായ റവ. ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ, റവ. സി. ഗ്രെയ്സ് തോമാസ് എന്നിവരോടൊപ്പം സോണൽ കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, സെക്രട്ടറി സി. ടി. സെബാസ്റ്റ്യൻ, സർവ്വീസ് ടീം അംഗം ഷെവ. സണ്ണി തേയ്ക്കാനത്ത് എന്നിവരും പങ്കെടുത്തു. ധ്യാനകേന്ദ്രം ഡയറക്ടർമാരുമായി ആശയവിനിമയം നടത്തുകയും പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

### 3. സബ്സോൺ കൂട്ടായ്മകൾ

*പാലയൂർ* : സബ്സോൺ സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ എല്ലാ മാസവും രണ്ടാമത്തെ ചൊവ്വാഴ്ചകളിൽ ഏകദിന പ്രാർത്ഥനാ ശുശ്രൂഷ പാലയൂർ മാർ തോമാ അതിരൂപത തീർത്ഥ കേന്ദ്രത്തിൽ നടത്തുന്നു. രാവിലെ 9.30 മുതൽ 3.30 വരെ ദിവ്യബലി, ദിവ്യകാരുണ്യാരാധന, ജപമാല, വചനപ്രഘോഷണം എന്നിവ തളിയക്കുളാങ്കണത്തിലെ കപ്പേളയിൽ ഒരുക്കയിട്ടുണ്ട്. ആഗസ്റ്റ് 11 ചൊവ്വാഴ്ച ജറുസലം ധ്യാനകേന്ദ്രം അസി. ഡയറക്ടർ ഡേവീസ് പനക്കൽ സി.എം. ഐ. ശുശ്രൂഷകൾ നയിച്ചു. ഫൊറോന വികാരി റവ. ഫാ. ജോൺ അയ്യങ്കാനയിൽ ഉദ്ഘാടനം ചെയ്തു. സബ്സോൺ ആനിമേറ്റർ റവ. ഫാ. ബെന്നി കിടങ്ങൻ, സബ്സോൺ കോ-ഓർഡിനേറ്റർ സി. കെ. ലാസർ എന്നിവർ നേതൃത്വം നൽകി.

*എരുമപ്പെട്ടി*: സബ്സോണിലെ പ്രാർത്ഥനാകൂട്ടായ്മകളിലെ അംഗങ്ങളുടെ കൂട്ടായ്മ ചൊവ്വന്നൂർ സെന്റ് തോമാസ് ദൈവാലയത്തിലെ ജൂലൈ 26 ഞായർ ഉച്ചകഴിഞ്ഞ് 2 മുതൽ 4.30 വരെ നടത്തി. വികാരി റവ. ഫാ. ബാബു ചേലപ്പാടൻ, സോൺ കോ-ഓഡിനേറ്റർ സാബു എം. വർഗ്ഗീസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സബ്സോൺ കോ-ഓഡിനേറ്റർ ബാബു പി. വി.

പരിപാടികൾക്ക് നേതൃത്വം നൽകി.

*കൊട്ടേക്കാട്*: കുറ്റൂർ സെന്റ് മേരീസ് ദൈവാലയത്തിൽ സബ്സോൺ സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ ഏകദിന കൂട്ടായ്മ ജൂലൈ 18ന് നടത്തി. സോണൽ സെക്രട്ടറി സി. റ്റി. സെബാസ്റ്റ്യൻ, ജോസഫ് മൂത്തേടത്ത് എന്നിവർ വചന പ്രഘോഷണം നടത്തി. റവ. ഫാ. തേജസ് പീടികതുണ്ടയിൽ ദിവ്യബലിക്ക് കാർമ്മികത്വം വഹിച്ചു. റവ. ഫാ. ജോസ് അരഞ്ഞാണി ദിവ്യകാരുണ്യാരധന നയിച്ചു. കോ-ഓഡിനേറ്റർ മേജോ സി. ജേക്കബ് നേതൃത്വം നൽകി.

വടക്കാഞ്ചേരി : സബ്സോണിന്റെ നേതൃത്വത്തിൽ മച്ചാട് ഇടവക ദൈവാലയത്തിൽ ജൂലൈ 11ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ഏകദിന വചന ശുശ്രൂഷ നടത്തി. പ്രാർത്ഥനാ കൂട്ടായ്മകളുടെ പ്രാധാന്യം എന്ന വിഷയം പവർ പോയിന്റ് പ്രസന്റേഷൻ വഴി കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് അവതരിപ്പിച്ചു. ദിവ്യബലി, ദിവ്യകാരുണ്യാരാധന എന്നിവ ഉണ്ടായിരുന്നു. സബ്സോൺ കോ-ഓഡിറ്റർ ജസെൺ കോലഴി നേതൃത്വം നൽകി.

### 4. പരിശീലന പരിപാടികൾ

മിനിസ്ട്രികളുടെ സെൻട്രൽ സർവ്വീസ് ടീമുകൾക്കും അതിരൂപത കരിസ്മാറ്റിക നവീകരണ മുന്നേറ്റത്തിന്റെ പ്രത്യേകാംഗീകാരമുള്ള ടൗൺ കേന്ദ്രീകൃതമായ പ്രാർത്ഥന കൂട്ടായ്മകളുടെ കോർ ടീമംഗങ്ങൾക്കും വേണ്ടിയുള്ള പരിശീലനം സെപ്റ്റംബർ 4-5, സെപ്റ്റംബർ 11-12 തിയതികളിൽ നടത്തുന്നതാണ്.

### 5. ദമ്പതികളുടെ മിനിസ്ട്രി കൂട്ടായ്മ

മിനിസ്ട്രിയുടെ ഏകദിന കൂട്ടായ്മ ജൂലൈ 24ന് രാവിലെ 10 മുതൽ 2 വരെയുള്ള ആബാ ധ്യാനകേന്ദ്രത്തിൽ നടന്നു. ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം, കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് എന്നിവർ ക്ലാസ്സെടുത്തു. മിനിസ്ട്രി കോ-ഓർഡിനേറ്റർ ജെയിംസ് കുരിയച്ചിറ നേതൃത്വം നൽകി.

### 6. പാരീഷ് മിനിസ്ട്രി

മിനിസ്ട്രിയുടെ ഏകദിന കൂട്ടായ്മ ആഗസ്റ്റ് 3 തിങ്കളാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ആബാ ധ്യാനകേന്ദ്രത്തിൽ നടന്നു. റവ. ഫാ. കുരിയൻ പുരമഠത്തിൽ "ശുശ്രൂഷകരുടെ മനോഭാവം" എന്ന വിഷയത്തെ അധികരിച്ച് ക്ലാസ്സെടുത്തു. തുടർന്ന് ഗ്രൂപ്പ് ചർച്ച, ദിവ്യബലി എന്നിവയുണ്ടായിരുന്നു. സോണൽ കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, മിനിസ്ട്രി കോ-ഓർഡിനേറ്റർ റോയ് വടക്കൻ എന്നിവർ നേതൃത്വം നൽകി.

| | | |
|---|---|---|
| **ഫാ. ഷാജൻ തേർമഠം** | **സി.ടി. സെബാസ്റ്റ്യൻ** | **സാബു എം. വർഗ്ഗീസ്** |
| ഡയറക്ടർ | സെക്രട്ടറി | കോ- ഓർഡിനേറ്റർ |

# കെ. സി. എസ്. എൽ.

**1. ശില്പശാലകൾ**

കെ.സി. എസ്. എൽ അതിരൂപത ശില്പശാലകൾ സമാപിച്ചു. ആഗസ്റ്റ് 8ന് സെന്റ് തോമസ് കോളേജ് എച്ച്. എസ്. എസ്-ൽ വെച്ച് വിവിധ വേദികളിലായി മൂന്നൂറ്റി അൻപതിൽപരം കെ.സി.എസ്. എൽ. അംഗങ്ങൾ പങ്കെടുത്തു. സാഹിത്യം, ഡിജിറ്റൽ പെയിന്റിംഗ്, സംഗീതം, സ്റ്റഡി സർക്കിൾ എന്നി വിഷയങ്ങളിൽ വിദഗ്ധർ ക്ലാസ്സെടുത്തു.

**2. ചാരിറ്റി കൂപ്പൺ**

കൂപ്പൺ കളക്ഷ്ൻ അതിരൂപതയിൽ ഏല്പിക്കേണ്ടത് സെപ്തംബർ 4 ന് വെള്ളിയാഴ്ചയാണ്. പാസ്റ്ററൽ സെന്ററിലെ കെ. സി.എസ്. എൽ. ഓഫീസിൽ ഉച്ചയ്ക്ക് 2 മണി മുതൽ പണം സ്വീകരിക്കുന്നതാണ്.

**3. ട്രോഫികൾ & എൻട്രി ഫോമുകൾ**

കലോത്സവ-സാഹിത്യോത്സവ ട്രോഫികളും എൻട്രിഫോമുകളും ഇനിയും തിരിച്ചേൽപ്പിക്കാത്തവർ അവ അജിത്പോൾ മാസ്റ്ററെ (തൃശ്ശൂർ തോപ്പ് ഹയർ സെക്കണ്ടറി) എത്രയും വേഗം ഏല്പിക്കണം.

**4. സാഹിത്യോത്സവം & കലോത്സവം**

ചില സാങ്കേതിക കാരണങ്ങളാൽ അതിരൂപത സാഹിത്യോത്സവം ഒക്ടോബർ 10 ശനിയാഴ്ചയിലേക്ക് മാറ്റുന്നു. ആനിമേറ്റർമാർ ഒരറിയിപ്പായി ഇത് സ്വീകരിക്കണം.

സാഹിത്യോത്സവത്തിലെ ബൈബിൾ വാക്യം, സ്കോളർഷിപ്പ് മത്സരങ്ങൾക്ക് രണ്ട് പേരടങ്ങുന്ന ടീം ആയാണ് മത്സരിക്കേണ്ടതെന്ന് ആനിമേറ്റർമാർ ശ്രദ്ധിയ്ക്കുമല്ലോ.

അതിരൂപത കലോത്സവം മുൻനിശ്ചയപ്രകാരം ഒക്ടോബർ 17ന് ശനിയാഴ്ച തന്നെ നടത്തപ്പെടുന്നതാണ്.

**5. സംസ്ഥാന ശതാബ്ദി**

കെ.സി. എസ്.എൽ. സംസ്ഥാന ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച റാലിയും ജൂബിലി മഹാസംഗമവും ഒക്ടോബർ രണ്ടിന് കൊച്ചി മറൈൻ ഡ്രൈവിൽ വെച്ച് നടക്കും. അതിനു വേണ്ട സജ്ജീകരണങ്ങൾക്ക് ഓർഗനൈസറുമായി ബന്ധപ്പെടുക.

| **ഡോ. ജോൺ റാഫേൽ** | **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ജിജു ആന്റണി** |
|---|---|---|
| പ്രസിഡണ്ട് | ഡയറക്ടർ | ഓർഗനൈസർ |

# കെ.സി. വൈ.എം.

### തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. ഫിദേലിയ 2015 യൂത്ത് ലീഡേഴ്സ് മീറ്റ് നടത്തി

തൃശ്ശൂർഅതിരൂപത കെ.സി. വൈ.എം. ആഭിമുഖ്യത്തിൽ യൂത്ത് ലീഡേഴ്സ് മീറ്റ് നടത്തി. ഫിദേലിയ 2015 അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പിതാവിന്റെ ദിവ്യബലിയോടെ ആരംഭിച്ചു. കെ. സി.വൈ.എം. വൈസ് പ്രസിഡണ്ട് കരോളി ജോഷയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രതിനിധി സമ്മേളനം സംസ്ഥാന കെ.സി.വൈ.എം. ജനറൽ സെക്രട്ടറി ശ്രീ. സിജോ അമ്പാട്ട് ഉദ്ഘാടനം ചെയ്തു. ശ്രീ. റോണി അഗസ്റ്റിൻ സ്വാഗതവും ശ്രീ. സിന്റോ പുതുക്കാട് നന്ദിയും രേഖപ്പെടുത്തി.

തുടർന്ന് പ്രവാചക യുവത്വവും സമർപ്പിത ചൈതന്യവും എന്ന വിഷയത്തെകുറിച്ചുള്ള ക്ലാസ്സിന് ശ്രീ. എഡിസൺ ഫ്രാൻസ് നേതൃത്വം നൽകി

അതിരൂപത കെ.സി.വൈ.എം. പ്രസിഡണ്ട് ജോസ് മോൻ കെ. ഫ്രാൻസിസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവ്വഹിച്ചു.ബഹു. കേരള സാംസ്കാരിക വകുപ്പ് മന്ത്രി കെ.സി. ജോസഫ് മുഖ്യാതിഥിയായി യോഗത്തിൽ വൃക്ഷതൈ നൽകികൊണ്ട് ഹരിത തരംഗം 2015 ഉദ്ഘാടനം ചെയ്തു. ബി. സി. സി.ഐ. വൈസ് പ്രസിഡണ്ട് ശ്രീ. ടി. സി. മാത്യുവിന് പുരസ്കാര- സമർപ്പണം നടത്തുകയും, ആമുഖ പ്രഭാഷണം അതിരൂപത കെ. സി.വൈ.എം. ഡയറക്ടർ റവ. ഫാ. ജിയോ കടവി നടത്തുകയും വർക്കിംഗ് ചെയർമാൻ ഫാ. ജോയ് അടമ്പുകുളം അനുഗ്രഹപ്രഭാഷണം നടത്തുകയും, കെ. സി. വൈ.എം. അസി. ഡയറക്ടർ ഫാ. ജിന്റോ പെരേപ്പാടൻ, സി. ടീന മരിയ, കെ.സി.വൈ.എം. ജനറൽ സെക്രട്ടറി ജെസ്റ്റിൻ ജോസ് നടയ്ക്കലാൻ ജനറൽ കൺവീനർ ജോഫിൻ ജോൺ കൊളങ്ങര, റവ. ഫാ. വാൾട്ടർ തേലപ്പിള്ളി, സി. ജോസഫൈൻ എസ്.എ.ബി.എസ്., അഡ്വ. ബിജു കുണ്ടുകുളം, കെ.എം. ഫ്രാൻസീസ്, അനൂപ് പുന്നപ്പുഴ, ആന്റോ തൊറയൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

സമർപ്പിത വർഷത്തിൽ സമർപ്പിതരെ ആദരിച്ചു. ഓരോ സന്യാസ സമൂഹത്തിലേയും പ്രതിനിധികളെ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷതൈ നൽകി ആദരിച്ചു.

യുവജനറാലി അതിരൂപത അസി.ഡയറക്ടർ ഫാ. ജിന്റോ പെരേപ്പാടൻ ജനറൽ സെക്രട്ടറി ജെസ്റ്റിൻ ജോസിന് പതാക നൽകി ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ ഡോളേഴ്സ് ഫൊറോന പ്രസിഡണ്ട് ബിജോ തട്ടിൽ സ്വാഗതവും സെന്റ് ആൻസ് ഇടവക വികാരി ഫാ. ജോഷി

ആളൂർ ഉദ്ഘാടനവും ഡോളേഴ്സ് ഫൊറോന സെക്രട്ടറി വിജോ കിഴക്കൂടൻ നന്ദി പ്രകാശിപ്പിച്ചു.

തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം.ന്റെ അതിരൂപത തല ജനറൽ ബോഡി യോഗം ജൂലൈ 19-ാം തിയതി ഞായറാഴ്ച 2 മണിക്ക് പാസ്റ്ററൽ സെന്ററിൽ വെച്ച് പ്രസിഡണ്ട് ജോസ്മോൻ കെ. ഫ്രാൻസീസിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. അതിരൂപത ഡയറക്ടർ ഫാ. ജിയോ കടവി, അസി. ഡയറക്ടർ ഫാ. ജിന്റോ പെരേപ്പാടൻ, ആനിമേറ്റർ സി. ടിന മരിയ എന്നിവർ സന്നിഹിതരായിരുന്നു. 110 പേർ പങ്കെടുത്ത യോഗം, സി. ടിന മരിയയുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. വൈസ് പ്രസിഡണ്ട് റോണി അഗസ്റ്റിൻ സ്വാഗതവും ആശംസിക്കുകയും ജനറൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. മീറ്റിംഗിൽ നിലവിൽ ഉണ്ടായിരുന്ന കെ.സി.വൈ.എം. അതിരൂപത ജോ. സെക്രട്ടറിക്ക് (വനിത) തുടർന്ന് പ്രവർത്തിക്കുവാൻ സാധിക്കാത്തതിനാൽ പുതിയ ജോ.സെക്രട്ടറിയായി അയ്യന്തോൾ ഇടവക യൂത്ത് കൗൺസിലർ മാഫി ഡെൽസനെ തിരഞ്ഞെടുത്തു. യൂണിറ്റുകളുടെ കണക്കുകളും റിപ്പോർട്ടുകളും സുതാര്യമാക്കുന്നതിനുവേണ്ടി പുതിയ ഒരു റിപ്പോർട്ട് ഫോം വിതരണം ചെയ്തു. ഇതിൽ ഡയറക്ടർ ഒപ്പുവെച്ച് യൂണിറ്റിൽ സൂക്ഷിക്കേണ്ടതാണ്.

**റവ. ജിയോ കടവി**
**ഡയറക്ടർ**

**ജോസ്മോൻ കെ. ഫ്രാൻസീസ്**
**പ്രസിഡണ്ട്**

**ജെസ്റ്റിൻ ജോസ് നടയ്ക്കാൻ**
**സെക്രട്ടറി**

# ഭക്തസംഘടന ഏകോപന സമിതി

**അതിരൂപത നേതൃത്വപരിശീലന ക്യാമ്പ്**

തൃശ്ശൂർ: അതിരൂപത ഭക്തസംഘടന ഏകോപന സമിതി സംഘടിപ്പിച്ച നേതൃത്വ പരിശീലന ക്യാമ്പ് ആർച്ച്ബിഷപ്പ് ഹൗസിൽ നടന്നു. അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്തു. അല്മായരുടെ ശബ്ദമാണ് സഭയിലൂടെ സമൂഹത്തിലെത്തുന്നത്. എന്നും ജാഗരൂകരായി പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നതായി അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

അതിരൂപത ചാൻസലർ റവ.അഡ്വ. മാത്യു കുറ്റിക്കോട്ടായിൽ അദ്ധ്യക്ഷനായി. വൈസ് ചാൻസലർ ഫാ. ജിയോ കടവി, ഏകോപന സമിതി സെക്രട്ടറി എ.ഡി. ഷാജു, പ്രേമ മൈക്കിൾ, ജോസ്മോൻ ഫ്രാൻസീസ്, ഡിൽഡോ തരകൻ എന്നിവർ പ്രസംഗിച്ചു.

ഫ്രാൻസീസ് മാർപാപ്പയുടെ 'അങ്ങേയ്ക്കു സ്തുതി', നേതൃപാടവം എന്നീ വിഷയങ്ങളിൽ യഥാക്രമം കെ.എം. ഫ്രാൻസീസ്, ഫാ. രാജു അക്കര എന്നിവർ ക്ലാസ്സുകൾ നയിച്ചു.

ഫോട്ടോ : തൃശ്ശൂർ അതിരൂപത നേതൃത്വപരിശീലന ക്യാമ്പ് വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്യുന്നു.

**ജോർജ്ജ് ചിറമ്മൽ**

# ചിൽഡ്രൻസ് മിനിസ്ട്രി
**0487-2325336, 9947582522**

### 1. തിരുബാലസഖ്യം

ആഗോള സഭ കരുണയുടെ ജൂബിലിവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ വർഷത്തിൽ, തൃശ്ശൂർ അതിരൂപത പ്രബോധന വിഷയമായി നിശ്ചയിച്ചിരിക്കുന്നത് ഈ രേഖയാണ് (Misericordiae Vultus കരുണയുടെ മുഖം). കരുണയുടെ ജൂബിലി വർഷം കൊണ്ട് ലക്ഷ്യമിടുന്നത് ദൈവ പിതാവിന്റെ കരുണയുടെ കൂടുതൽ ഫലപ്രദമായ അടയാളങ്ങളായി നമ്മൾ ഓരോരുത്തരും മാറുകയെന്നതാണ്. ഈ ലക്ഷ്യത്തോടുകൂടിയാണ് ഈ അർദ്ധദിന സെമിനാർ ഒരുക്കിയിരിക്കുന്നത്.

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ DBCLC യിൽ വെച്ച് സെപ്തംബർ 26 – ന് ശനിയാഴ്ച ഉച്ചതിരിഞ്ഞ് 1.30 മുതൽ 4.30 വരെ തിരുബാലസഖ്യ ആനിമേറ്റേഴ്സിനും, ഭാരവാഹികൾക്കുമായി ഈ അർദ്ധദിന സെമിനാർ നടത്തപ്പെടുന്നു.

എല്ലാ തിരുബാലസഖ്യ ആനിമേറ്റേഴ്സും, ഭാരവാഹികളും ഈ അർദ്ധദിന സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. സെപ്തംബർ 5– ന് മുമ്പായി പങ്കെടുക്കുന്നവരുടെ എണ്ണം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. (ഫോ: 0487 2325336,9947582522,8547250833 )

### 2. കലാമത്സരങ്ങൾ 2015 – 2016

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഒക്ടോബർ 2,3 തീയ്യതികളിലായി ഫൊറോന തലത്തിൽ തിരുബാലസഖ്യ കലാമത്സരങ്ങൾ സംഘടിപ്പിച്ചിരിക്കുന്നു. മത്സരങ്ങളുടെ

പൊതുനിർദ്ദേശങ്ങളും എൻട്രി ഫോമും ലഭിക്കാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് വാങ്ങിക്കേണ്ടതാണ്. സമയം രാവിലെ 9. 00 മണി മുതൽ വൈകിട്ട് 5. 00 മണിവരെയാണ്. എൻട്രി ഫോം പൂരിപ്പിച്ച് സെപ്റ്റംബർ 5 – ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി പ്രമോട്ടറച്ചനെയാണ് ഏൽപ്പിക്കേണ്ടത്. പോസ്റ്റ് വഴി അയയ്ക്കാൻ പാടുള്ളതല്ല.

**3. ജൂനിയർ സി. എൽ. സി**

ആഗോള സഭ കരുണയുടെ ജൂബിലിവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ വർഷത്തിൽ, തൃശ്ശൂർ അതിരൂപത പ്രബോധന വിഷയമായി നിശ്ചയിച്ചിരിക്കുത് ഈ രേഖയാണ് (Misericordiae Vultus കരുണയുടെ മുഖം). കരുണയുടെ ജൂബിലി വർഷം കൊണ്ട് ലക്ഷ്യമിടുന്നത് ദൈവ പിതാവിന്റെ കരുണയുടെ കൂടുതൽ ഫലപ്രദമായ അടയാളങ്ങളായി നമ്മൾ ഓരോരുത്തരും മാറുകയെന്നതാണ്. ഈ ലക്ഷ്യത്തോടുകൂടിയാണ് ഈ അർദ്ധദിന സെമിനാർ ഒരുക്കിയിരിക്കുന്നത്.

സെപ്തംബർ 19 – ന് ശനിയാഴ്ച ഉച്ചതിരിഞ്ഞ് 1.30 മുതൽ 4.30 വരെ ജൂനിയർ സി. എൽ. സി ആനിമേറ്റേഴ്സിനും, ഭാരവാഹികൾക്കുമായി ഈ അർദ്ധദിന സെമിനാർ നടത്തപ്പെടുന്നു.

ജൂനിയർ സി. എൽ. സി, ഭാരവാഹികളും ഈ അർദ്ധദിന സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. സെപ്തംബർ 5– ന് മുമ്പായി പങ്കെടുക്കുന്നവരുടെ എണ്ണം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. (ഫോ: 0487 2325336,9947582522,8547250833 )

**4. കലാമത്സരങ്ങൾ 2015 – 2016**

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഒക്ടോബർ 2,3 തീയ്യതികളിലായി ഫൊറോന തലത്തിൽ ജൂനിയർ സി. എൽ. സി കലാമത്സരങ്ങൾ സംഘടിപ്പിച്ചിരിക്കുന്നു. മത്സരങ്ങളുടെ പൊതുനിർദ്ദേശങ്ങളും എൻട്രി ഫോമും ലഭിക്കാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് വാങ്ങിക്കേണ്ടതാണ്. സമയം രാവിലെ 9. 30 മണി മുതൽ വൈകിട്ട് 5. 00 മണിവരെയാണ്. എൻട്രി ഫോം പൂരിപ്പിച്ച് സെപ്റ്റംബർ 5 – ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി പ്രമോട്ടറച്ചനെയാണ് ഏൽപ്പിക്കേണ്ടത്. പോസ്റ്റ് വഴി അയയ്ക്കാൻ പാടുള്ളതല്ല.

**5. അൾത്താരസംഘം**

ആഗോള സഭ കരുണയുടെ ജൂബിലിവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ വർഷത്തിൽ, തൃശ്ശൂർ അതിരൂപത പ്രബോധന വിഷയമായി നിശ്ചയിച്ചിരിക്കുന്നത് ഈ രേഖയാണ് (Misericordiae Vultus കരുണയുടെ മുഖം). കരുണയുടെ ജൂബിലി വർഷം കൊണ്ട് ലക്ഷ്യമിടുന്നത് ദൈവ പിതാവിന്റെ കരുണയുടെ കൂടുതൽ ഫലപ്രദമായ അടയാളങ്ങളായി നമ്മൾ ഓരോരുത്തരും മാറുകയെന്നതാണ്. ഈ ലക്ഷ്യത്തോടുകൂടിയാണ് ഈ അർദ്ധദിന സെമിനാർ ഒരുക്കിയിരിക്കുന്നത്.

സെപ്തംബർ 12 – ന് ശനിയാഴ്ച ഉച്ചതിരിഞ്ഞ് 1.30 മുതൽ 4.30 വരെ അൾത്താരസംഘ ആനിമേറ്റേഴ്സിനും, ഭാരവാഹികൾക്കുമായി ഈ അർദ്ധദിന സെമിനാർ നടത്തപ്പെടുന്നു.

എല്ലാ അൾത്താരസംഘ ആനിമേറ്റേഴ്സും, ഭാരവാഹികളും ഈ അർദ്ധദിന സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. സെപ്തംബർ 5– ന് മുമ്പായി പങ്കെടുക്കുന്നവരുടെ എണ്ണം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. (ഫോ: 0487 2325336, 9947582522, 8547250833)

**6. കലാമത്സരങ്ങൾ 2015 – 2016**

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഒക്ടോബർ 2,3 തീയ്യതികളിലായി ഫൊറോന തലത്തിൽ അൾത്താരസംഘ കലാമത്സരങ്ങൾ സംഘടിപ്പിച്ചിരിക്കുന്നു. മത്സരങ്ങളുടെ പൊതുനിർദ്ദേശങ്ങളും എൻട്രി ഫോമും ലഭിക്കാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് വാങ്ങിക്കേണ്ടതാണ്. സമയം രാവിലെ 9. 00 മണി മുതൽ വൈകിട്ട് 5. 00 മണിവരെയാണ്. എൻട്രി ഫോം പൂരിപ്പിച്ച് സെപ്റ്റംബർ 5 – ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി പ്രമോട്ടറച്ചനെയാണ് ഏൽപ്പിക്കേണ്ടത്. പോസ്റ്റ് വഴി അയയ്ക്കാൻ പാടുള്ളതല്ല.

**കൊന്തമാസം**

കൊന്തമാസമായ ഒക്ടോബർ 1 – ാം തീയ്യതി മുതൽ 31 –ാം തീയ്യതി വരെ ഓരോ അൾത്താരബാലനും എയ്ഡ്സ് രോഗികൾക്കുവേണ്ടി പ്രത്യേകം ജപമാലചൊല്ലി പ്രാർത്ഥിക്കേണ്ടതാണ്. കൂടാതെ ചെറിയ

ത്യാഗപ്രവർത്തികൾ വഴി സമാഹരിക്കുന്ന തുകയും (Prayer Friend Collection), ക്രിസ്മസ് കാർഡും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നവംബർ 25 – ന് മുമ്പായി എത്തിക്കേണ്ടതാണ്.

**പ്രാർത്ഥിക്കാൻ ...... പ്രവർത്തിക്കാൻ**

**സെപ്റ്റംബർ 2015**

| | |
|---|---|
| തിരുവചനപഠനം | : ഞാൻ വന്നത് നീതിമാൻമാരെ വിളിക്കാനല്ല, പാപികളെ വിളിക്കാനാണ് (മത്തായി 9.13) |
| സുകൃതജപം | : എന്റെ ഹൃദയം അങ്ങയുടെ ഹൃദയംപ്പോലെയാക്കിമാറ്റണമെ. |
| പ്രാർത്ഥനാനിയോഗം | : അവിശ്വാസികളെ സമർപ്പിച്ച് പ്രാർത്ഥിക്കുക |
| പ്രവർത്തനം | : ഹോംവർക്കുകൾ നന്നായി ചെയ്യുക. |

പരിചയപ്പെടുന്ന വിശുദ്ധ : വി. ക്ലാര

കോഡിനേറ്റർ
**സി. മിനി എസ്. എസ്. പി. സി**

ഡയറക്ടർ, ചിൽഡ്രൻസ് മിനിസ്ട്രി
**റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ**





പുതുതായി കൂദാശ ചെയ്ത ചുവന്നമണ്ണ്
സെന്റ് ജോസഫ്സ് ദേവാലയവും അൽത്താരയും

Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.08.2015
**Sept. 2015**

# പുതിയ പിതാക്കന്മാർക്ക്
# അതിരൂപതയുടെ പ്രാർത്ഥനാശംസകൾ



**Mar Antony Prince Panengadan**
Bishop of Adilabad



**Mar Joseph Kodakallil**
Bishop of Satna



**Mar Jose Kalluvelil**
Apostolic Exarchate for
Syro-Malabar faithful in Canada,



Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005